Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 മിഥുനം 1—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജൂൺ 15 | ലക്കം 42



പരിശുദ്ധ കന്യകമറിയത്തിൻെറ വിമലഹൃദയം

(തിരുനാൾ ജൂൺ 19)

# "അദ്ധ്യയനമണ്ഡലം"

[കെ. ഇ. ജോബ് എം. എ. എൽ. ടി.]

അദ്ധ്യയനമണ്ഡലം എന്ന നൂതനപദംമൂലം നിർദ്ദേശിക്കപ്പെടുന്ന ആശയം Study Circle എന്ന ഇംഗ്ലീഷുപദസമുച്ചയത്തിലടങ്ങിയിരിക്കുന്നതു തന്നെയാണ്. ഈ പുതിയ പദം ആ പഴയ ആശയത്തിനു കുറെക്കൂടി ഗാംഭീര്യവും പ്രൗഢിയും കൊടുക്കുന്നുണ്ടെന്നു മാത്രമല്ല, എം. സി. എസ്. എൽ. മുതലായ സംഘടനകളിൽ അതിനു സംസിദ്ധമായിട്ടുള്ള നിശ്ചിതാർത്ഥങ്ങളെക്കാൾ അല്പസ്വല്പം വ്യത്യസ്തവും വ്യാപകവുമായ ഒരർത്ഥംകൂടി ഈ സംജ്ഞ ഉൾക്കൊള്ളുന്നുണ്ട്. ഈ സുന്ദരപദം വിദ്വന്മണിയായ ശ്രീ ഐ. സി. ചാക്കോ അവർകളുടെ ശബ്ദനിർമ്മാണകമ്മട്ടത്തിൽ വാർത്തെടുത്തിട്ടുള്ളതാണെങ്കിൽ, ഈ പുതിയ പദ്ധതിയുടെ ആവിഷ്കരണം തീക്ഷ്ണമതിയായ റവ. ഫാദർ മാത്യു നടയ്ക്കൽ അവർകളുടെ മസ്തിഷ്കത്തിൽ ജന്മമെടുത്തിട്ടുള്ളതും, പുണ്യശ്ലോകനായ ചങ്ങനാശേരി മെത്രാനച്ചൻ തിരുമനസ്സിലെ സംരക്ഷണാനുഗ്രഹങ്ങളാൽ പരിശോഭിതവുമാണ്.

Confraternity of Christian Doctrine അഥവാ ക്രൈസ്തവതത്വപ്രബോധകസംഘടന എന്ന പേരിൽ ഒരു ഭക്തസഖ്യം ഓരോ ഇടവകയിലും സ്ഥാപിച്ചു നടത്തണമെന്ന് കാനൻലോയിൽ വിധിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഭക്തസഖ്യങ്ങൾ കേരളത്തിൽ വല്ലിടത്തും ഇപ്പോൾ നിലവിലിരുപ്പുണ്ടോയെന്നു തീർച്ചയില്ല. ഏതായാലും ഇന്നത്തെ പ്രത്യേക പരിതസ്ഥിതികളിൽ ഇപ്രകാരമുള്ള ഒരു സംഘടനയുടെ ഊർജ്ജിതപ്രവർത്തനം അത്യന്താപേക്ഷിതമായിട്ടുണ്ട്. പഴയകാലങ്ങളിൽ ഓരോ ഇടവകയിലേയും കുട്ടികളെ, ആ ഇടവകയിലെ പട്ടക്കാർ "മൂപ്പത്തിമൂന്നുകൂട്ടം നമസ്കാരവും ചോദ്യവും പ്രാർത്ഥനയും" ഹൃദിസ്ഥമാക്കിക്കുക പതിവായിരുന്നു. അതായിരുന്നു അന്നത്തെ ഒരു കത്തോലിക്കാവിശ്വാസിയുടെ വേദപഠനസർവ്വസ്വവും. അതു കഴിഞ്ഞശേഷം ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും, പട്ടക്കാരൻ വിശുദ്ധ കുർബാനയുടെ ഇടയ്ക്കു നടത്തിവന്നിരുന്ന "പടാത്ത"കൾ മൂലമായിരുന്നു വിശ്വാസികളുടെ വേദകാര്യപരിജ്ഞാനം വികസിച്ചുവന്നിരുന്നതു്. "പടാത്ത" എന്ന പദം "പാഠാർത്ഥം" അഥവാ അതാതുദിവസത്തിൽ വായിക്കുന്ന സുവിശേഷ"പാഠ"ത്തിന്റെ അർത്ഥവിവരണത്തെ ലക്ഷീകരിച്ച്, നമ്മുടെ നാട്ടിൽ നടപ്പിലായിട്ടുള്ളതായിരിക്കണം. ലൗകികവിജ്ഞാനം ഇന്നത്തെ നിലയിൽ പ്രചരിക്കാതിരുന്ന അന്നത്തെ പഴയ ആളുകളെ സംബന്ധിച്ചിടത്തോളം അതു തികച്ചും പര്യാപ്തമായിരുന്നിരിക്കാം. പക്ഷേ ഇന്നത്തെ സ്ഥിതി അതുപോലെയൊന്നുമല്ല. നമ്മുടെ കേരളദേശത്തിൽ ധാരാളം വിദ്യാലയങ്ങളും മഹാവിദ്യാലയങ്ങളും ദിനപത്രങ്ങളും മാസികകളും ഗ്രന്ഥങ്ങളും ആഴ്ചപ്പതിപ്പുകളും സിനിമാശാലകളും റേഡിയോകളും ഉടനീളം വിഷലിപ്തമായ വിജ്ഞാനശകലങ്ങൾ അനുനിമിഷം വിതരണംചെയ്തുകൊണ്ടാണിരിക്കുന്നതു്. ഈ വിഷാണുപ്രസരത്തിൽ മുങ്ങിമയങ്ങിപ്പോകാതിരിക്കണമെങ്കിൽ, നമ്മുടെ യുവജനങ്ങൾക്കു നാം ശക്തിയേറിയ രക്ഷാകവചങ്ങളും, പോഷണമേറിയ ആദ്ധ്യാത്മികഭോജനങ്ങളും നൽകിക്കൊണ്ടിരിക്കണം. നമ്മുടെ യുവജനങ്ങളെ നമ്മിൽനിന്നും വേർതിരിച്ചെടുക്കുന്നതിനുള്ള ശക്തിമത്തായ വശീകരണതന്ത്രങ്ങളാണ് നാം മുൻപു പ്രസ്താവിച്ചിട്ടുള്ള പ്രചരണോപാധികൾ. ഇന്നു നമ്മുടെ യുവജനങ്ങൾ രാത്രികാലങ്ങളിൽ ചലച്ചിത്രശാലകളെ സന്ദർശിക്കുകയും, പുരോഗമനാഭാസഗ്രന്ഥങ്ങളെ വായിക്കുകയും, അനാരോഗ്യകരമായ രാഷ്ട്രീയസദസ്സുകളിൽ ഹാജരാകുകയും ചെയ്യുന്നുണ്ടെങ്കിൽ, ആ വഴിപിഴച്ച പ്രവണതകളെ തടയുന്നതിനു്, പ്രായാധിക്യം പ്രാപിച്ച അവരുടെ കാരണവന്മാരെക്കൊണ്ടു സാധിച്ചുവരുമെന്നു തോന്നുന്നില്ല. പ്രത്യുത യുവജനങ്ങളെ നിയന്ത്രിക്കുവാൻ സാധിക്കുന്ന കാരണവന്മാരുടെ തുക ഇന്നു കേവലം ചുരുക്കമായിരിക്കുമെന്നാണു തോന്നുന്നതു്. ആകയാൽ കേരളീയകത്തോലിക്കാ ജനസമൂഹത്തിന്റെ ഇന്നത്തെ ഒരത്യാവശ്യമാണ്, നമ്മുടെ യുവജനങ്ങളുടെയിടയിൽ, കാലോചിതമായ വിവിധ പരിപാടികളോടുകൂടിയുള്ള ക്രൈസ്തവതത്വപ്രബോധകസംഘടനകൾ സ്ഥാപിച്ചു നടത്തുക എന്നുള്ളതു്. ഇങ്ങനെയുള്ള ഒരു പ്രസ്ഥാനമാണ്, "അദ്ധ്യയനമണ്ഡലം" എന്ന പേരിൽ ഇക്കഴിഞ്ഞ പന്തക്കുസ്താതിരുനാളിൽ ചങ്ങനാശേരി മെത്രാൻ തിരുമേനി ഉൽഘാടനം ചെയ്തതു്.

അദ്ധ്യയനമണ്ഡലപ്രസ്ഥാനം ഒരു കത്തോലിക്കാ സംഘടനയായതുകൊണ്ടു്, അതിന്റെ ഒരു പ്രധാനഭാഗം ഭക്തിപരമായ പ്രാർത്ഥനകളായിരിക്കേണ്ടതാണല്ലോ. ആകയാൽ അദ്ധ്യയനമണ്ഡലപ്രസ്ഥാനത്തിന്റെ ജീവനാഡിയായി സ്വീകരിച്ചിരിക്കുന്നതു് പരിശുദ്ധാരൂപിയോടുള്ള ഭക്തിയാണ്. വേദാദ്ധ്യയനത്തിനുവേണ്ടി യുവജനങ്ങൾ സമ്മേളിക്കുന്ന അവസരങ്ങളിൽ ആദ്യമായി അവർ അനുഷ്ഠിക്കേണ്ട കൃത്യം, "പ്രാർത്ഥനാമഞ്ജരി" എന്നു പേരുള്ള ഒരു ചെറുഗ്രന്ഥത്തിൽനിന്നും ഏതാനും പ്രാർത്ഥനകൾ സംഘംചേർന്നു ഭക്തിപൂർവ്വം ജപിക്കുകയാണ്. ഈ മഞ്ജരിയിൽ സൗരഭ്യമേറിയ ഗാനകുസുമങ്ങളും, ദണ്ഡവിമോചനപ്രാപ്തിയുള്ള ധാരാളം ലഘുജപങ്ങളും, വിശുദ്ധ ലിഖിതങ്ങളിൽനിന്നുമുള്ള അനർഘങ്ങളായ ഉദ്ധരണികളും, സമ്യക്കായ വിധത്തിൽ കോർത്തിണക്കിയിട്ടുണ്ടു്. പരിശുദ്ധാത്മാവിനോടുള്ള ഭക്തിവളർത്തണമെന്നുള്ളതാണ് ഈ മഞ്ജരീപാരായണത്തിന്റെ പ്രധാനലക്ഷ്യമെങ്കിലും, ദൈവത്തിന്റെ ഏകത്വം, ത്രിത്വം, ദൈവമാതൃഭക്തി ഇവയ്ക്കെല്ലാം ഉപോൽബലകങ്ങളായ വാക്യങ്ങൾ ഈ ചെറുഗ്രന്ഥത്തിലുണ്ടു്.

പ്രാർത്ഥനാപാരായണംകൊണ്ടാരംഭിക്കുന്ന അദ്ധ്യയനമണ്ഡലയോഗത്തിലെ ദ്വിതീയപരിപാടി വേദാദ്ധ്യയനമാണ്. ഓരോ ഇടവകയിലും, പതിനാറുവയസ്സിനുമേലുള്ള യുവജനങ്ങൾക്കു് ഇതിലെ അംഗങ്ങളാകാം. നല്ല മനസ്സും സമ്മതവുമുള്ളവരെ മാത്രമേ അംഗങ്ങളായി ചേർക്കുകയുള്ളുവെന്നു നിർബന്ധമുണ്ടു്. ഈ യുവജനങ്ങളുടെ വേദാദ്ധ്യയനത്തിനു പ്രത്യേകം പാറിയ ഒരു ഗ്രന്ഥാവലി ഏതാനും വിദഗ്ദ്ധന്മാർ ഇപ്പോൾ രചിച്ചുകൊണ്ടിരിക്കുകയാണ്. അദ്ധ്യയനമണ്ഡലത്തിൽ വൈദികനായ ഒരു ഡയറക്ടർ ഉണ്ടായിരിക്കുന്നതിനു പുറമേ, അൽമായക്കാരനായ ഒരു പ്രസിഡൻറും സെക്രട്ടറിയും ഖജാൻജിയും മററു കമ്മിററിയംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. അവരെല്ലാവരുംതന്നെ അഭ്യസ്തവിദ്യരും സ്വഭാവശുദ്ധിയുള്ളവരും ആയിരിക്കണമെന്നാണ് നിർദ്ദേശം. ഡയറക്ടരെ രൂപതാധികാരി നിർദ്ദേശിക്കുന്നതും, പ്രസിഡൻറിനെ ഡയറക്ടർ നിയമിക്കുന്നതുമാണെന്നു അദ്ധ്യയനമണ്ഡല നിയമാവലി അനുശാസിക്കുന്നു.

സാധാരണയോഗങ്ങളിൽ പ്രാർത്ഥനാനന്തരം, വാദപ്രതിവാദരൂപത്തിലുള്ള വേദാദ്ധ്യയനപരിപാടിയാണു സ്വീകരിക്കുന്നതു്. ആദ്യമായി അംഗങ്ങളിലൊരാൾ ഉപപാദനരൂപത്തിൽ ഏതെങ്കിലും ഒരു മതവിഷയത്തെപ്പററി രചിച്ചിട്ടുള്ള ഒരു പ്രബന്ധം വായിക്കണം. അഭിപ്രായഭേദങ്ങൾക്കു വകയുള്ള വിഷയങ്ങളാണ് സാധാരണ ചർച്ചചെയ്യപ്പെടേണ്ടതു്. ഒരു സിദ്ധാന്തം അവതരിപ്പിക്കുന്ന ആൾതന്നെ അതിനെ പലപ്രകാരത്തിലുള്ള തെളിവുകൾകൊണ്ടു സ്ഥാപിക്കുകയും, ആ വിഷയത്തോടു ബന്ധമുള്ള സംഗതികളേയും തത്വങ്ങളേയും വിശദീകരിച്ചുകൊടുക്കുകയും, പ്രധാനപ്പെട്ട എതിർചോദ്യങ്ങളെ മുൻകൂട്ടി കണ്ടു് അവയ്ക്കുള്ള ഉത്തരം നൽകുകയും ചെയ്യേണ്ടതാണ്. പ്രമേയാവതാരകനെ പിൻതാങ്ങി ഒന്നുരണ്ടുപേർ സംസാരിച്ചശേഷം, എതിർചോദ്യങ്ങളും സംശയങ്ങളും ഉന്നയിക്കപ്പെടണം. അവയ്ക്കു ശരിയായ ഉത്തരം പറയുവാനുള്ള കടമ, അവതാരകനാണ് പ്രധാനമായിട്ടുള്ളതെങ്കിലും, മററുള്ള അംഗങ്ങളും അദ്ധ്യക്ഷനും, ഡയറക്ടറും ഈ വിഷയത്തിൽ അയാളെ സഹായിക്കേണ്ടതാണ്. കേവലം വാഗ്വാദത്തിനുവേണ്ടിമാത്രം ഗൗരവംവിട്ടു് അതുമിതും പറഞ്ഞു യോഗങ്ങൾ അലങ്കോലപ്പെടുത്തുവാനുള്ള കുസൃതിപ്രവണതകൾ ഉടനുടൻ തടയാത്തപക്ഷം, നമ്മുടെ ഉദ്ദേശ്യം സഫലമാകുവാൻ പോകുന്നില്ല. ഇതുകൂടാതെ സാധാരണയോഗങ്ങളിൽ ചോദ്യപ്പെട്ടികൾ സ്ഥാപിക്കേണ്ടതും, അംഗങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾ രേഖപ്പെടുത്തി അതിൽ നിക്ഷേപിക്കേണ്ടതും, അവയ്ക്കുള്ള സമാധാനങ്ങൾ അടുത്ത യോഗത്തിൽ, ഡയറക്ടരോ, അദ്ധ്യക്ഷനോ മുൻകൂട്ടി തയാർചെയ്തു വിശദീകരിച്ചുകൊടുക്കേണ്ടതുമാകുന്നു.

മേല്പറഞ്ഞ സാധാരണയോഗങ്ങളെ കൂടാതെ അസാധാരണയോഗങ്ങൾ, വിനോദച്ചടങ്ങുകൾ, ഗ്രന്ഥശാലാസ്ഥാപനം, സോഷ്യൽ, കലാപരിപാടികൾ എന്നിവയും അദ്ധ്യയനമണ്ഡലത്തോടനുബന്ധിച്ച്, അഥവാ, അതിന്റെ ഭാഗമായിത്തന്നെ നടത്താവുന്നതാണ്. നമ്മുടെ ഗ്രാമങ്ങളിലും നാട്ടിൻപുറങ്ങളിലും മതവിരുദ്ധശക്തികൾ, അഹമഹമികയാ നടത്തിക്കൊണ്ടിരിക്കുന്ന ബഹുമുഖാക്രമണങ്ങളോടെതിർക്കുവാൻ, കത്തോലിക്കരായ നാം അവരുപയോഗിക്കുന്ന ആയുധങ്ങൾതന്നെ വിവേകപൂർവ്വം കൈകാര്യം ചെയ്യാതെ ഗത്യന്തരവുമില്ല. കുറെ പ്രയാസപ്പെട്ടെങ്കിലും നാം യഥാകാലം ചെയ്യാനുള്ളതു ചെയ്തില്ലെങ്കിൽ, നമ്മുടെ യുവജനങ്ങളുടെ ഭാവി അനിശ്ചിതമായിരിക്കും; അഥവാ കുരിശുംപിടിച്ചു് നേരെ നടക്കേണ്ടവർ, ചെങ്കൊടിയും പിടിച്ചു്, ഇടതുവശം ചേർന്നു്, ശീഘ്രത്തിൽ ഓടിത്തുടങ്ങുന്ന കാഴ്ച നാം കാണേണ്ടിവരും.

ഒരെണ്ണയും പിടിക്കാത്തവർക്കും നീരിറക്കത്തിനും

**അമൃതതൈലം**

ഉപയോഗിക്കുക.

N. B. എല്ലാ തിങ്കളാഴ്ച ആലപ്പുഴ ബ്രാഞ്ചിലും, ചൊവ്വ വെള്ളി ചാലക്കുടി ബ്രാഞ്ചിലും, ബുധൻ, ശനി ഇരിഞ്ഞാലക്കുട ബ്രാഞ്ചിലും 19-6-55 ഞായറാഴ്ച ഞാറയ്ക്കൽ (ആസ്പത്രിക്കു സമീപം) ബ്രാഞ്ചിലും 2 മണി മുതൽ 6 മണി വരെ കെ. കെ. പാവുണ്ണി വൈദ്യൻ ഉണ്ടായിരിക്കും.

**കാളൻ** ആയുർവ്വേദ ഔഷധശാല നെല്ലായി.

കുടുംബപംക്തി

# വൈവാഹികജീവിതം

XVI

(ഫാദർ ജോൺ മാതേക്കൻ)

### മക്കളുടെ ശിക്ഷണം

സന്താനോല്പാദനം മാത്രമായിരുന്നു വിവാഹത്തിന്റെ ലക്ഷ്യമെങ്കിൽ അതിന്റെ സ്ഥാപനം കേവലം ബുദ്ധിശൂന്യമാകുമായിരുന്നു. എന്നാൽ പ്രജോത്പാദനം മാത്രമല്ല മാതാപിതാക്കന്മാരുടെ കടമ. അതു് പ്രഥമവും പ്രധാനവുമായ ലക്ഷ്യമാണെങ്കിലും തത്തുല്യം പ്രാധാന്യമർഹിക്കുന്ന കടമയാണ് സന്താനങ്ങളെ വളർത്തുന്ന കാര്യവും. ഈ വിഷയം അതർഹിക്കുന്ന ഗൗരവത്തോടെയാണോ വീക്ഷിക്കപ്പെടുന്നതെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഒരുനല്ലഭാഗം മാതാപിതാക്കന്മാർ ഇക്കാര്യത്തിൽ തങ്ങളുടെ കഴിവു ശരിയായി വിനിയോഗിക്കാത്തതുകൊണ്ടു് എത്രയെത്ര കുടുംബങ്ങളാണ് ഇന്നു ലോകത്തിലെ നരകങ്ങളായി രൂപാന്തരപ്പെടുന്നതു്. സന്താനങ്ങളെ വളർത്തുകയെന്നുവച്ചാൽ അവരുടെ ശാരീരികമായ വളർച്ചയ്ക്കുതകുന്നവമാത്രം ചെയ്യുകയെന്നാണ് ചിലർ ധരിച്ചുവച്ചിരിക്കുന്നതു്. അതിന്റെ ഫലമായി കുഞ്ഞുങ്ങളെ തീററിപ്പോററുന്ന കാര്യത്തിൽമാത്രം അവർ ശ്രദ്ധചെലുത്തുന്നു. ഇതുപോലും ചെയ്യാത്ത മാതാപിതാക്കന്മാരും ഇല്ലാതില്ല. ശാരീരികമായ വളർച്ചയിൽ ശ്രദ്ധിക്കുന്നതോടൊപ്പം, അല്ല അതിൽ കൂടുതലായി അവരുടെ ആത്മീയമായ പരിപോഷണത്തിൽ ശ്രദ്ധിക്കേണ്ടതാണ്. കുഞ്ഞുങ്ങളുടെ ശാരീരികമായ വളർച്ചയിൽ മൃഗങ്ങൾപോലും ദത്തശ്രദ്ധരാണല്ലോ. മനുഷ്യരും അതുമാത്രം നിർവ്വഹിച്ചാൽ പിന്നെ മനുഷ്യനും മൃഗവും തമ്മിലെന്താണു വ്യത്യാസം. മനുഷ്യൻ മൃഗത്തെ അപേക്ഷിച്ച് ആത്മാവോടുകൂടിയ ഒരു വ്യത്യസ്തസൃഷ്ടിയല്ലേ. ആ സ്ഥിതിക്കു് ശാരീരികമായ വളർച്ചയ്ക്കു പുറമെ, ആത്മീയമായ വിഷയത്തിലും ശ്രദ്ധ ചെലുത്തി മാതാപിതാക്കന്മാർ മക്കളെ വളർത്തേണ്ടതാണ്. ഇതിനെയാണ്, ശരിയായ ശിക്ഷണം അഥവാ സ്വഭാവരൂപീകരണമെന്നു പറയുന്നതു്.

വിവാഹത്തിൽ പുരുഷനും സ്ത്രീയും തമ്മിൽ അഭേദ്യമായി യോജിപ്പുളവാകുന്നതുപോലെ വിവാഹജീവിതത്തിൽ സന്താനങ്ങളുടെ ജനനത്തിനും നല്ല വളർത്തലിനും അഭേദ്യമായ ഒരു സംയോജ്യതയുണ്ടു്. സന്താനോല്പാദനം ദൈവത്തിന്റെ സൃഷ്ടികർമ്മത്തോടുള്ള സഹകരണമാണെങ്കിൽ ശിശുശിക്ഷണം അവിടുത്തെ പരിപാലനാവിഷയത്തിലുള്ള സഹകരണമാണ്. സന്താനങ്ങൾക്കു നൽകപ്പെടുന്ന നല്ല പരിശീലനമാണ് അവരെ യഥാർത്ഥ മനുഷ്യരാക്കിത്തീർക്കുന്നതു്. വിവാഹത്തെ സംബന്ധിച്ച്, "ഭൂമിയെ നല്ല പൗരന്മാരെക്കൊണ്ടു നിറയ്ക്കുക, സ്വർഗ്ഗത്തിൽ വിശുദ്ധന്മാരെ വർദ്ധിപ്പിക്കുക, ഈ ഉദ്ദേശസാദ്ധ്യത്തിനായി ദൈവം സ്ഥാപിച്ചതാണ് വിവാഹം," എന്നു് വി. ഫ്രാൻസിസ് സാലസ് പറഞ്ഞിട്ടുള്ളതു അർത്ഥവത്താകുന്നതു് സന്താനങ്ങൾക്കു ശരിയായ ശിക്ഷണം കിട്ടുമ്പോൾമാത്രമാണ്. അവക്കതു ലഭിക്കുന്നില്ലെങ്കിൽ അവർ ഭൂമിയിലെ പൗരന്മാർക്കുപകരം ഭൂമിക്കു ഭാരമായിരിക്കും; സ്വർഗ്ഗത്തിലെ വിശുദ്ധന്മാർക്കുപകരം നരകത്തിലെ കീടങ്ങളായിരിക്കും. ശിശുക്കൾ തങ്ങളിൽത്തന്നെ വിശുദ്ധരോ വികൃതികളോ അല്ല. എന്നാൽ വിശുദ്ധരോ വികൃതികളോ ആയിത്തീരാനുള്ള സകല കഴിവുകളും അവരിൽ കുടികൊള്ളുന്നുണ്ടു്. ഈ കഴിവുകൾക്കു നൽകപ്പെടുന്ന ശിക്ഷണമനുസരിച്ചാണ് അവർ വിശുദ്ധരോ വികൃതികളോ ആയിത്തീരുന്നതു്. യാതൊരു പരിശീലനവും ലഭിക്കാതെതന്നെ മനുഷ്യന്റെ മൃഗീയവശം വളർന്നുവരുന്നു. എന്നാൽ ശരിയായ പരിശീലനം കൂടാതെ അവന്റെ ആത്മീയവശം വികസിക്കുകയില്ല. ഒരു പട്ടിക്കുട്ടി പട്ടിക്കൂട്ടത്തിൽനിന്നു മാററപ്പെട്ടാലും അതു പട്ടിയുടെ സ്വഭാവഗുണങ്ങളോടുകൂടിത്തന്നെ വളർന്നുവരും. ഒരു കാക്കക്കുഞ്ഞു് കഴുകനാൽ വളർത്തപ്പെട്ടാലും അതു കാക്കതന്നെയായിരിക്കും. മനുഷ്യൻ വളർത്തുന്ന കടുവ ഒരിക്കലും മനുഷ്യസ്വഭാവം സ്വീകരിക്കുന്നില്ല. എന്നാൽ മൃഗങ്ങളുടെയിടയിൽ വളരുന്ന ഒരു മനുഷ്യശിശു അതിന്റെ ചേഷ്ടകളിലും ജീവിതരീതിയിലും മൃഗത്തെപ്പോലെ ആയിത്തീരുന്നു. ഇതിനു തെളിവാണ് ബംഗാൾ ഗവർണ്ണരായിരുന്ന സർ ബാംപ്ഫീൽഡ് ഫുള്ളർ രചിച്ചിട്ടുള്ള "The Science of ourselves" എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു സംഭവം—രണ്ടുകുട്ടികൾ. അവരെ ഒരു കടുവാ എടുത്തു വളർത്തിക്കൊണ്ടുവരികയായിരുന്നു. അവർ ബാല്യംവിട്ടു് കൗമാരത്തിലേക്കു കടന്നതോടെ കടുവായുടെ ഗുഹയിൽ കടക്കാതെയായി. തന്മൂലം കടുവ അവരെ ഉപേക്ഷിച്ചുകളഞ്ഞു. അങ്ങനെ അവർ വീണ്ടും മനുഷ്യഹസ്തങ്ങളിൽ എത്തിച്ചേർന്നു. അവരെ കാണുകയും അവരോടടുത്തു് പരീക്ഷണം നടത്തുകയുംചെയ്ത ഗ്രന്ഥകാരൻ പറയുകയാണ്, "ആ മനുഷ്യസത്വങ്ങൾ മനുഷ്യന്റെ യാതൊരു സ്വഭാവവിശേഷവും പ്രകടിപ്പിച്ചിരുന്നില്ല. എന്നുതന്നെയല്ല, സംസാരിക്കുന്നതിനുപോലും അവയ്ക്കു വശമുണ്ടായിരുന്നില്ല. അവ നിവർന്നുനടക്കുന്നതിനുപകരം മുമ്പോട്ടു വളഞ്ഞും പലപ്പോഴും കൈകൾ നിലത്തുകുത്തിയുമാണ് നടന്നിരുന്നതു്. വേവിച്ച മാംസത്തെക്കാൾ കൂടുതലായി അവ ഇഷ്ടപ്പെട്ടിരുന്നതു് പച്ചമാംസമായിരുന്നു. മനുഷ്യരുടേതെന്നതിനേക്കാൾ പട്ടികളുടെ സാമീപ്യവും സമ്പർക്കവുമാണ് അവ തേടിയിരുന്നതു്. അതിശയോക്തിയല്ലേ ഇതെന്നു നമുക്കു തോന്നിയേക്കാം. ഇതിൽ കുറെ അവാസ്തവമാണെന്നു സങ്കല്പിച്ചാൽതന്നേയും ഒരു കാര്യം തീർച്ചയാണ്, ഒരു ശിശു ശൈശവംമുതൽതന്നെ ശരിയായ പരിശീലനം സ്വീകരിക്കുകയും സജ്ജനങ്ങളോടു സഹവസിക്കുകയും ചെയ്യുന്നില്ലെങ്കിൽ

(11-ാംപേജ് തുടർച്ച)

ബാസ് കരുതി. നഗ്നത്തിലെ അയാൾ സംസാരിക്കുകമാത്രമാണ് ചെയ്യുന്നതു്. സംസാരംകൊണ്ടു് അയാൾ. അനുയായികളെ സമ്പാദിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് തൻെറ പ്രഭാഷണ ചാതുരത ഒരിക്കൽക്കൂടി പ്രയോഗിക്കുവാൻ ബൊാംബാസ് തീരുമാനിച്ചു. (തുടരും)


## സ്റ്റെല്ലാ ഫിലിം കമ്പനി ലിമിററഡ്

111, സാൻതോം ഹൈറോഡ്, മൈലാപ്പൂർ, മദ്രാസ്-4

മഹോന്നത ദിവ്യശ്രീ വലേരിയൻ കാർഡിനൽ ഗ്രേഷ്യസ്, മഹോന്നത ദിവ്യശ്രീ കാർഡിനൽ ഗിൽറോയി, മഹാവന്ദ്യ ദിവ്യശ്രീ മോസ്റ്റ് റവ. ലിയോ പി. കിയക്കസ് സി. പി. (ഇന്ത്യയുടെ മുൻഅപ്പസ്തോലിക്ക് ഇൻറർനൺഷ്യോ), മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, വൈദികർ എന്നിവരുടെ ആശീർവ്വാദം ലഭിച്ചിട്ടുള്ളതു്.

**രക്ഷാധികാരി:**

മോസ്റ്റ് റവ. ഡോക്ടർ എൽ. മത്തിയാസ് S. D. B., മദ്രാസ്-മൈലാപ്പൂർ മെത്രാപ്പോലീത്താ.

**പ്രസിഡണ്ടു്:**

ഷെവ: ജെ. എൽ. പി. റോച്ച് വിക്ടോറിയ, കെ. എസ്. ജി., എം. എൽ. എ.

ഇക്കൊല്ലത്തിൽ പ്രദർശനം നടത്തുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ടുവരുന്ന പുഷ്പായുടെ ന്യൂസ്റീലുകൾക്കായി മദ്രാസിൽവച്ചുള്ള മൂന്നു മെത്രാന്മാരുടെ സ്ഥാനാഭിഷേകവും 1954 ഡിസംബർ 4 മുതൽ 8 വരെ ബോംബെയിൽ സമ്മേളിച്ച ദേശീയ മരിയൻ കോൺഗ്രസ്സും ചിത്രത്തിലെടുത്തിട്ടുള്ള വിവരം സ്റ്റെല്ലാ ഫിലിം കമ്പനി ലിമിററഡ് സസന്തോഷം അറിയിച്ചുകൊള്ളുന്നു. ക്രൈസ്തവവും ഉന്നതവുമായ സന്മാർഗ്ഗികതത്വങ്ങൾ പ്രചരിപ്പിക്കുകയും ചില ചിത്രങ്ങൾ നിരീശ്വരതത്വങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതിനെ തടയുകയും പ്രധാന ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ള ഈ സ്തുത്യർഹമായ പ്രസ്ഥാനത്തിൽ ചേർന്നു ഷെയറുകൾ എടുക്കുവാൻ ഞങ്ങൾ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.


സുരക്ഷിതമായി 60 മുതൽ 100 ശ. മാ. വരെ ആദായ വീതം ലഭിക്കുമെന്നു ഉറപ്പുള്ള ഈ പ്രസ്ഥാനത്തിൽ പണം നിക്ഷേപിക്കുക; അപേക്ഷിക്കുക:- എ. എം. ലൂയിസ്, B. M. S. O. പ്രൊഡക്ഷൻ ഓഫീസ്, 111, സാൻതോം ഹൈറോഡ്, മൈലാപ്പൂർ, മദ്രാസ്-4.


# ജോൺബോസ്കോയുടെ പദ്ധതിയനുസരിച്ചുള്ള സലേഷ്യൻ ഓറട്ടറികൾ

(J. J. Mailady S. D. B.)

സലേഷ്യൻ സഭയെപ്പറ്റിയും സലേഷ്യൻ സഭക്കാർ നടത്തിവരുന്ന ഓറട്ടറികളെപ്പറ്റിയും, ഓറട്ടറികളുടെ ആവശ്യകതകളെപ്പറ്റിയും ഇനിയും അറിഞ്ഞിട്ടില്ലാത്തവർ നമ്മുടെ നാട്ടിൽ അധികം കാണുകയില്ലെന്നുതന്നെ വിശ്വസിക്കുന്നു. വി. ജോൺ ബോസ്കോയാണു് സലേഷ്യൻസഭയുടെ സ്ഥാപകൻ. അദ്ദേഹം സലേഷ്യൻസഭാസമൂഹത്തിൻെറ ശിലാസ്ഥാപനം നിർവ്വഹിക്കുന്നതിനു് മുമ്പുതന്നെ, അതിൻെറ മുൻഗണനയെന്നോണം, അനാഥരും അലഞ്ഞുതിരിഞ്ഞു നടക്കുന്നവരുമായ അനവധി ബാലന്മാരെ തൻെറ ശിക്ഷണത്തിൻകീഴ് പരിപോഷിപ്പിച്ചുപോന്നു. തങ്ങളുടെ പിതാവും മാതാവുമെന്നോണം ജോൺബോസ്കോ അവരുടെ ഏകാശ്രയമായിത്തീർന്നു. ഈ പ്രവർത്തനത്തിനുവേണ്ടി ജോൺ ബോസ്കോ കഠിനാദ്ധ്വാനം ചെയ്തു ജീവിക്കേണ്ടതായി വന്നു. എങ്കിലും വിശുദ്ധൻ ക്ഷീണദേനാ, അക്ഷമദേനാ ആയില്ല.

"ഓറട്ടറി" പ്രസ്ഥാനംവഴി ഇന്നു് അനവധി യുവാക്കൾ തങ്ങളുടെജീവിതത്തെവിജയപ്രദമായി നയിച്ചുപോരുന്നു. കുബേരനായാലും ശരി കുചേലനായാലും ശരി, അവരവരുടെ ജീവിതാന്തസ്സിൽ ക്രിസ്തീയചൈതന്യത്തോടു കൂടി ജീവിക്കുവാൻ പരിശീലിപ്പിക്കുവാനാണു് അവ ശ്രമിക്കുന്നതു്. സലേഷ്യൻ സഭയുടെ ഉന്നംതന്നെ ഒന്നാമതായി ബാലന്മാർക്കു വേണ്ടി വേലചെയ്യുകയെന്നതാണു്. ഇന്നു ലോകത്തിൻെറ നാനാഭാഗത്തും സലേഷ്യൻ സഭക്കാർ എത്തിച്ചേർന്നിട്ടുണ്ടു്. അവരുടെ എണ്ണവും ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സലേഷ്യൻസഭകൾ എവിടെയെല്ലാം എത്തിച്ചേർന്നിട്ടുണ്ടോ അവിടെയെല്ലാം അവരുടെ ഓറട്ടറി സമൂഹങ്ങളും പരിലസിക്കുന്നു. ഇന്നു് നമ്മുടെ ഇൻഡ്യയിൽതന്നെ ബോംബെ,



കുണ്ടട ഓറട്ടറിയിലെ സൊഡാലിററി സ്ഥാപനം

ഗോവ, മദ്രാസ്, വെല്ലൂർ, കാട്ടുപാടി, തിരുപ്പത്തൂർ, സേലം, (ഏർക്കാട്), കോട്ടഗിരി മുതലായ ഇടങ്ങളിലും വടക്കേ ഇൻഡ്യയിൽ കൽക്കട്ട മുതൽ ബർമ്മവരെയും കണ്ണോടിക്കുന്നതായാൽ സലേഷ്യൻ ഭവനങ്ങളും അതോടു ചേർന്നുള്ള ഓറട്ടറികളും അവരവരുടെ കഴിവനുസരിച്ച് മിഷൻ പ്രവർത്തനം നടത്തുന്നതു് കാണാൻ പ്രയാസമില്ല. നീലഗിരിജില്ലയിൽ കോട്ടഗിരി എന്നറിയപ്പെടുന്ന സ്ഥലത്തു ഒരു സലേഷ്യൻ ഭവനവും അതിൽ 40 ഓളം വരുന്ന തത്വശാസ്ത്രവിദ്യാർത്ഥികളുമുണ്ടു്. ഇവിടെയുമുണ്ടു് ഞങ്ങൾക്കു് ഓറട്ടറികൾ. എന്നാൽ ഈ ഓറട്ടറികളിൽ ആഴ്ചയിലൊരിക്കൽ, അതായതു ഞായറാഴ്ച മാത്രമേ ഞങ്ങൾ പോകാറുള്ളൂ. ഞങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞു് ഒരു മണിയോടുകൂടി ഓറട്ടറികളിലേക്കു തിരിക്കുന്നു. ചില സ്ഥലങ്ങൾ 4-ം 5-ം മൈൽ ദൂരത്തായിരിക്കും. കാടും മലയും ചവിട്ടി അവിടവിടം എത്തിച്ചേരുമ്പോൾ ഞങ്ങൾക്കായി കാത്തിരിക്കുകയാണു് ബാലന്മാർ അത്യാവേശത്തോടുകൂടി. വെട്ടുകവർഗ്ഗത്തിൽ പെട്ട ബാലന്മാരുടെ സംഖ്യയാണു് അധികം. ക്രിസ്ത്യാനികൾ ചുരുക്കംപേർ മാത്രം. ഞങ്ങളുടെ ഭാണ്ഡക്കെട്ടുകളിൽ കളിക്കോപ്പുകളും ചില സമയം മിഠായി, കടല, പടങ്ങൾ മുതലായവകളും കരുതിയിരിക്കും. ആദ്യമായി ഒരു ചെറിയ ഗാനം ദേവമാതാവിൻെറ സ്തുതിക്കായി പാടും. കുരിശുവരയും. ഇവ കഴിച്ചിട്ടു് ഞങ്ങൾ കുട്ടികളോടു ചേർന്നു പന്തുകളികളോ മററനേകതരം വിനോദപ്രകടനങ്ങളോ ആരംഭിക്കും. അതു നാലുമണിവരെ നീണ്ടുനില്ക്കും. അതു കഴിഞ്ഞു ബാലന്മാരെ ഒന്നിച്ചു കൂട്ടി ഒരിടത്തുവച്ച് കഥകളും മററും പറഞ്ഞുകൊടുക്കും. മിക്കവാറും ബൈബിൾ കഥകളും വിശുദ്ധന്മാരുടെകഥകളുംആയിരിക്കും. അതിനെ ഞങ്ങൾ ജ്ഞാനോപദേശ



"റോമ്പ്രായി ഓറട്ടറി"
കുട്ടികൾക്കു വേദോപദേശവും കഥകളും പറഞ്ഞുകൊടുക്കുന്നു.

ക്ലാസ്സ്" എന്നു പറഞ്ഞുവരുന്നു. അതിൽ എല്ലാ കുട്ടികളും യുവാക്കന്മാരും സംബന്ധിക്കും. ദേവമാതാവിനെ പററി കേൾക്കുന്നതിനു അവർക്കുള്ള അഭിരുചി വിശേഷം തന്നെ. ഇവരുടെയിടയിൽ "സൊഡാലിററി" സ്ഥാപിച്ചിട്ടുണ്ടു്. അതിനു ഞങ്ങൾ "ക്ലബ്ബ്" എന്നാണു് പറഞ്ഞുവരുന്നതു്. ഈ ക്ലബ്ബ് ഡോമിനിക്ക്സാവിയോയുടെ നാമത്തിലാണറിയപ്പെടുന്നതു്. എല്ലാ മതസ്ഥരുംജാതിക്കാരുമായ കുട്ടികളും വലിയ ആളുകളും അതിൽ സംബന്ധിക്കുന്നു. അവരിൽ തന്നെ പ്രസംഗിക്കുവാനും പാട്ടു പാടാനും അവർ ഓരോ ആഴ്ചയിലും ആളുകളെ തിരഞ്ഞെടുക്കും. പരി: മാതാവിൻെറ പടമോ ഡോമിനിക് സാവിയോയുടെ പടമോ ഇല്ലാത്ത ഒരു വീടുപോലും ഇവരുടെയിടയിൽ കാണുകയില്ല. ക്രിസ്തുവിൻെറയും കൃഷ്ണൻെറയും മുമ്പിൽ അക്രൈസ്തവരായ അവർ പൂവിടും. തിരി കത്തിച്ചുവയ്ക്കും. കൃഷ്ണനോടും സീതയോടും പ്രാർത്ഥിക്കുന്നതുപോലെ അവർ ക്രിസ്തുവിനോടും, മേരിയോടും പ്രാർത്ഥിക്കും. സാധാരണ കത്തോലിക്കാ ബാലന്മാർ ചൊല്ലിവരുന്ന പ്രാർത്ഥനകളും ജപങ്ങളും അവരും ചൊല്ലും. അതവർക്കറിയാം. ഭഗവതിയേക്കാൾ ശക്തിയുള്ളവളാണു് "മരിയമ്മാൾ" എന്നു ഒരിക്കൽ ഒരു കുട്ടി എന്നോടു പറഞ്ഞു. ദേവമാതാവിൻെറ ഉത്തരീയം വാങ്ങി കഴുത്തിലിട്ടിട്ടു് "ധൈര്യസമേതം എനിക്കിനി രാത്രി കടയ്ക്കു് പോകാൻ സാധിക്കു"മെന്നു് അവൾ പറയുകയുണ്ടായി. ഞങ്ങൾക്കിവിടെ 11 ഓറട്ടറികളുണ്ടു്. ഓരോ ഓറട്ടറികളിലും നൂറിൽ കുറയാതെ ബാലന്മാരും. കത്തോലിക്കാ ബാലന്മാർ ഇവരിൽ 50 പേർ മാത്രം. ഈ ബാലന്മാരുടെ ആത്മികകാര്യങ്ങളോടൊപ്പം ലൗകികകാര്യങ്ങളും ഞങ്ങൾ നോക്കേണ്ടിവരുന്നുണ്ടു്. സ്കൂളിൽ പോകുന്നവർക്കു് അതിനു വേണ്ടതു്. വേലകിട്ടാത്തവർക്കു് അങ്ങിനെ, പട്ടിണിപ്പാവങ്ങളായവർക്കു് അതിനുവേണ്ടതു്. ഞങ്ങളാൽകഴിയുന്ന സഹായങ്ങൾ ചെയ്തുവരുന്നതു കൂടാതെ, ഇവരിൽ ചിലരെ തിരുപ്പത്തൂർ ഡോമിനിക്ക് സാവിയോ സ്കൂളിൽ അയച്ചു പഠിപ്പിക്കുന്നുണ്ടു്. അവരുടെ സകലചെലവും ഞങ്ങൾ തന്നെയാണു് വഹിച്ചുപോരുന്നതു്. ആണ്ടുതോറും ഞങ്ങൾ ഇവരിൽ തീരെ നിർദ്ധനരും, സമർത്ഥരും, സൽസ്വഭാവികളുമായ ബാലന്മാരെ തിരഞ്ഞെടുത്തു് തിരുപ്പത്തൂർ അയക്കുകയാണു്പതിവു്. ഇതുവരെ നാലു കുട്ടികളെ തിരഞ്ഞെടുക്കുവാൻ സാധിച്ചിട്ടുണ്ടു്. ഞങ്ങളുടെ ബഹു. ഫാദർ റെക്ടർ (Paul Bernik) ആണു് ഞങ്ങളുടെ ഓറട്ടറി ഡയറക്ടർ. അദ്ദേഹം യുഗോസ്ലാവിയാക്കാരനാണു്. അദ്ദേഹവും ഞങ്ങളോടൊത്തു് എല്ലാം ഞായറാഴ്ചയും ഓറട്ടറികളിൽ ചുററി സഞ്ചരിച്ചു ഞങ്ങളെ സഹായിക്കുന്നു. ഇനിയും ഞങ്ങൾ അനേക ഗ്രാമങ്ങളിൽ ഓറട്ടറി സ്ഥാപനത്തിനു സൗകര്യങ്ങൾ കണ്ടുവച്ചിട്ടുണ്ടു്. കൊച്ചുപുണ്യവാൻെറ സഹായത്താൽ അതെല്ലാം ഭംഗിയായി സാധിക്കുമെന്നു ധൈര്യപ്പെടുന്നു. ഞങ്ങളുടെ ഓറട്ടറിയെപ്പററി കൂടുതൽ വിവരം അറിയണമെന്നാഗ്രഹിക്കുന്നവർക്കു ഞങ്ങൾക്കെഴുതാം. ഇക്കഴിഞ്ഞ ഡിസംബറിൽ ഇപ്പോഴത്തെ സലേഷ്യൻസഭാ സുപ്പീരിയർ ജനറാളായ വെരിറവ. ഫാദർറെനാത്തുസ് സിജോത്തി (Renatus Ziggotti) അവർകൾ കോട്ടഗിരി സന്ദർശിച്ചപ്പോൾ ഞങ്ങളുടെ 11 ഓറട്ടറികളും, കാടുംമുള്ളും മലയും തോടും കണക്കാക്കാതെ ഇറങ്ങി കേററി സന്ദർശിച്ചുവെന്നുള്ളതു പ്രസ്താവ്യമാണു്. ഞങ്ങളുടെ ഈ ഓറട്ടറിസമൂഹംകൊണ്ടു് അനേകബാലന്മാരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസവും സത്യസഭയെപ്പററിയുള്ള മതിപ്പും ഉളവാക്കുവാൻ സത്യൈകസർവ്വേശ്വരനും ക്രിസ്ത്യാനികളുടെ മാതാവായ മറിയവും സഹായിക്കട്ടെ.

ആ ശിശു കേവലം മൃഗസമാനമായിരിക്കും വളർന്നുവരിക. അവനിൽ വികസിച്ചുവരുന്ന മൃഗീയവാസനകളെ തടയുന്നതിനു് പലക്കം സാധിച്ചുവെന്നു വരികയില്ല. പക്ഷെ പോലീസുകാരൻെറ ലാത്തിക്കു മാത്രമേ അവനെ നിയന്ത്രിക്കുവാൻ കഴിയുകയുള്ളുവെന്നും വന്നേക്കാം.

ദുർവൃത്തനായ ഒരു യുവാവിനെ കാണുമ്പോൾ നമുക്കു് അയാളുടെ മാതാപിതാക്കന്മാരെക്കുറിച്ച് സഹതാപം തോന്നാറുണ്ടു്. എന്നാൽ അവർതന്നെയാണു് അവനെ അങ്ങനെയാക്കിയതെന്നു അധികമാരും ചിന്തിക്കാറില്ല. കുട്ടികൾക്കു ലഭിക്കുന്ന ശിക്ഷണത്തിൻെറ വില അവരുടെ ഭാവിജീവിതമാണു്. അവർക്കു ലഭിക്കുന്ന പരിശീലനത്തെ ആശ്രയിച്ചാണു് ഭാവിയിൽ അവർ നല്ലവരോ തണ്ട്യവരോ ആയിത്തീരുന്നതു്. മക്കളുടെ നന്മയ്ക്കും തിന്മയ്ക്കും അവർ മാത്രമല്ല ഉത്തരവാദികൾ, അവരുടെ മാതാപിതാക്കന്മാരും ഉത്തരവാദികളാണു്.

മക്കൾ മാതാപിതാക്കന്മാർക്കു നൽകപ്പെട്ടിട്ടുള്ള സമ്പാദ്യമാണു്. ഈ സമ്പാദ്യത്തിൻെറ ഉടമസ്ഥൻ ദൈവവുമാണു്. ഏല്പിക്കപ്പെട്ടിട്ടുള്ള സമ്പാദ്യത്തെ ശരിയായി കൈകാര്യം ചെയ്തു് ഉടമസ്ഥൻ ആവശ്യപ്പെടുന്ന അവസരത്തിൽ മടക്കിക്കൊടുക്കുന്നതിനു് മാതാപിതാക്കൾക്കു് ഗൗരവമായ കടമയുണ്ടു്. ഇതിനെ സംബന്ധിച്ചുള്ള ഭാഗ്യസ്മരണാർഹനായ പതിനൊന്നാംപീയൂസ് മാർപ്പാപ്പായുടെ വാക്കുകൾ ശ്രദ്ധേയങ്ങളാണു്: "വിവാഹബദ്ധരായ ദമ്പതികൾ കൃതജ്ഞതാഭരിതമായ ഹൃദയത്തോടെ ദൈവത്തിൽനിന്നും സ്വീകരിച്ച സന്താനങ്ങളെ, ദൈവം തങ്ങളെ ഏല്പിച്ച ദിവ്യതലേന്തുകളായി കണക്കാക്കുവാനും അങ്ങനെ അവരുടെ ഭൗതികവും ആത്മീയവുമായ ഉൽക്കർഷത്തിനായി അദ്ധ്വാനിക്കുവാനും, ആവശ്യപ്പെടുന്ന സമയത്തു പലിശസമേതം ദൈവത്തെ തിരിച്ചേല്പിക്കുവാനും കടപ്പെട്ടിരിക്കുന്നു.

പ്രസവക്ലേശങ്ങൾ വിഷമതരങ്ങളെങ്കിൽ വിഷമതമമാണു് സന്താനങ്ങളെ ശരിയായി വളർത്തുന്ന കാര്യം. സന്താനലബ്ധിയിൽ പ്രസവക്ലേശങ്ങൾ മങ്ങിമാറുന്നു. അതുപോലെതന്നെ സന്താനങ്ങളുടെ ശരിയായശിക്ഷണത്തിൽ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ഭാവിയിൽ ആശ്വാസദായകങ്ങളായി ഭവിക്കുന്നു. വളരെ ക്ലേശങ്ങൾ സഹിച്ചാണെങ്കിലും മക്കളെ നന്നായി വളർത്തുന്ന മാതാപിതാക്കന്മാർക്കു ആ നല്ല മക്കളിൽനിന്നു് തങ്ങളുടെ വാർദ്ധക്യത്തിൽ ലഭിക്കുന്ന സഹായവും ആശ്വാസവും സീമാതീതമായിരിക്കും. ആകയാൽ സന്താനങ്ങൾക്കു നൽകപ്പെടേണ്ട ശിക്ഷണത്തേയും, അതിൻെറ വിധത്തേയും പററി ഉപരിചിന്തിക്കാം.


## വിശുദ്ധപത്താം പീയൂസിൻെറ

**അതിമനോഹരമായ ത്രിവർണ്ണചിത്രം**

സൈസ് $13\frac{1}{2}$ ഇഞ്ച് × 9 ഇഞ്ച്

—നല്ല ആർട്ട്പേപ്പർ—

ഒന്നിനു് 4 അണ.

10-ൽ കൂടുതൽ $\frac{1}{4}$ കമ്മീഷൻ.

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം-1

## ചെറുകഥ

# അമ്മേ, ഞാൻ പോകട്ടെ!

(സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ)

"മത്തായിച്ചേട്ടാ, ഒരാണും മൂന്നു പെണ്ണുംമാത്രം.........പെണ്ണുങ്ങൾ രണ്ടുപേരെ കല്യാണം കഴിച്ചുവിട്ടു. ഏററവും ഇളയ പെണ്ണു പത്താംക്ലാസ്സിൽ പഠിക്കുകയാ. ചെറുക്കനാണെങ്കിൽ ബഹു കേമനാ; പത്താംക്ലാസ്സിൽ ഒന്നാമനായിരുന്നുതാനും." ഒററശ്വാസത്തിനു് ഇടക്കാരൻ ചാക്കോ പറഞ്ഞവസാനിപ്പിച്ചു.

"പക്ഷേ എന്നാ വേണം സ്ത്രീധനം......?"മത്തായിച്ചേട്ടനു് കാശിന്റെ കാര്യമാണു പ്രധാനം. "മൂവായിരവും പതിനഞ്ചിന്റെ നടപടിയുമാണു് അവരു ചോദിക്കുന്നതു്......രണ്ടായിരത്തേലൊതുക്കാമെന്നാണു തോന്നുന്നതു്", ചാക്കോ ആലോചനാഭാവത്തിൽ പറഞ്ഞു: "നമ്മുടെ പെണ്ണും മററിംഗ്ലീഷിലല്ലേ?"

കാനപ്പുരയിൽ മത്തായിച്ചേട്ടന്റെ മകൾ റോസമ്മയുടെ കല്യാണാലോചനയുടെ ഒരു ഭാഗമാണിതു്.

"അടുത്ത പൊക്കവും അംഗപുഷ്ടിയു"മുള്ള അവൾ മത്തായിച്ചേട്ടന്റെ പെൺമക്കളിൽവച്ചു് ഏററവും അഴകുള്ളവൾതന്നെ. ഇന്നത്തെ യുവതികളിൽ സാധാരണ അദൃശ്യമായ ഒരു നിഷ്കളങ്കഭാവം റോസമ്മയുടെ ഒരു പ്രത്യേകതയാണു്. മുഖം മനസ്സിനെ പ്രതിബിംബിക്കുന്ന ഒരു കണ്ണാടിയാണെങ്കിൽ അവളുടെ ഹൃദയവികാരങ്ങളും നിഷ്കളങ്കങ്ങൾതന്നെ. ലോകമെന്തെന്നറിഞ്ഞിട്ടില്ലാത്ത ആ ഋജുബുദ്ധി ആരേയും തെററിദ്ധരിക്കാറില്ല. ഗൗരവത്തിനു കുറവില്ലെങ്കിലും എപ്പോഴും അവളുടെ മുഖത്തു "പുഞ്ചിരിപ്പുനിലാവു്" പരന്നിരിക്കും. അതു് ചില യുവരസികന്മാരുടെ ഹൃദയത്തെ ചലിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനവൾ ഉത്തരവാദിയല്ലതന്നെ.

തനിക്കു നടക്കുന്ന ഈ വിവാഹാലോചന റോസമ്മ എങ്ങനെയോ അറിഞ്ഞു. ഇന്നത്തെ വിദ്യാർത്ഥിനികളിൽ ചിലക്കു ഇങ്ങനെ ഒരപകടം പററാറുണ്ടു്; റോസമ്മ വാസ്തവത്തിൽ അപ്പോളാണു് തന്റെ ഭാവിജീവിതത്തെപ്പററി ആലോചിക്കുന്നതു്. താനിക്കാര്യത്തിൽ എന്തു ചെയ്യണമെന്നറിവാൻ റോസമ്മ അന്നുമുതൽ വളരെ ആലോചിച്ചു, പ്രാർത്ഥിക്കുവാൻ ശ്രമിച്ചു പക്ഷെ ഒരു പിടിയും കിട്ടിയില്ല."വിധിപോലെ വരട്ടെ"യെന്നു അവസാനം തന്റെ ചിന്തയ്ക്കു വിരാമമിട്ടു. എങ്കിലും പിന്നീടും കൂടുതൽ വെളിച്ചത്തിനുവേണ്ടി അവൾ പ്രാർത്ഥിച്ചു: "നാഥാ, എന്നെ സംബന്ധിച്ച അവിടുത്തെ തിരുവിഷ്ടം എന്താണെന്നു അയോഗ്യദാസിയായ എന്നെ അറിയിച്ചുതരേണമേ."

X X X

"എന്തിനാ റോസമ്മേ, നീ കല്യാണം കഴിക്കുയയുള്ളു; നിന്നെ കണ്ടാലറിയാം, പിന്നെന്തിനാ ഇത്രയും പ്രാർത്ഥനയൊക്കെ? നിന്നെ നോക്കിനിന്നു ഞാൻ മടുത്തു." റോസമ്മയുടെ സഹപാഠി, അക്കൊല്ലത്തെ നവോഢ, ഗ്രേസി പറയുകയാണു് റോസമ്മ പള്ളിയിൽനിന്നു പുറത്തിറങ്ങിയപ്പോൾ.

"പോടീ, നീ കുടുക്കിൽ വീണതുപോലെ ഞാനും വീഴണോ?" അവരിരുവരും ഒരുമിച്ചു് വീട്ടിലേക്കു നടന്നു. മന്ദംമന്ദം നടന്നകലുന്ന ഈ യുവതീമണികളെ നോക്കിനോക്കി പ്രഭാതസൂര്യൻ ആകാശവീഥിയിൽ ഉയർന്നുയർന്നുവന്നു. തന്റെ ഭർത്തൃവീട്ടുകാരുടെ കാര്യം, സ്നേഹമുള്ള തന്റെ ഭർത്താവിന്റെ പരിഷ്കൃതമായ സ്ഥിതി മുതലായവ ഗ്രേസി സ്വരം താഴ്ത്തിയും അല്ലാതേയും റോസമ്മയോടു പറഞ്ഞു.

"അവളെന്താണു് അങ്ങനെ പറയാൻ കാരണം." ഗ്രേസിയെ പിരിഞ്ഞതിന്റെ ശേഷവും റോസമ്മയുടെ കണ്ണുപുടങ്ങളിൽ "നീ കല്യാണം കഴിക്കയേയുള്ളു" എന്ന ഗ്രേസിയുടെ വാക്കുകൾ മുഴങ്ങിക്കൊണ്ടിരുന്നു. "ഞാനിക്കാര്യത്തെപ്പററി പ്രാർത്ഥിച്ച ഉടനെയാണല്ലോ ഗ്രേസി അതു പറഞ്ഞതു്. ഈശോ അവൾ മുഖേന ഇക്കാര്യം എന്നെ അറിയിച്ചതായിരിക്കും. വിവാഹാന്തസ്സും വിശുദ്ധമാണു്......" അവളുടെ ചിന്ത ചിറകുവിരിച്ചു പറന്നു. ഇടക്കാരൻ ചാക്കോച്ചേട്ടൻ പറഞ്ഞ ആൾ സ്നേഹസമ്പന്നനായിരിക്കും...:...സുമുഖനായിരിക്കും...." മനോരാജ്യസാമ്രാജ്യവീഥിയിൽ സഞ്ചരിച്ചതിനാൽ വഴി കടന്നുപോയതറിഞ്ഞില്ല. അവൾ വീട്ടിലെത്തി. ഇടക്കാരൻ ചാക്കോച്ചേട്ടൻ തന്റെ വീട്ടിൽനിന്നു ഇറങ്ങിപ്പോകുന്നതു് അവൾ ദൂരെ നിന്നു കണ്ടു.

X X X

പകലോൻ അന്നത്തെ പണിയവസാനിപ്പിച്ചു് പശ്ചിമസമുദ്രത്തിൽ നീരാടാൻ ഇറങ്ങിക്കഴിഞ്ഞു. റോസമ്മ അടുക്കളയിൽ അമ്മയെ സഹായിച്ചശേഷം സ്വസഹോദരന്റെ കുട്ടിയേയുമെടുത്തു മാറോടണച്ചുകൊണ്ടു് വീടിന്റെ കിഴക്കുവശത്തുള്ള പൂന്തോട്ടത്തിലേക്കിറങ്ങി. സ്വകർത്തവ്യനിർവ്വഹണത്തിൽ സംതൃപ്തനായി സൂര്യൻ പടിഞ്ഞാറുനിന്നു നിശ്വസിച്ചു. ആ കുളിർകാററു് റോസമ്മയുടെ ഭാവനയെ ഭാവിയിലേക്കു പറപ്പിച്ചു. പ്രതീക്ഷ നിറഞ്ഞ നാളെയുടെ ഏടുകളിലേക്കു് റോസമ്മ എത്തിനോക്കി......"ഞാനദ്ദേഹത്തെ ആത്മാർത്ഥമായി സ്നേഹിക്കും. അദ്ദേഹം എന്നെയും.... അദ്ദേഹത്തെ ഞാനൊരിക്കലും പിരിയുകയില്ല. കത്രികയുടെ ഒരിതൾ പോയാൽ ഉപയോഗയോഗ്യമല്ലല്ലോ." അങ്ങനെ അവൾ മനോപീയൂഷം നുകർന്നു എത്ര സമയം അവിടെ നിന്നുപോയെന്നു നിശ്ചയമില്ല. ഒരു വിളി അവളെ ചിന്തയിൽനിന്നുണർത്തി. "എടി റോസമ്മേ, ഈ എഴുത്തൊന്നു വായിച്ചേടീ......" മത്തായിച്ചേട്ടൻ വിളിച്ചുപറഞ്ഞു. അവൾ കവർ തുറന്നപ്പോൾ അതിൽ രണ്ടെഴുത്തുള്ളതായി കണ്ടു. ഒന്നു താഴെവീണു. അതിന്റെ മുകളിൽ "റോസമ്മയ്ക്കു്" എന്നു എഴുതിയിരുന്നു. മറേറ എഴുത്തു് അവൾ അപ്പച്ചനെ വായിച്ചുകേൾപ്പിച്ചു. തന്റെ എഴുത്തു അപ്പച്ചനെ കാണിക്കാതെ പഴയസ്ഥാനത്തുവന്നു തുറന്നു് രഹസ്യത്തിൽ ഇപ്രകാരം വായിച്ചു:

"പ്രിയ സഹോദരി, റോസമ്മേ,

കുറേ ദിവസങ്ങളായല്ലൊ നിന്റെ വിശേഷങ്ങൾ അറിഞ്ഞിട്ടു്. അവിടെ നിങ്ങൾക്കെല്ലാവർക്കും സുഖമെന്നു വിശ്വസിക്കുന്നു ദൈവാനുഗ്രഹത്താൽ എനിക്കും ഒരുവിധം സുഖംതന്നെ.

റോസമ്മയോടു് ചില കാര്യങ്ങൾ പ്രത്യേകം പറയണമെന്നു ഞാൻ വിചാരിക്കുന്നു. നീ ഇപ്പോൾ നില്ക്കുന്നതു് ജീവിതത്തിന്റെ നാല്ക്കവലയിലാണു്. നിന്റെ ഭാവിജീവിതപഥം ഏതാണെന്നു തീരുമാനിച്ചിട്ടുവേണം നീ മുമ്പോട്ടുപോകാൻ. നിന്റെ ദൈവവിളിയെപ്പററി നീ ആലോചിക്കണം. അതറിയുവാൻ നീ പ്രാർത്ഥിക്കണം. ഇതിനകം നീ അതു ചെയ്തുവരുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ചെയ്തിട്ടില്ലെങ്കിൽ ഇപ്പോൾ തുടങ്ങി അതിനുവേണ്ടി പരിശ്രമിക്കുക. നിന്റെ ആദ്ധ്യാത്മികപിതാവിനോടു് നീ ആലോചിക്കുക. ലോകം വെറും മായയാണെന്ന ചിന്ത എപ്പോഴും നിനക്കുണ്ടായിരിക്കട്ടെ. ശേഷം പിന്നാലെ. എന്നു പ്രാർത്ഥനയോടെ,

സ്വന്തം സഹോദരൻ

ജോർജ്ജു് (ഒപ്പു്)"

"ലോകം മായയാണെന്ന ചിന്ത നിനക്കുണ്ടായിരിക്കട്ടെ" തന്റെ സ്നേഹസഹോദരന്റെ കത്തിലെ ഈ വാക്യം അവൾ പിന്നെയും പിന്നെയും വായിച്ചു. അതു വായിക്കുന്തോറും ഏതോ ഒരു വികാരാവേശം തന്റെ ഹൃദയത്തെ സ്പർശിക്കുന്നതുപോലെ അവൾക്കു തോന്നി. അതു് അവളുടെ ആദ്യത്തെ അനുഭവമാണു്. അവൾ തുടർന്നു് ചിന്തിച്ചു:- "ഇക്കാണുന്ന പുഞ്ചിരിയും പുതുമയും ഇന്നല്ലെങ്കിൽ നാളെ അവസാനിക്കും. ക്ഷണപ്രഭാചഞ്ചലങ്ങളാണു് ലോകവും ലൗകികങ്ങളും...വെറും നാടകമാണു് ഈ ജീവിതം... അച്ചൻ എത്ര സൗഭാഗ്യവാൻ... ലോകമായകളെ പാടെ ഉപേക്ഷിച്ച ഒരു സന്യാസിയായി അദ്ദേഹം ജീവിക്കുന്നു...ലോകത്തിൽ ലോകത്തിന്റേതല്ലാത്ത ജീവിതം നയിക്കുന്ന സർവ്വസംഗപരിത്യാഗി...എന്തുകൊണ്ടു് എനിക്കും ഈ മായകളെ വിട്ടു് സന്യാസജീവിതം നയിച്ചുകൂടാ...." അവൾ തരളിതഹൃദയയായിത്തീർന്നു.

"എടീ, ഈ നേരം ഇരുട്ടിയപ്പോൾ മുററത്തിറങ്ങിനില്ക്കുന്നതെന്തിനാടീ..."അവളുടെ അമ്മയുടെ ശകാരശബ്ദം അവൾ കേട്ടു നടുങ്ങിപ്പോയി തന്റെ കൺമുമ്പിൽ ഇരുട്ടു വ്യാപിച്ച കാര്യം റോസമ്മ അറിഞ്ഞില്ല; കാരണം തന്റെ ഹൃദയത്തിൽ സ്വർഗ്ഗീയപ്രകാശം വീശാൻ തുടങ്ങിയിരുന്നു. വിളക്കു കൊളുത്തി പ്രാർത്ഥന ചൊല്ലാൻ കാത്തിരിക്കുന്ന അമ്മയുടെ അടുക്കൽ അവൾ എത്തി. അവർ കുടുംബജപമാല ആരംഭിച്ചു. ഒരിക്കലും തനിക്കു അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു തീക്ഷ്ണത റോസമ്മയുടെ ഹൃദയത്തെ എരിച്ചുകളഞ്ഞു. പ്രാർത്ഥനാസമയമാകെ ഏകചിന്തയിൽ അവൾ കഴിച്ചു:"ലോകം—മായ." സമയം പെട്ടെന്നു കഴിഞ്ഞുപോയി.

പിറേറ ദിവസം ഒരാദ്യവെള്ളിയാഴ്ചയായിരുന്നു. രാവിലേ റോസമ്മ പള്ളിയിലെത്തി കുമ്പസാരിച്ചു വി. കുർബ്ബാന സ്വീകരിച്ചു. ഹൃദയനാഥൻ തന്റെ പുതിയ ഹൃദയത്തിൽ എഴുന്നെള്ളിയപ്പോൾ അവൾക്കു വളരെ കാര്യങ്ങൾ പറയുവാനുണ്ടായിരുന്നു. തന്റെ പ്രിയസോദരന്റെ എഴുത്തും അതിലെ ആ വാക്യവും— "ഹാ! ഹൃദയനാഥാ, ഇതിന്റെ അർത്ഥമെന്താണെന്നു അല്പജ്ഞയായ എന്നെ അറിയിച്ചു തരേണമേ." അവൾ മന്നിരുന്ന ആ പ്രാർത്ഥന:- "ദിവ്യകാരുണ്യനാഥാ എന്നിൽ അങ്ങയുടെ തിരുവിഷ്ടം എന്താണെന്നു് എനിക്കറിയണം നാഥാ!"

X X X

അവളുടെ സ്കൂൾജീവിതത്തിൽ ആദ്യമായി അവൾ അക്കൊല്ലം തോററു പരീക്ഷാഫലം അറിഞ്ഞ ദിവസം റോസമ്മ കരയുക തന്നെ ചെയ്തു. കല്യാണക്കാര്യങ്ങളാണു് തോൽവിക്കു കാരണമെന്നു് ഗ്രേസി. "ലോകം മായ" ഈ ചിന്ത അവസാനം റോസമ്മയെ സമാശ്വസിപ്പിച്ചു. പിന്നെയും പഠിപ്പിക്കുവാൻ ഉദ്ദേശമില്ലായിരുന്നു മത്തായിച്ചേട്ടനു്. കെട്ടിക്കാനുള്ള പെണ്ണു് എത്രമാത്രം പഠിക്കണം എന്നതായിരുന്നു അയാളുടെ ഭാവം. അങ്ങനെ സെപ്ററംബർ മാസം വരെ കഴിഞ്ഞുപോയി. തനിക്കു അക്കൊല്ലം പ്രൈവററായിട്ടെങ്കിലും പരീക്ഷയ്ക്കു ചേരണമെന്നു് അവൾ നിർബന്ധമായി. അങ്ങനെ കന്യാസ്ത്രീകളുടെ കീഴിലുള്ള ഒരു ബോർഡിംഗിൽ ചേർന്നു് പരീക്ഷയ്ക്കുള്ള പഠനമാരംഭിച്ചു. അപ്പോഴും തന്റെ ഏകചിന്ത തന്റെ ഭാവിജീവിതമായിരുന്നു. "സന്യാസജീവിതത്തിലേക്കുള്ള ആ ടോർച്ചു തെളിച്ചുതന്ന എന്റെ സഹോദരൻ എത്ര സ്നേഹയോഗ്യനാണു! നാഥാ അദ്ദേഹത്തെ അനുഗ്രഹിക്കണമേ." തന്റെ സഹപാഠികൾ ഉല്ലസിക്കുമ്പോൾ റോസമ്മ ചിന്തിക്കും, പ്രാർത്ഥിക്കും. അവൾ ഫാ. ജോർജ്ജിനു് തന്റെ സ്ഥിതിഗതികൾ വിവരിച്ചു് ഒരെഴുത്തയച്ചു. മറുപടി ആശ്വാസജനകമായിരുന്നു. "റോസമ്മേ, എന്റെ കുഞ്ഞു സഹോദരീ നിനക്കു സന്യാസ ദൈവവിളി ഉണ്ടെന്നു് എനിക്കു തോന്നുന്നു. നിന്റെ കുമ്പസാരക്കാരനോടുകൂടി നീ ആലോചിക്കുക."

വക്രതയില്ലാത്ത റോസമ്മയുടെ സ്വഭാവം ബ. കന്യാസ്ത്രീകൾക്കു വളരെ ഇഷ്ടപ്പെട്ടു. അവൾ പഠനം തുടർന്നു. അക്കാലമെല്ലാം തനിക്കു ലഭിച്ചിരിക്കുന്ന സന്യാസ ദൈവവിളിയുടെ വെളിച്ചത്തിൽ അവൾ ജീവിച്ചു. പരീക്ഷ അടുത്തതോടെ അവളുടെ ഉൽകണ്ഠ വർദ്ധിച്ചു. പരീക്ഷയിൽ


അദ്ദേഹം അഞ്ചു രൂപാകൊണ്ടു് ഒരു കണക്കു് ആരംഭിച്ചു

ഇപ്പോൾ സഹോദരിയുടെ വിവാഹം നടത്തുവാൻ അതു് സഹായിക്കുന്നു

നാരായണൻ അഞ്ചുകൊല്ലംമുമ്പു് വളരെ തുഛമായ ശമ്പളത്തിൽ ജോലിയിൽ പ്രവേശിച്ചതാണെങ്കിലും മാസംതോറും ഒരു ചെറിയ സംഖ്യ മിച്ചംവയ്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അഞ്ചു രൂപാകൊണ്ടു് അദ്ദേഹം പാലാ സെൻട്രൽ ബാങ്കിൽ ഒരു സേവിംഗ്സ് കണക്കു തുടങ്ങി. കഴിവുപോലെ ഓരോ ചെറിയ സംഖ്യകൾ അതിൽ അദ്ദേഹം നിക്ഷേപിച്ചു.


ബാങ്കിലിട്ടിരുന്ന ഓരോ ചെറിയ സംഖ്യക്കും പലിശ കിട്ടിയിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ മിതവ്യയശീലത്തിനു് തക്ക പ്രതിഫലം ലഭിച്ചു. സ്വസഹോദരിയുടെ വിവാഹ ചിലവുകൾക്കു് ഉദാരമായ സഹായം ചെയ്തതിനു് നന്ദിസൂചകമായി അദ്ദേഹത്തിനു് അപ്പൻ അയച്ച എഴുത്തുതന്നെ ഒരു നല്ല സമ്മാനമാണല്ലോ.

എന്തുകൊണ്ടു് നിങ്ങൾക്കു് ഈ എളുപ്പമായ മാർഗ്ഗത്തിൽക്കൂടി സമ്പാദിച്ചുകൂടാ

ഇതിനു വലിയ ത്യാഗങ്ങളൊന്നും വേണ്ട. നിങ്ങൾ അനാവശ്യമായി ചില വഴിച്ചേക്കാവുന്ന ചെറിയ സംഖ്യകൾ അപ്പോഴപ്പോൾ പാലാ സെൻട്രൽ ബാങ്ക് സേവിംഗ്സ് കണക്കിൽ നിക്ഷേപിച്ചുകൊണ്ടിരുന്നാൽ മാത്രംമതി.

പ്രധാനപ്പെട്ട അഞ്ചു ഗുണവശങ്ങൾ

- നിങ്ങൾക്കു് അഞ്ചു രൂപാകൊണ്ടു് ഒരു കണക്കു തുടങ്ങാം.
- പണം തിരിച്ചെടുക്കുവാൻ ചെക്കുബുക്കു് നൽകും.
- കണക്കിൽ ബാക്കിനില്ക്കുന്ന സംഖ്യക്കു് നല്ല പലിശ ലഭിക്കുന്നു.
- കണക്കു് മറെറാരു ശാഖയിലേക്കു് ചിലവുകൂടാതെ മാററാം.
- കൂടുതൽ പലിശ ലഭിക്കുന്ന സ്ഥിരനിക്ഷേപമായി കണക്കിലുള്ള തുകകൾ എപ്പോഴും മാററാം.






പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ESTD. 1927

ഹെഡ് ആഫീസു്: പാലാ, തിരുവിതാംകൂർ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

സൌജന്യം—'സേവിംഗ്സ് കണക്കു് തുടങ്ങുന്നതെങ്ങിനെ' എന്ന ലഘുഗ്രന്ഥത്തിന്റെ ഒരു പ്രതി ബ്രാഞ്ചുമാനേജരോടു് ആവശ്യപ്പെടുക.

PC. 333

വിജയിക്കുവാൻ അവൾക്കുവേണ്ടി ഒരു കർബാന ചൊല്ലാമെന്നു് ഫാ. ജോർജ്ജ് സമ്മതിച്ചു. വെക്കേഷൻ പിന്നെയും ആരംഭിച്ചു. അവസാനതീരുമാനം കുമ്പസാരക്കാരന്റെ അഭിപ്രായത്തോടെ അവൾ കൈക്കൊണ്ടു. "നാഥാ, ഇതാ അങ്ങേ ദാസിയുടെ ജീവിതം തൃപ്പാദത്തുങ്കൽ ഞാൻ സമർപ്പിക്കുന്നു."

* * *

ഇന്നു റോസമ്മ തന്റെ പ്രിയപ്പെട്ട വീടിനോടും വത്സലമാതാപിതാക്കന്മാരോടും സ്നേഹസഹോദരൻ ഫാ. ജോർജിനോടും എല്ലാം യാത്രപറഞ്ഞു പിരിയുന്ന ദിവസമാണു്. അവളുടെ ഹൃദയം അലൗകികാനന്ദത്താൽ നിറഞ്ഞെങ്കിലും തന്റെ പ്രിയപ്പെട്ടവരെ പിരിയുന്നതിൽ— ജീവൽപ്രാധാന്യമർഹിക്കുന്ന തന്റെ സന്യാസദൈവവിളി അറിയുവാൻ പരോക്ഷമായിട്ടെങ്കിലും സഹായിച്ച തന്റെ സഹോദരൻ ഫാദർ ജോർജിനോടു് യാത്ര ചോദിക്കുന്നതോർത്തപ്പോൾ —അവളിൽ ആമഗ്നമായി കിടന്നിരുന്നമാനുഷികബലഹീനത മനോഹരങ്ങളായ അവളുടെ നീലനയനങ്ങളിൽകൂടി ബാഷ്പകണപേണ ബഹിർഗമിച്ചു. സ്വല്പസമയത്തിനുശേഷം നഷ്ടപ്പെട്ട ധൈര്യം തിരിച്ചെടുത്തു് അവസാനമായി അശ്രുപൂർണ്ണയായ അമ്മയോടു് അവൾ വിട ചോദിച്ചു:- "അമ്മേ, ഞാൻ പോകട്ടെ." ......... "മകളേ......" അവൾ നടന്നു കഴിഞ്ഞു. സർവ്വലോകത്തേയും കീഴടക്കിയ സേനാനായികയെപ്പോലെ. ആധുനികലോകത്തിന്റെ അനവധാനതകളെ വെല്ലുവിളിക്കുവാൻ അവൾ ലോകത്തിലെ സ്വർഗ്ഗത്തിലേക്കു് ത്വരിതഗമനം ചെയ്തു. "ലോകം വെറും മായ........." ഹാ, ബ. സഹോദരാ, അങ്ങെത്ര സൗഭാഗ്യവാൻ... ഒരു സന്യാസി... ഇതാ അങ്ങേ സഹോദരി... ഞാനും സൗഭാഗ്യവതി... ഒരു സന്യാസിനി...അപ്പാ, അമ്മേ, വീടേ, നാടേ, ലോകമേ, ഞാൻ പോകട്ടെ......!"

## ഇടവകവാർത്തകൾ

**കുടക്കച്ചിറ:** തലശ്ശേരി രൂപതയുടെ മേലദ്ധ്യക്ഷൻ റൈററു് റവ. മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ മേയ് 29-ാംനു ഇവിടെ എത്തി ദിവ്യബലി അർപ്പിക്കുകയും, മിഷൻപ്രവത്തനത്തെപ്പററി ഒരു പ്രസംഗം നടത്തുകയും ചെയ്തു. 10-30നു് അദ്ദേഹത്തിന്റെ ഭവനത്തിലെത്തി. അവിടെ അദ്ദേഹത്തെ സന്ദർശിക്കുന്നതിനായി വൈദികരും, അൽമേയരും, ബന്ധുമിത്രാദികളുമായി ഒട്ടനേകം പേർ വന്നിരുന്നു.

ജൂൺ 1-ാംനു പാലാ രൂപതയുടെ അഭിനവമെത്രാൻ തിരുമനസ്സുകൊണ്ടു് ഔദ്യോഗികസന്ദർശനത്തിനായി രാവിലെ 9 മണിക്കു് സ്ഥലത്തെത്തി. ബ. വികാരിയച്ചൻ അദ്ദേഹത്തെ സ്വീകരിച്ചു് നേരത്തെതന്നെ സജ്ജമാക്കിയിരുന്ന പൂപന്തലിലേക്കു് ആനയിക്കുകയും അവിടെവച്ചു് വന്ദ്യ തിരുമേനിയെ സ്വാഗതം ചെയ്യുകയും, സുകൃതമഞ്ജരി സമർപ്പിക്കുകയുംചെയ്തു. വന്ദ്യപിതാവു് മറുപടിയായിഒരു ലഘുപ്രസംഗം ചെയ്തു. 11നു് ബാലവിഭാഗത്തിന്റെ സ്ഥൈര്യലേപനം, 3-നു് പള്ളിയോഗം, സിമിത്തേരി, കന്യകാലയം ഇവയുടെ വെഞ്ചരിപ്പു് എന്നിവ നടത്തി.

ജൂൺ2-ാംനു-രാവിലെതിരുമേനി ആഘോഷമായ ദിവ്യബലി അർപ്പിച്ചു. 11നു് ബാലികാ വിഭാഗത്തിന്റെ സ്ഥൈര്യലേപനം നടത്തി. 3-നു് സൺഡേസ്കൂൾ, വിൻസെൻറു് ഡിപോൾസഖ്യം മിഷൻലീഗ് ഇവയുടെ സംയുക്തവാർഷികയോഗത്തിൽ വന്ദ്യതിരുമേനി ആദ്ധ്യക്ഷം വഹിക്കുകയും Dr. സൈമൺ കോട്ടൂർ S. T. D. (Rome) പ്രസംഗിക്കുകയും ചെയ്തു. അനന്തരം "കള്ളസന്യാസി" എന്ന നാടകം അഭിനയിക്കപ്പെട്ടു.


കേരളത്തിലെ പള്ളിത്തിരികളുടെ കേന്ദ്രാലയം

ദി ലിററിൽ ഫ്ളവർ ക്യാൻഡിൽ വർക്കു്, വെള്ളാപ്പാട്

പാലാ P. O.


**ആവോലി:** സ്ഥലത്തെ "ദി മോർണിംഗ്സ്റ്റാർ" ക്ലബ്ബിന്റെ 8-ാമതു് വാർഷികസമ്മേളനം ജൂൺ 5-ാംനു 4 മണിക്കു് സ്ഥലം സെൻറു് ആൻറണീസ് സ്കൂൾഹാളിൽ വച്ചു് റവ. ഫാ. ആൻറണി പുതുശ്ശേരി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മി. ററി. എം. വക്കി സദസ്സിനു് സ്വാഗതം ആശംസിച്ചു. മി. ററി. ജെ. മാത്യു ബി. എ. പ്രസംഗിച്ചു. യോഗാനന്തരം "മേരിലാൻഡ്" കലാസമിതി അംഗങ്ങൾ "ആത്മാഭിമാനി" എന്ന സംഗീതനാടകം നന്മയത്വമായി അഭിനയിച്ചു.

**മട്ടാഞ്ചേരി:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന കത്തോലിക്കാപ്രവത്തനസംഘത്തിന്റെ ആഭിമുഖ്യത്തിൽ ജൂദഭാഗത്തു് "കത്തോലിക്ക പ്രവത്തനസംഘം വായനശാല" എന്ന നാമധേയത്തിൽ ഒരു വായനശാല വെ. റവ. ഫാ. ജോസഫ് നടുവത്തുമുറി P. H. D; S. T. L. അവർകൾ ഉൽഘാടനം ചെയ്തു.

**മേവെള്ളൂർ:** മരിയസഖ്യത്തിലെ സജീവാംഗങ്ങളായിരുന്ന ബ്രദേഴ്സ് ജോസഫ് താഴത്തുരുത്തിൽ. മാത്യു താഴക്കുഴിയിൽ എന്നിവർ പാററ്നാ മിഷനുവേണ്ടി ഈശോസഭയിൽ ചേന്നു് വൈദികപഠനത്തിനു് പോകുന്നതു് പ്രമാണിച്ചു സ്ഥലം മരിയസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഒരു യാത്ര അയപ്പു നൽകിയിരിക്കുന്നു. തത്സംബന്ധമായി കൂടിയ അനുമോദനയോഗത്തിൽ റവ. ഫാ. തോമസ് പയ്യപ്പിള്ളിൽ ആദ്ധ്യക്ഷം വഹിക്കുകയും സഖ്യാംഗങ്ങളായ പലരും പ്രസംഗിക്കുകയും ചെയ്തു.

**പൊടിപ്പാറ:** ഈ ഇടവകയിലെ സൊഡാലിററി, മിഷ്യൻലീഗ്, ലീജിയൻ ഓഫ് മേരി എന്നീ സംഘടനകളുടെ സംയുക്തവാർഷികം മേയ് 29-ാംനു-ഞായറാഴ്ച ഉച്ചകഴിഞ്ഞു് മൂന്നു മണിക്കു് റവ. ഫാ. മാത്യു ആലുങ്കൽ ബി. എ. ബി. ടി. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. മി. ഫിലിപ്പു് പാലംമൂട്ടിൽ അവർകളുടെ മതപഠനത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഉജ്ജ്വലത്തായ പ്രസംഗവും കുട്ടികളുടെ വിവിധ കലാപ്രകടനങ്ങളും മീററിങ്ങിന്റെ മാററു വർദ്ധിപ്പിച്ചു. അഞ്ചു മണിയോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു.

**പുല്ലുവഴി:** സ്ഥലം മരിയസഖ്യത്തിന്റെ 18-ാമതു വാർഷികയോഗം റവ. ഫാ. ആൻറണി ഇലവുംകുടി ബി. എ. അവർകളുടെമഹനീയാദ്ധ്യക്ഷതയിൽ 5-ാം തീയതി ഞായറാഴ്ചനാലുമണിക്കു് സ്ഥലം സ്കൂൾഹാളിൽ വച്ചു നടത്തപ്പെട്ടു. തദവസരത്തിൽ ശ്രീമാന്മാർ പോൾ മാൻവട്ടം ബി. എ. ബി. എൽ., വിദ്വാൻ. ഐ. സഖറിയാ തുമ്പമൺ, എ. ഡി. വറുഗീസ് ബി. എ. (Student) എന്നിവരുടെ പ്രസംഗങ്ങളുമുണ്ടായിരുന്നു. യോഗാനന്തരം സഖ്യാംഗങ്ങൾ "കള്ളസന്യാസി" എന്ന ഗദ്യനാടകം വളരെ തന്മയത്വത്തോടുകൂടി അഭിനയിക്കുകയുണ്ടായി

### നിര്യാതനായി



അൽഫോൻസ് എടേഴത്തു് അവർകൾ

കൊച്ചി ബിഷപ്പു് ഡോക്ടർ അലക്സാണ്ടർ എടേഴത്തു് തിരുമേനിയുടെ വത്സലപിതാവു് ശ്രീ അൽഫോൻസ് എടേഴത്തു് അവർകൾ വാർദ്ധക്യസഹജമായ രോഗത്താൽ 78-ാമത്തെ വയസ്സിൽ സ്വവസതിയിൽവച്ചു ജൂൺ 8-ാംനു ബുധനാഴ്ച രാവിലെ 7-45നു് കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരകർമ്മം പിറേദിവസം 4 മണിക്കു് സ്വപുത്രനായ തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു. 5 മോൺസിഞ്ഞോർമാരും 80-ൽപരം വൈദികരും ഒട്ടേറെ കന്യാസ്ത്രീകളുമുൾപ്പെടെ 5000-ൽപരം വരുന്ന ഒരു ജനസഞ്ചയം സംസ്കാരയാത്രയിൽ സംബന്ധിച്ചിരുന്നു. വരാപ്പുഴ ആർച്ചുബിഷപ്പു് ഡോക്ടർ ജോസഫ് അട്ടിപ്പേട്ടി തിരുമേനിയും, മോൺ: ലന്തപ്പറമ്പനും മൃതദേഹം സന്ദർശിച്ചു് റെസ്പോൺസ്പാടുകയുണ്ടായെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

**മുട്ടുചിറ:** സ്ഥലം ഫൊറോനാപ്പള്ളിയിലെ മിഷൻലീഗ്, സൊഡാലിററി എന്നീ സംഘടനകളുടെ ഇക്കൊല്ലത്തെ ഔപചാരികോൽഘാടനം ജൂൺ 4-ാംനു രാവിലെ 8-30 നു് പള്ളിമൈതാനത്തു കൂടിയ പൊതുസമ്മേളനത്തിൽവച്ചു് തലശേരി രൂപതാദ്ധ്യക്ഷൻ റൈററു് റവ. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു് നിർവ്വഹിച്ചിരിക്കുന്നു. പ്രേഷിതചൈതന്യത്തിൽ ഉണന്നു പ്രബുദ്ധമായി അണിനിരക്കാൻ തിരുമേനി സംഘടനാംഗങ്ങളെ ആഹ്വാനം ചെയ്യുകയുണ്ടായി.

**തിടനാട്:** പ. കന്യകയുടെ റാണിത്തത്തിരുനാൾ, കലാസുന്ദരമായി പണിതീർത്തിട്ടുള്ള തിടനാട്ടു് ജൂബിലിസ്മാരകകപ്പേളയിൽവച്ചു് അഭൂതപൂർവ്വമായ പരിപാടികളോടെ ആഘോഷിക്കപ്പെട്ടിരിക്കുന്നു. പള്ളിവികാരി റവ. ഫാ. ജോസഫ് പൊരുന്നോലിൽ അവർകളുടെ നേതൃത്വത്തിലും, വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിലും മേയ് 30-ാംനു രാവിലെ നാലുമണിക്കു് ആരംഭിച്ച ജപമാലപ്രക്ഷേപണം 36 മണിക്കൂറുകൊണ്ടു്, അമലോത്ഭവസത്യപ്രഖ്യാപനത്തിന്റെ 101-ാം വത്സരത്തെ അനുസ്മരിച്ചു് 101 പ്രാവശ്യം തികച്ചു. 31-ാംനു വൈകുന്നേരം 4 മണിക്കു് ദിവ്യകാരുണ്യാശീർവാദത്തോടെ ഈ ജപമാലയജ്ഞം അവസാനിച്ചു. അവസാനത്തിൽ കപ്പേളയിലെ മാതൃസ്വരൂപത്തിൽ കനകകിരീടം ചാർത്തുകയും, ദിവ്യകാരുണ്യാശീർവാദം നൽകുകയും ചെയ്തതു തലശ്ശേരി രൂപതാദ്ധ്യക്ഷൻ തിരുമേനിയായിരുന്നു. തുടന്നു നടന്ന പൊതുയോഗത്തിൽ തിരുമേനി തന്റെ രൂപതയ്ക്കുവേണ്ടി ആളും അത്ഥവും, വിശിഷ്യ പ്രാത്ഥനയും അഭ്യത്ഥിക്കുകയുണ്ടായി. ശ്രീ തോമസ് സെബാസ്റ്റ്യൻ പ്രസ്തുത യോഗത്തിൽ പ്രസംഗിച്ചു.

**അത്രർ:** പ്രവത്തനം മന്ദീഭവിച്ചു കിടന്നിരുന്ന സ്ഥലത്തെ സെൻറു് ജോസഫ് വായനശാല മേയ് 29-ാംതീയതി ഞായറാഴ്ച മുതൽ പ്രവത്തനം പുനരാരംഭിച്ചിരിക്കുന്നു.

**വകയാർ:** ഇടവകയിലെ സൺഡേസ്കൂളിന്റേയും, സൊഡാലിററിയുടേയും, ബാലസമാജത്തിന്റേയും ഏകോപിച്ചുള്ള വാർഷികയോഗം മേയ്മാസം 29-ാം തീയതി റവ. ഫാദർ ജോസഫ് അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പത്തനംതിട്ട ലീജിയൻ ക്യൂരിയാ സിക്രട്ടറി ബ്രദർ പി. സി. വറുഗീസ്, ശ്രീ തോമസ് കണ്ണയംപ്ലാക്കൽ എന്നിവരുടെ പ്രസംഗങ്ങളും, കുട്ടികൾക്കു സമ്മാനദാനവുമുണ്ടായിരുന്നു. പ്രസ്തുത സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ടി. കെ. ദാനിയേൽ അവർകളാൽ വിരചിതമായ സന്ദർഭോചിതമായ ഒരു പ്രഹസനവും നടത്തപ്പെടുകയുണ്ടായി.

**അമയന്നൂർ:** പുരാതനപ്രസിദ്ധമായ തെക്കേക്കര കുടുംബത്തിൽനിന്നും വെളിച്ചപ്പാട്ടു് പുത്തൻപുരയിൽ ശ്രീ മാത്യു അവർകൾ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിരിക്കുന്നു.

അമേരിക്കൻകത്തോലിക്കരുടെ സംഭാവനയായി ഇവിടെ കിട്ടിയ പാൽപ്പൊടി, ബട്ടർഓയിൽ മുതലായവ ജൂൺ 14-ാംനു മുതൽ ഇവിടെവച്ചു കാർഡടിസ്ഥാനത്തിൽ ജാതിമതഭേദമില്ലാതെ സാധുക്കൾക്കു വിതരണം ചെയ്തു വരുന്നു.

നരിവേലിപള്ളിഇടവകയിൽ സ്ഥാപിതമായിരിക്കുന്ന വിൻസെൻറു് ഡി പോൾ സഖ്യത്തിന്റെ അഞ്ചാമതുവാർഷികവും സെൻറു് സെബാസ്റ്റ്യൻസ് സൺഡേസ്കൂളിന്റെ എട്ടാമതുവാർഷികവും ജൂൺ 12-ാംനു 3 മണിക്കു് റവ. ഫാ. ജോസഫ് വേഴമ്പത്തോട്ടം അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. അന്നു വൈകിട്ടു് അയക്കുന്നം കലാമണ്ഡലംകാർ, "ഞാൻ വരുന്നു" എന്ന സംഗീതനാടകവും നടത്തുകയുണ്ടായി.


**അറക്കുളം പുത്തൻപള്ളി:** സ്ഥലം ചെറുപുഷ്പമിഷൻലീഗിന്റേയും സൊഡാലിററിയുടേയും സംയുക്തവാർഷികം റവ. ഫാ. ഹ്യൂബർട്ടു് സി. ഡി. യുടെ അദ്ധ്യക്ഷതയിൽ ചേന്നു. പ്രൊഫസർ എ. ടി. ദേവസ്യാ എം. എ. അവർകൾ പ്രസംഗിക്കുകയും കുട്ടികൾ വിവിധ കലാപ്രകടനങ്ങൾ നടത്തുകയുംചെയ്തു. മദ്രാസ്, വിശാഖപട്ടണം, തലശ്ശേരി എന്നീ രൂപതകൾക്കും മററുമായി 854 ക. 14 ണ ഇവിടെനിന്നും സംഭാവനചെയ്തിട്ടുണ്ടെന്നുള്ളതും സ്മത്തവ്യമത്രെ.

**കുന്നിഞ്ഞി:** ഈ ഇടവകയിലെ വിവിധ ഭക്തസംഘടനകളുടെ വാർഷികാഘോഷം ജൂൺ 5-ാംനു ഞായറാഴ്ച മൂന്നുമണിക്കു് സെൻറു് ആൻറണീസ് സ്കൂൾഹാളിൽവച്ചു് റവ. ഫാ. ജോസഫ് മാവുങ്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ ശ്രീ ജോൺ സി. തോമസു് ബി. എ., ജയിംസ് കെ. ജോർജ് ബി. എ. ഓണേഴ്സ് എന്നിവർ ഓരോ പ്രസംഗം നടത്തി. യോഗാനന്തരം എൽ. എഫ്. നടനകലാസമിതിയാൽ "ഞാനും വരുന്നു" എന്ന നാടകം വളരെ തന്മയത്വമായി അഭിനയിക്കപ്പെട്ടു.

ജൂൺ 6-ാംനു തിങ്കളാഴ്ച രാവിലെ 8 മണിക്കു് മാതൃസംഘത്തിന്റെ ഒരു ശാഖ ഇവിടെ ഉൽഘാടനം ചെയ്യപ്പെട്ടു.

—o—

## വിനോദവീഥി



"മധുരമൊള്ളതു തിന്നാ എന്റെ പല്ലു വേദനയെടുക്കും. അതു വിളമ്പരുതെന്നു് ഞാനെവളോടു നൂറു തവണപറഞ്ഞതാണു്..."

* * *



"ദേ ഭ്രനയബില്ലങ്ങു പാസാവും മുമ്പേ എന്റെ ഈ പത്തേക്കറു ഭൂമി ഞാനെന്റെ കുടിക്കുകത്തേക്കു കോരിമറിക്കും."




# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 | ERNAKULAM, JUNE 15 | No. 42


## സ്വകാര്യഉടമ—സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം

ധനം, ഭൂസ്വത്തു്, യന്ത്രോപകരണങ്ങൾ എന്നിവയും അവയെ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യുന്നതിനുള്ള കഴിവും ഒന്നിച്ചുചേരുമ്പോഴാണ് ഉല്പാദനസാദ്ധ്യത ഉണ്ടാകുന്നതു്. ഇവയെപ്പോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒരു ഘടകമാണ് തൊഴിൽ അഥവാ അദ്ധ്വാനം. അതുകൊണ്ടു് തൊഴിലും ഇന്നു മൂലധനത്തിന്റെ മാന്യപദവിയിലേക്കുയർന്നിരിക്കുകയാണ്. ഈ തത്വത്തെ ആധാരമാക്കിയാണ് പരിശുദ്ധ മാർപ്പാപ്പാമാർ ആധുനികസാമൂഹികനീതിയുടെ സിദ്ധാന്തങ്ങളെ ക്രോഡീകരിച്ചിരിക്കുന്നതു്. തൊഴിലാളിക്കു ന്യായമായ കൂലിമാത്രം കിട്ടുന്നതുകൊണ്ടു് സാമൂഹികനീതി പൂർണ്ണമായി നിർവ്വഹിക്കപ്പെടുന്നില്ലെന്നും, "വ്യവസായത്തിന്റെ ഉടമയിലും നിയന്ത്രണത്തിലും ലാഭത്തിലും ഒരു ഭാഗം" അവനു ലഭിക്കേണ്ടതാവശ്യമാണെന്നും അവർ സിദ്ധാന്തിക്കുന്നുണ്ടു്. ഈ വസ്തുതയെ മുൻനിർത്തി ബിഷപ്പ് ഫുൾട്ടൻ ഷീൻ നൽകുന്ന ഒരാഹ്വാനം ഇപ്രകാരമാണ്: "തൊഴിലാളികൾ ഉൽപ്പാദകമൂലധനത്തിന്റെ പുനർവിഭജനത്തിനുവേണ്ടി വാദിക്കുന്നതിനു പകരം ഉൽപ്പന്നമായ സ്വത്തിന്റെ പങ്കിനുവേണ്ടി വാദിക്കുവാൻ പ്രേരണനൽകിക്കൊണ്ടിരിക്കുന്ന രണ്ടാംകിട നേതാക്കന്മാരെ അവർ പുറംതള്ളട്ടെ." ഇതിന്റെയെല്ലാം അർത്ഥം തൊഴിൽ ഒരു ഉൽപ്പാദകഘടകമാണെന്നും മൂലധനത്തിനും വ്യാവസായികപ്പാനിംഗിനും അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു സ്ഥാനം അതിനും നൽകപ്പെടണമെന്നുമാണ്. പക്ഷെ തൊഴിലാളികൾപോലും ഇതു മനസ്സിലാക്കുന്നില്ല. വ്യക്തിമുതലാളികളുടെ അടുത്തെന്നപോലെ രാഷ്ട്രമുതലാളികളുടെ കൈയിലും തൊഴിലാളിയുടെ മാന്യമായ ഈ അവകാശം ഇന്നു സുരക്ഷിതമല്ല. ജനകീയഭരണമെന്നറിയപ്പെടുന്ന പാർട്ടിഭരണത്തിലും ഈ മൗലികതത്വം അവഗണിക്കപ്പെടുകയാണ് അനുഭവം.

"ഫ്റീഡം അണ്ടർ ഗോഡ്" എന്ന പ്രശസ്തമായ ഗ്രന്ഥത്തിൽ ബിഷപ്പ് ഫുൾട്ടൻ ഷീൻ ഇതേപ്പററി സമ്യക്കായി പ്രതിപാദിച്ചിട്ടുണ്ടു്. അദ്ദേഹം പറയുന്നു: "പ്രായോഗികമായി പറഞ്ഞാൽ തൊഴിലാളിവിഭാഗത്തിന്റെ ഇന്നത്തെ വാദം മുഴുവനും തൊഴിൽസമയത്തേയും തൊഴിൽനിയമത്തേയും തൊഴിൽസാഹചര്യങ്ങളുടെ പരിഷ്ക്കാരത്തേയും, സംഘടനാവകാശങ്ങളേയും മുൻനിർത്തിയുള്ളതാണ്. ഇവയെല്ലാം നല്ലതും ആവശ്യകവും അനുപേക്ഷണീയവുമാണ്, തീർച്ച. ഇവ നിരുത്സാഹപ്പെടുത്തപ്പെടരുതു്; പ്രത്യുത പ്രോത്സാഹിപ്പിക്കപ്പെടണം. പക്ഷെ ഈ വാദഗതിയിൽനിന്നു പ്രത്യക്ഷമാകുന്നതു്, ഇന്നു തൊഴിലാളികൾ അവരുടെ ലക്ഷ്യത്തിനുവേണ്ടിയല്ല വാദിക്കുന്നതു്, പ്രത്യുത അതിന്റെ മാർഗ്ഗങ്ങൾക്കുവേണ്ടിയാണ് എന്നത്രെ. മനുഷ്യന്റെ ജഡികമായ ആവശ്യങ്ങളെ നിവർത്തിക്കുന്നതിനു പോരുന്നവ മാത്രമാണ് അവരഭിലഷിക്കുന്നതു്; ഒരു മനുഷ്യവ്യക്തി എന്നുള്ള നിലയിൽ അവന്റെ അഭിമാനത്തിനു ചേരുന്നവയെപ്പററി അവനു ചിന്തയില്ല." ചുരുക്കത്തിൽ തൊഴിലാളി അവന്റെ അന്തസ്സിനെ മറന്നു് വയറിനെപ്പററിമാത്രം ചിന്താകുലനാകുന്നു!

### തൊഴിലാളിയുടെ വ്യക്തിമാഹാത്മ്യം

ഒരു മനുഷ്യവ്യക്തിക്കു രണ്ടു മണ്ഡലങ്ങളിൽ പ്രവർത്തിക്കേണ്ടതുണ്ടു്. ശരീരത്തോടനുബന്ധപ്പെട്ട ജഡികരംഗം, ആത്മാവിനോടനുബന്ധപ്പെട്ട ആദ്ധ്യാത്മികരംഗം. ഇവ രണ്ടും സമ്യക്കായി ഒന്നിച്ചു പോകേണ്ടതാണ്. ആത്മശരീരങ്ങൾ എങ്ങിനെ മനുഷ്യന്റെ വ്യക്തിത്വത്തിൽ യോജിച്ചിരിക്കുന്നുവോ അതുപോലെതന്നെ അവയുടെ പ്രവർത്തനമണ്ഡലങ്ങളിലും അവ ഒത്തിണങ്ങിപ്രവർത്തിക്കണം എന്നതു യുക്തിയുക്തമാണ്. ഓരോ മനുഷ്യനും സ്വതന്ത്രവും വ്യക്തിഗതവുമായ ഒരാത്മാവാണുള്ളതു്. അതുകൊണ്ടു അവന്റെ മാനുഷികമായ പ്രവർത്തനങ്ങൾക്കു സ്വതന്ത്രമായ ഒരു മണ്ഡലം ഒഴിച്ചുകൂടാത്തതാണ്. സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രപരമായും ഉള്ള സ്വാതന്ത്ര്യസ്ഥിതിയാണ് അവനാവശ്യമായിരിക്കുന്നതു്. ഈ സ്ഥിതിവിശേഷം കൈവരിക്കുന്നതിനു് അനിവാര്യമായ ഒരു ഘടകമാണ് സ്വകാര്യഉടമ. ബിഷപ്പ് ഷീൻ ഈ തത്വത്തെ വിശദീകരിക്കുന്നതിങ്ങനെയാണ്:—"ഉല്പാദകസ്വത്തിന്മേൽ നിങ്ങൾക്കുള്ള ഉടമ ഏതാനും ചില കാപ്പിററലിസ്റ്റ് മുതലാളികൾക്കോ അഥവാ ഗവമ്മേണ്ടു സ്വേച്ഛാധിപതികൾക്കോ നിങ്ങൾ അടിയറവയ്ക്കുക. അവർ നിങ്ങൾക്കു പാൽപ്പായസവും സിനിമാശാലയിലേക്കു ടിക്കററുകളും പ്രതിപകരം തന്നേക്കാം. എന്നാൽ ഇതിന്റെ ഉദ്ദേശ്യം നിങ്ങളെ അടക്കിയിരുത്തുവാനാണ്. കൂടുതൽ കൂടുതൽ ബ്റൃഹത്തായ വ്യവസായശാലകളിൽ നിങ്ങൾക്കുദ്യോഗവും സുഭിക്ഷമായ ഭക്ഷണവും വീട്ടിലേക്കയക്കാൻ കൂടുതൽ പണവും ലഭിച്ചെന്നുംവരാം. പക്ഷെ നിങ്ങളുടെ നില വെറും അടിമകളുടേതായിരിക്കും."

തൊഴിലാളിയുടെ വ്യക്തിമാഹാത്മ്യവും സ്വാതന്ത്ര്യവും നിലകൊള്ളുന്നതു്, ചെറുതെങ്കിലും അവനുള്ള സ്വകാര്യസ്വത്തുടമയേയും, ഉല്പാദകമൂലധനത്തിന്മേലുള്ള പങ്കിനേയും, ഇവയുടെ സമ്പാദനത്തിനും കൈകാര്യകർത്തൃത്വത്തിനുംവേണ്ടി പോരാടുന്നതിനുള്ള അവകാശത്തേയും ആശ്രയിച്ചാണ്. ഈ അവകാശങ്ങളുടെ കൈയൊഴിയൽ അവന്റെ വിനാശകാരണമായിരിക്കും. മുതലാളിത്തത്തിന്റെ വറചട്ടിയിൽനിന്നു സ്റ്റേററാകുന്ന അടുപ്പിലേക്കുള്ള ഒരൊട്ടത്തുചാട്ടംകൊണ്ടു തൊഴിലാളിക്കു എന്തു മേന്മയാണ് ഉണ്ടാവുക. ഒരു യജമാനനെ മാറി വേറൊരു യജമാനനെ സ്വീകരിക്കുന്നു എന്നുമാത്രം. അതിൽ യാതൊരു സ്വാതന്ത്ര്യലാഭവുമില്ല. തൊഴിലാളി യഥാർത്ഥത്തിലുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടണം. ഇന്നത്തെ രീതിയിലുള്ള വർഗ്ഗവിദ്വേഷവും തൊഴിൽവിപ്ലവവുംകൊണ്ടു തൊഴിലാളി അവന്റെ ലക്ഷ്യസ്ഥാനമായ വ്യക്തിമാഹാത്മ്യത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉന്നമിക്കുകയില്ല. സുചിന്തിതവും സുദൃഢവുമായ പ്ലാനുകളിലൂടെ പുരോഗമിക്കണം. വ്യവസായത്തിൽ ഒരു വിഭാഗം നേതൃത്വം വഹിക്കുകയും, ഒരു വിഭാഗം അദ്ധ്വാനം സഹിക്കുകയും, ഇനിയൊരു വിഭാഗം ഇവ രണ്ടും നിർവ്വഹിക്കുകയും ചെയ്യേണ്ടതുണ്ടു്. അദ്ധ്വാനം ചെയ്യുന്ന വിഭാഗത്തെ അടിമകളാക്കാൻ ഇടവരരുതു്. അവർക്കു സുഭിക്ഷമായ ഭക്ഷണവും സുഖപ്രദമായ വാസസ്ഥലവും വിനോദങ്ങൾക്കുള്ള സൗകര്യങ്ങളും നൽകുന്നതുകൊണ്ടു് അവരുടെ ലക്ഷ്യം പൂർണ്ണമായും സാധിതമാകുന്നില്ല. അവരുടെ വികസനത്തിനുള്ള സ്വാതന്ത്ര്യം അവർക്കു സുനിശ്ചിതമായിരിക്കണം. സ്വകാര്യഉടമകൊണ്ടുമാത്രമേ ഈ അവകാശം സുനിശ്ചിതമാവുകയുള്ളു. വ്യവസായത്തിൽതന്നെയും തൊഴിലാളിയും മുതലാളിയും തമ്മിലുള്ള സംഘട്ടനം ഇല്ലാതാവുകയും അവർ ഒരേ സംരംഭത്തിലെ രണ്ടു പങ്കുഘടകങ്ങളാണെന്നുള്ള നില കൈവരുകയും ചെയ്യണം. ഓരോ കൂട്ടരും അവരവരുടെ കർത്തവ്യങ്ങളെ നിറവേററുന്നതിനും മററുള്ളവരുടെ അവകാശങ്ങളെ ആദരിക്കുന്നതിനും സന്നദ്ധമായാൽ മാത്രമേ ഈ സ്ഥിതിവിശേഷം സംജാതമാവുകയുള്ളു എന്നു പറയേണ്ടല്ലോ. ഇതിനു സംഘടനകൾ സഹായകങ്ങളാണ്, ആവശ്യകങ്ങളുമാണ്. പക്ഷെ സംഘടനാബലം ദുരുപയോഗിക്കപ്പെടുകയും നീതിരഹിതമായി മററുള്ളവരുടെ അവകാശാധികാരങ്ങളെ കൈയേറുന്നതിനു വിനിയോഗിക്കപ്പെടുകയും ചെയ്യുമ്പോൾ വ്യവസായമണ്ഡലം അതിന്റെ ഘടകങ്ങൾക്കു ഒരുപോലെ വിനാശകാരണമായി പരിണമിക്കുന്നു.

### സാക്ഷാത്തായ സ്വാതന്ത്ര്യം

വ്യക്തി എന്ന ആദ്ധ്യാത്മികസത്തയുടെ സ്വയം നിയന്ത്രണാവകാശത്തിലാണ് സാക്ഷാത്തായ സ്വാതന്ത്ര്യം നിലകൊള്ളുന്നതു്. ദൈവം മനുഷ്യനെ വിവേചനാബുദ്ധിയും സ്വതന്ത്രമനസ്സുമുള്ള ഒരു ആദ്ധ്യാത്മികസത്തയായി സൃഷ്ടിച്ചിരിക്കുന്നതുകൊണ്ടു് ഈ അവകാശം അവനു ജന്മായത്തമാണ്. വ്യക്തിത്വത്തിന്റെ വിശകലനം സ്പഷ്ടമായി കാണിച്ചുതരുന്ന ഒരു യാഥാർത്ഥ്യമാണ് പരമമായി മനുഷ്യൻ ദൈവത്തോടാണ് ഉത്തരവാദിത്വപ്പെട്ടിരിക്കുന്നതു് എന്ന വസ്തുത. രണ്ടാമതായി അവൻ അവനോടു തന്നെയുള്ള ഉത്തരവാദിത്വങ്ങൾക്കു വിധേയനായിരിക്കുന്നു. ഈ ഉത്തരവാദിത്വങ്ങളെ നിറവേററുന്നതിൽ, അവൻ ഒരു സാമൂഹികജീവിയായതുകൊണ്ടു് വ്യക്തിഗതമായ കടമകൾക്കു പുറമെ കുടുംബപരമായും സാമൂഹികമായും രാഷ്ട്രീയമായുമുള്ള കർത്തവ്യങ്ങളും പാലിക്കപ്പെടേണ്ടതായി വരുന്നു. അതുകൊണ്ടാണ് പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ പറഞ്ഞിട്ടുള്ളതു്:- "വിവിധ വസ്തുക്കളുടെ പരമമായ ക്രമീകരണത്തിൽ മനുഷ്യൻ സ്വയം നിർണ്ണയാവകാശമുള്ള ഒരാളാണ്. അതായതു്, അലംഘനീയമായ അവകാശകർത്തവ്യങ്ങളുടെ ആസ്ഥാനവും അതേസമയംതന്നെ അവന്റെ സാമൂഹികമായ ജീവിതത്തിന്റേയും അതിന്റെ ലക്ഷ്യത്തിന്റേയും അടിസ്ഥാനവും മനുഷ്യൻ തന്നെയാണ്" എന്നു്. ചുരുക്കത്തിൽ എല്ലാ വസ്തുക്കളുടേയും ഉടമാവകാശം അടിസ്ഥാനപരമായി മനുഷ്യവ്യക്തിയിലാണ്, സമൂഹത്തിലല്ല. അതു് രാഷ്ട്രത്തിലല്ല, പ്രത്യുത ആദ്ധ്യാത്മികമായ മനുഷ്യവ്യക്തിത്വത്തിന്റെ മഹത്വത്തിലാണ് നിലകൊള്ളുന്നതു്. ധനത്തിന്റെ ധാരാളത്വത്തിനു് അതിൽ വലിയ സ്ഥാനമില്ല, നേരെ മറിച്ചു് ഓരോ വ്യക്തിക്കും ആവശ്യാനുസരണം അതിനെ വിനിയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിലാണ്—സ്വകാര്യ ഉടമയിലാണ്—അതു നിലകൊള്ളുന്നതു്. മനുഷ്യസ്വാതന്ത്ര്യത്തിന്റെ ഈ അടിസ്ഥാനതത്വത്തെ വേണ്ടവിധത്തിൽ മനസ്സിലാക്കി പ്രവർത്തിക്കുമ്പോൾ മാത്രമേ മനുഷ്യജീവിതം അർത്ഥവത്താകുവാൻ സാദ്ധ്യമാവുകയുള്ളു.

## പ്രസാധകക്കുറിപ്പുകൾ

### തൊഴിലാളി യൂണിയൻ നേതൃത്വം തൊഴിലാളികളിലേക്കു്

ഈമാസം 6-ാംനു എറണാകുളത്തെ ടാററാക്കമ്പനിയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ തൊഴിലാളിപ്രതിനിധികൾ ഒന്നിച്ചുകൂടി സുദീർഘമായ ചർച്ചകൾക്കുശേഷം അടുത്ത യൂണിയൻ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ യൂണിയനംഗങ്ങളെത്തന്നെ സ്ഥാനാർത്ഥികളായി നിർത്തി വിജയിപ്പിക്കണമെന്നു ഐകകണ്ഠ്യേന തീരുമാനിച്ചിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. തൊഴിലാളികളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ തൊഴിലാളികൾതന്നെ കൈകാര്യം ചെയ്യണമെന്നുള്ള മഹത്തായ തത്വത്തെ ആധാരമാക്കിയുള്ള ഈ തീരുമാനം തൊഴിലാളിസംഘടനകളുടെ ചരിത്രത്തിൽ കേരളത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കുകയാണ്. ഇപ്രകാരം ഒരു നേതൃത്വം നൽകുന്നതിനുള്ള കഴിവു പ്രബലമായ ടാററാതൊഴിലാളി യൂണിയനുണ്ടു് എന്നു വിദിതമാണ്. തൊഴിലാളിയൂണിയനുകളുടെ വികസനത്തേയും പുരോഗതിയേയും പ്രാബല്യത്തേയും വളരെ സഹായിക്കുന്ന ഈ നടപടി കാലോചിതമായി സ്വീകരിക്കുന്നതിനു മുന്നോട്ടുവന്നിട്ടുള്ള ടാററാ തൊഴിലാളിയൂണിയനെ ഞങ്ങൾ അനുമോദിക്കുകയും അവരുടെ ധീരമായ സംരംഭത്തിനു സകല വിജയങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു. കേരളത്തിലുള്ള ഇതരതൊഴിലാളി സംഘടനകളും ഈ മാതൃകയെ അനുകരിക്കുമെന്നു പ്രതീക്ഷിക്കുന്നു. നമ്മുടെ തൊഴിലാളിസംഘടനകൾ ഓരോ രാഷ്ട്രീയകക്ഷികളുടേയും ഇടതുപക്ഷശക്തികളുടേയും നേതൃത്വം സ്വീകരിച്ചുപോന്നതുകൊണ്ടു് അവരുടെ രാഷ്ട്രീയാഭീഷ്ടങ്ങൾക്കും ആദർശപ്രേരണകൾക്കും വെറും ഉപകരണങ്ങളായി ഉപയോഗിക്കപ്പെടുന്നതിനും തൊഴിലാളിതാല്പര്യങ്ങളെ ബലികഴിക്കുന്നതിനും ഇടയായിട്ടുണ്ടെന്നുള്ളതു് എല്ലാവർക്കും ബോദ്ധ്യമായിക്കഴിഞ്ഞിട്ടുള്ള ഒരു വസ്തുതയാണ്. തൊഴിലാളിസംഘടനാപ്രവർത്തനങ്ങളുടെ ആരംഭകാലത്തു തൊഴിലാളികൾക്കുതന്നെ അവയുടെ നേതൃത്വം വഹിക്കുന്നതിനു വേണ്ടത്ര പരിചയമില്ലാതിരുന്നതുകൊണ്ടും അവരുടെ സംഘടനാശക്തിയെ ചൂഷണംചെയ്തു സ്വാർത്ഥം നേടുന്നതിനു തരംനോക്കി നേതൃമ്മന്യന്മാർ ചാടിവീണതുകൊണ്ടും വന്നുവശായ ഒരമളിയാണ് ഇന്നുവരേയും അവരനുഭവിച്ചുപോന്ന വിപത്തിനു കാരണമായതു്. പ്രബുദ്ധമായ തൊഴിലാളിസംഘടനകൾ അവയെക്കൊണ്ടു കാര്യംകാണുവാൻമാത്രം അവയെ ചട്ടുകങ്ങളാക്കി ഉപയോഗപ്പെടുത്തുന്ന പുറമേനിന്നുള്ള നേതൃത്വങ്ങളെ ദൂരെ എറിയുന്നതിനും സ്വന്തം താല്പര്യങ്ങളെ പരിരക്ഷിക്കുന്നതിനു തക്ക ആരോഗ്യപരമായ നടപടികൾ സ്വീകരിക്കുന്നതിനും മുന്നോട്ടുവരുന്നതു ഏററം ശുഭസൂചകമായ ഒരു പുരോഗതിയെ കുറിക്കുന്ന സംഭവമാണ്.

x x x

### വിദേശപര്യടനത്തിൽ നെഹ്റുവിന്റെ സന്ദേശം

ഇപ്പോൾ റഷ്യയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ ജവഹർലാൽ നെഹ്റു ഇന്ത്യ വിടുന്നതിനുമുമ്പു പൂനായിൽവച്ചു അദ്ദേഹത്തിന്റെ പര്യടനോദ്ദേശ്യത്തെ വിശദീകരിക്കുകയുണ്ടായി. "മോസ്കോയിലോ മറേറതെങ്കിലും തലസ്ഥാനനഗരിയിലോ എനിക്കു പ്രത്യേകമായി യാതൊരു ജോലിയുമില്ല. എന്നാൽ വളരെ പ്രധാനമായ ഒരു ജോലി എനിക്കു നിർവ്വഹിക്കേണ്ടതായുണ്ടു്. ഏഷ്യയിലേയും മററു രാജ്യങ്ങളിലേയും ജനതയ്ക്കുവേണ്ടി സമാധാനത്തിന്റേയും സൗഹാർദ്ദത്തിന്റേയും സഹകരണത്തിന്റേയും സന്ദേശം വഹിക്കുക എന്നുള്ളതാണ് ആ ചുമതല. ഇന്ത്യൻ പ്രസിഡന്റിന്റെ സന്ദേശം പ്രത്യേകമായും അറിയിക്കണമെന്നു ഞാൻ ഡൽഹി വിടുന്നതിനുമുമ്പു അദ്ദേഹം എന്നോടാവശ്യപ്പെട്ടിട്ടുണ്ടു്. ഇന്ത്യയുടെ ശബ്ദം സമാധാനത്തിന്റേയും സൗഹാർദ്ദത്തിന്റേയും ശബ്ദമാണ്, യുദ്ധത്തിന്റെ ശബ്ദമല്ല. ഈ സന്ദേശം മാത്രമല്ല, ഞാൻ എന്റെ ഹൃദയത്തിൽ ഇന്നത്തെ ഇന്ത്യയുടെ ഒരു ചിത്രം—പുരോഗതിയിലേക്കുമുന്നേറിക്കൊണ്ടിരിക്കുന്ന യുവജനങ്ങളുടെ ചിത്രം—കൂടി സൂക്ഷിച്ചുവയ്ക്കുന്നതായിരിക്കും. എന്റെ യാത്രാവേളയിൽ എപ്പോഴും ഞാനീ ചിത്രം മനസ്സിൽ വയ്ക്കുകയും, പുരോഗതിക്കുവേണ്ടിയും നമ്മുടെ മുമ്പിലുള്ള മഹത്തായ കൃത്യം നിറവേററുന്നതിനുവേണ്ടിയും ഈ രാഷ്ട്രമെടുത്തിട്ടുള്ള ദൃഢനിശ്ചയത്തെപ്പററി ഞാൻ സന്ദർശിക്കുന്ന രാജ്യങ്ങളിലെ ജനങ്ങളോടു പറയുന്നതുമായിരിക്കും" എന്നാണ് അദ്ദേഹം അതേപ്പററി പ്രസ്താവിച്ചതു്. സ്വാർത്ഥോദ്ദേശ്യങ്ങൾ കൂടാതെ ലോകസമാധാനത്തിൻ വേണ്ടി നിരന്തരം പ്രവർത്തിച്ചുപോരുന്ന ഭാരതത്തിലെ അംഗീകൃതനേതാവായ പണ്ഡിററ്ജിയുടെ സമാധാനദൗത്യം ലോകത്തിന്റെ പരസ്പരാവിശ്വാസത്തെ ദൂരീകരിക്കുന്നതിനും സൗഹാർദ്ദതയിലേക്കും സഹകരണത്തിലേക്കും അതിനെ നയിക്കുന്നതിനും സഹായകമാകുമെന്നു വിശ്വസിക്കുവാൻ ധാരാളം ന്യായങ്ങളുണ്ടു്. എല്ലാ ലോകശക്തികൾക്കും സ്വീകാര്യനും ബോദ്ധ്യവാനുമായ ഒരു പ്രശസ്തവ്യക്തി അവരവരുടെ രാജ്യകേന്ദ്രങ്ങളിൽചെന്നു ആലോചകകാര്യങ്ങളെപ്പററി നടത്തുന്ന ചർച്ചകൾ തുറന്ന ഹൃദയങ്ങളോടെ സ്വീകരിക്കപ്പെടുമെന്നും സമാധാന

വാരാന്ത്യവീക്ഷണം

# ബുൾഗാനിൻ ഒരു നല്ല നടൻ

(സി. ഐ. ജോൺ)

വിശ്വസിക്കുവാനും അവിശ്വസിക്കുവാനും നിവൃത്തിയില്ലാത്ത തരത്തിലുള്ള പല സംഭവഗതികളും ഒരു സിനിമയിൽ എന്നപോലെ കഴിഞ്ഞയാഴ്ച ലോകരംഗത്തു നടന്നുകഴിഞ്ഞു. 1948-ൽ സോവിയറ്റു റഷ്യയുമായി പിണങ്ങിപ്പിരിഞ്ഞ ടിറ്റോയെ പിടിക്കുവാൻ "ചാക്കുമായി" യൂഗോസ്ലാവിയായിലേക്കു പോയ ക്രൂഷ്ചോവും ബുൾഗാനിനും ആ കൃത്യം ഒരുവിധം ഭംഗിയായി നിർവ്വഹിക്കുകയുണ്ടായി. അവർ ഒന്നുചേർന്നു പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനയിൽ ശുദ്ധാത്മാക്കളായ സാധാരണ ജനങ്ങളെ വശീകരിക്കുവാനുള്ള എല്ലാവിധ തന്ത്രങ്ങളും അടങ്ങിയിട്ടുണ്ടു്. യുദ്ധഭീതിയിൽനിന്നു് ലോകത്തെ ഒഴിച്ചുനിറുത്തുവാൻ, ന്യൂക്ലിയർ ആയുധങ്ങളുടെ ഉപയോഗം തടയുവാൻ, സമാധാനപരമായ സഹവർത്തിത്വം പുലർത്തുവാൻ, ബാൻഡൂങ്ങ് സമ്മേളനം അംഗീകരിച്ച പരിപാടികൾ ശരിവയ്ക്കുവാൻ, അങ്ങനെ നൂറുനൂറു നല്ല കാര്യങ്ങൾ ചെയ്യുവാനാണു് മോസ്കോ നേതൃത്വവും ബൽഗ്രേഡ് നേതൃത്വവും പരിശ്രമിക്കുന്നതെന്നു് വരുത്തിക്കൂട്ടുന്നതിനുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള ആ പ്രസ്താവനയ്ക്കു ലോകരാഷ്ട്രങ്ങൾ പിന്തുണ നൽകണമെന്നും അങ്ങനെ ലോകസമാധാനത്തിന്റെ നെടുംതൂണായി സോവിയറ്റു റഷ്യക്കു പരിലസിക്കണമെന്നും ഉദ്ദേശമുള്ളതുപോലെ തോന്നുന്നു. ക്രൂഷ്ചോവിന്റെ ഒരു വെടിക്കു് ഒന്നിലധികം പക്ഷികൾ നിലംപതിച്ചിരിക്കുകയാണു്. ബുൾഗാനിനും പാർട്ടിയും യൂഗോസ്ലാവിയൻ മണ്ണിൽ കാലുകുത്തിയപ്പോൾതന്നെ യൂഗോസ്ലാവിയായിൽ ആകമാനം ഒരു ചലനം ഉളവാകുകയുണ്ടായി. ആ ചലനം ഭാവിയിൽ മോസ്കോയുടെ പ്രതിചലനമാകുമോ എന്നു് ഈ അവസരത്തിൽ ബലമായും സംശയിക്കാവുന്നതാണു്. 1948 മുതൽ ഈ അടുത്ത ദിവസംവരെ യൂഗോസ്ലാവിയൻ കമ്മ്യൂണിസ്റ്റു് പാർട്ടിയെപ്പറ്റി "പൂരപ്പാട്ടു്" പാടിക്കൊണ്ടിരുന്ന മോസ്കോറേഡിയോ അഭിനന്ദനസന്ദേശങ്ങൾ പ്രക്ഷേപണം ചെയ്യുവാൻ തുടങ്ങിയിരിക്കുകയാണു്. ഒരു വിമാനം നിറച്ചു് മംഗളാശംസകളുമായിട്ടാണു് ക്രൂഷ്ചോവു് യൂഗോസ്ലാവിയായിൽ ഇറങ്ങിയതുതന്നെ. ഇവയുടെയെല്ലാം പിന്നിൽ കറുത്തുകനത്ത ചില ഗൂഢോദ്ദേശങ്ങളുണ്ടെന്നും അതു് സോവിയറ്റു ലോകാധിപത്യത്തിന്റെ വ്യാപ്തിയെ ഉദ്ദേശിച്ചുള്ളതാണെന്നും പകൽപോലെ തെളിഞ്ഞു കാണാവുന്നതാണു്. ഏഷ്യയിലേയും, യൂറോപ്പിലേയും സ്വാതന്ത്ര്യരാഷ്ട്രങ്ങളെ "ചുവപ്പുചേല" ചുറ്റിക്കുവാൻ സ്റ്റാലിന്റെ കാലത്തുതന്നെ തയാറാക്കിവച്ചിട്ടുള്ള ചില പ്ലാനുകൾ ഓരോന്നോരോന്നായി എടുത്തു പ്രയോഗിക്കുകയാണിന്നു്. ജനാധിപത്യത്തിന്റെ കുരുന്നിൽ കത്തിവയ്ക്കുവാനുള്ള സംരംഭങ്ങൾക്കുവേണ്ടി ഹൃദയാന്തർഭാഗം പ്രവർത്തിക്കുമ്പോൾ നിരായുധീകരണം എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു് പുഞ്ചിരിപൊഴിക്കുന്ന വദനത്തോടുകൂടിനിന്നു് ലോകരാഷ്ട്രങ്ങളെ വീക്ഷിച്ചുകൊണ്ടു് "സമാധാനം" പ്രസംഗിക്കുവാൻ ചാർളി ചാപ്ലിനെക്കാൾ കഴിവുള്ള ഒരു അന്താരാഷ്ട്രനടനാണു് റഷ്യൻ പ്രധാനമന്ത്രി മാർഷൽ ബുൾഗാനിൻ. "നിരീശ്വരത്വം പ്രചരിപ്പിക്കുന്നതിനുവേണ്ടി ഈശ്വരവിശ്വാസിയായി ചമയേണ്ടിവന്നാൽ അതിനു നാം തയാറായിക്കൊള്ളണം" എന്ന വി. ഐ. ലെനിന്റെ വാക്കുകൾ അദ്ദേഹം അക്ഷരംപ്രതി അനുസരിക്കുന്നുണ്ടെന്നു തോന്നുന്നു.

സോവിയറ്റുനേതൃത്വം അവരുടെ സമാധാനനാടകത്തിന്റെ റിഹേഴ്സൽ നടത്തിക്കൊണ്ടിരുന്നപ്പോൾതന്നെ ക്രംലിനിൽ ചില പൊട്ടിത്തെറിക്കലുകൾ ഉണ്ടായി. മാർഷൽ ടിറ്റോയെ സോവിയറ്റുനേതൃത്വവുമായി അകറ്റിനിറുത്തുവാൻ കാരണക്കാരൻ ബെറിയായാണെന്നു ആരോപണമുയർന്നു. ജീവിച്ചിരിക്കുന്ന ഉന്നതന്മാരായ വ്യക്തികളെപ്പറ്റി നേതൃത്വം ആരോപണമുന്നയിച്ചാൽ അതിനു സമാധാനം പറഞ്ഞു പാരമ്പര്യമില്ലാത്ത റഷ്യയിൽ കുരുതികഴിച്ച ബെറിയായെപ്പറ്റി ഉന്നയിച്ച ആരോപണത്തിനു് ആരുത്തരം പറയാനാണു്. ഏതായാലും ചത്തുപോയ ആ മനുഷ്യന്റെ തലയിൽ വീണ്ടും കുറ്റം കയറ്റിവച്ചു. എന്നിട്ടും ക്രൂഷ്ചോവും, ബുൾഗാനിനും അടങ്ങിയില്ല. ആ കുറ്റത്തിനു് ഒരു ചെറിയ പങ്കു് മൊളോട്ടോവും വഹിച്ചിട്ടുണ്ടെന്നാണു് ഒരു പുതിയ ചാർജ്. ടിറ്റോയെ കുലദ്രോഹിയായി മുദ്രയടിച്ചു് പുറംതള്ളിയതിന്റെ മുഴുവൻ ഉത്തരവാദിത്വവും സ്റ്റാലിനുതന്നെയാണു്. മോസ്കോ വിചാരണയിൽ കള്ളപ്രമാണങ്ങൾ സൃഷ്ടിച്ചു് സ്റ്റാലിന്റെ ഭാഗം വക്കാലത്തുപിടിച്ചു വാദിച്ചുജയിച്ച വിഷിൻസ്കിക്കും, അന്നു് വിഷിൻസ്കിയുടെമേൽ ചില സ്വാധീനശക്തികളെല്ലാം ഉണ്ടായിരുന്ന മൊളോട്ടോവിനും, ടിറ്റോയെ പുറത്താക്കിയതിൽ ചില്ലറ കൈയൊന്നുമില്ലെന്നു പറയാൻ നിവൃത്തിയില്ലെങ്കിലും, സ്റ്റാലിന്റെ ആജ്ഞാനുവർത്തികളായിരുന്ന ഇവക്കു് അന്നതു കൂടാതെ കഴിക്കുവാൻ അസാദ്ധ്യവുമായിരുന്നു. എന്നാൽ ബെറിയാ തികച്ചും ഇതിൽ ഇടപെട്ടിരുന്നില്ലെന്നുള്ളതിനു് നിരവധി തെളിവുകളുണ്ടു്. ചരിത്രത്തിന്റെ നേരെയുള്ള ഒരവഹേളനമായിട്ടേ ഈ ബെറിയാവിരുദ്ധപ്രസ്താവനയെ കണക്കാക്കാവൂ. ഈ പ്രസ്താവനയുടെ പിന്നിൽ വ്യക്തമായ രണ്ടുദ്ദേശ്യങ്ങളുണ്ടു്. ഒന്നു ടിറ്റോയുടെ പ്രീതിസമ്പാദനം, രണ്ടു് മൊളോട്ടോവിന്റെ സ്ഥാനനീക്കം. പ്രായാധിക്യംനിമിത്തം മൊളോട്ടോവു രാജിവയ്ക്കുവാനിടയുണ്ടെന്ന വാർത്ത കുറച്ചു മുൻപുതന്നെ പ്രചരിച്ചിരുന്നു. എന്നാൽ മലങ്കോവിന്റെ പതനത്തോടുകൂടി ക്രൂഷ്ചോവും മൊളോട്ടോവുമായി സ്വരച്ചേർച്ചയില്ലാതായിത്തീരുകയും, ആസ്ട്രിയൻ ഉടമ്പടി, വാർസോ സമ്മേളനം, ചതുശ്ശക്തികോൺഫറൻസ് എന്നീ കാര്യങ്ങളിലും ഉരുക്കുവ്യവസായപ്രശ്നത്തിലും ആ അഭിപ്രായവ്യത്യാസം കൂടുതൽ രൂക്ഷമാകുകയുമുണ്ടായി. അതേത്തുടർന്നാണു് മൊളോട്ടോവിന്റെനേരെ ക്രൂഷ്ചോവിനു വിദ്വേഷം വർദ്ധിക്കുവാൻ കാരണം. റഷ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഒന്നാംസെക്രട്ടറി എന്ന നിലയിൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ എതിർക്കുന്ന ആളുകളുടെ അസ്തിത്വത്തിനു് യു. എസ്. എസ്. ആറിൽ സ്ഥാനമില്ലല്ലോ? എന്നാൽ റഷ്യൻ വിദേശകാര്യമന്ത്രിയെന്ന നിലയിൽ ലോകപ്രശസ്തിയാർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ളയാളും ഒരൊന്നാംതരം രാജ്യതന്ത്രജ്ഞനെന്ന നിലയിൽ പ്രശോഭിതനുമായ മൊളോട്ടോവിനെ കാഗോ കാങ്ങിനെപ്പോലെ ലിക്വിഡേറ്റുചെയ്യുവാൻ അസാദ്ധ്യമായിത്തീരുകയാൽ മലങ്കോവിനെപ്പോലെ "ചിറകുകൾ തല്ലിയൊടിച്ചു്" അടക്കിനിറുത്തുവാനാണു ക്രൂഷ്ചോവുദ്ദേശിക്കുന്നതു്. യൂഗോസ്ലാവിയായുമായുള്ള സംഭാഷണത്തിൽ പങ്കെടുക്കുവാൻ വിദേശകാര്യമന്ത്രിയായ മൊളോട്ടോവിനെ അനുവദിക്കാതെ പ്രവദായുടെ ചീഫ്എഡിറ്റർ ഷെപ്പിലോവുമായി തിരിച്ചതുതന്നെ ഷെപ്പിലോവിനെ വിദേശകാര്യമന്ത്രിയായി നിയമിക്കുവാനിടയുണ്ടെന്നതിന്റെ സൂചനയായിരുന്നു. ഏതായാലും മലങ്കോവു് "സ്വന്തം കഴിവുകേടുകൊണ്ടു്" രാജിവച്ചതുപോലെതന്നെ മൊളോട്ടോവു് "വാർദ്ധക്യം"കൊണ്ടും രാജിവയ്ക്കും. ഒരു സുപ്രസിദ്ധ ചിന്തകൻ ഒരിക്കൽ പറയുകയുണ്ടായി, ചില സോവ്യറ്റുനേതാക്കളുടെ ജീവിതം ആനക്കാരുടെ ജീവിതമാണെന്നു്. പ്രത്യക്ഷത്തിൽ അതിൽ അതിശയോക്തിയില്ല.

### കോമിൻഫോം

ആഫ്റോ-ഏഷ്യൻ സമ്മേളനത്തിൽവച്ചു് സിലോൺ പ്രധാനമന്ത്രി സർ ജോൺ കൊത്തലവാലാ കമ്മ്യൂണിസ്റ്റു് കൊളോണിയലിസത്തെ പറ്റി സംസാരിച്ച കൂട്ടത്തിൽ പറയുകയുണ്ടായി കോമിൻഫോം പിരിച്ചുവിട്ടതിന്റെ ശേഷം സഹവർത്തിത്വത്തെപ്പറ്റി ആലോചിക്കാമെന്നു്. ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റു ടിറ്റോയേയും കൊമിൻഫോമിനേയും ഒരേ ഇനത്തിൽ പെടുത്തി സംസാരിക്കുകയുണ്ടായി. ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റു ഒരു സമാധാനസന്ദർശനാർത്ഥം സോവിയറ്റു യൂണിയനും ചെക്കോസ്ലോവാക്കിയാ മുതലായ രാജ്യങ്ങളും സന്ദർശിക്കുന്നതിനായി പുറപ്പെട്ടിരിക്കുകയുമാണു്. ഈ അവസരത്തിൽ സോവിയറ്റു് യൂണിയൻ ജനപ്രീതിസമ്പാദിക്കുന്നതിനുവേണ്ടി പല അടവുകളും എടുക്കുവാനിടയുണ്ടു്. ലോകസംഘർഷാവസ്ഥ കുറയ്ക്കുന്നതിനായി സോവിയറ്റു നേതാക്കളുമായി നെഹ്റു സംഭാഷണം നടത്താതിരിക്കുകയില്ല. സംഭാഷണത്തിൽ എല്ലാ സൈനിക കൂട്ടുകെട്ടുകളേയും അദ്ദേഹം പരാമർശിക്കും. സോവിയറ്റു് യൂണിയൻ കൊമിൻഫോം പിരിച്ചുവിടുക എന്ന ഒരു നയത്തിൽ എത്തിച്ചേരാനാണു് എളുപ്പം. കൊമിൻഫോമിന്റെ ഉദ്ദേശംതന്നെ എല്ലാ കമ്മ്യൂണിസ്റ്റുകളേയും റഷ്യയുടെ കൊടിക്കീഴിൽ അണിനിരത്തുവാനാണു്. ആ ഒരു സ്റ്റേജിൽ എത്തിക്കഴിഞ്ഞാൽ പിന്നെ കൊമിൻഫോംകൊണ്ടു വലിയ പ്രയോജനമില്ല. പോരെങ്കിൽ ലോകരാജ്യരംഗത്തു് കൊമിൻഫോമിനെപ്പറ്റിയുള്ള പരാതികൾ കുറച്ചു നാൾമുൻപു് തുടങ്ങിയതാണു്. സമാധാനപ്രേമികളായ തങ്ങൾ നെഹ്റുവിന്റെ സന്ദർശനത്തോടുകൂടി കൊമിൻഫോമും പിരിച്ചുവിട്ടിരിക്കുന്നു എന്നു വരുത്താൻ റഷ്യൻ നേതാക്കൾക്കു് ആഗ്രഹം കാണാനാണു് കൂടുതൽ സാദ്ധ്യത. ഏഷ്യയിലാണെങ്കിൽ ചൈന ഒരു ഉറച്ച കമ്മ്യൂണിസ്റ്റു് രാജ്യമായി തീർന്നു് അയൽ രാജ്യങ്ങളുടെമേൽ വല വിരിക്കുവാൻ തയ്യാറായി നില്ക്കുകയാണു്. ചൈനയുടെ പ്രതിചലനമായി വിയറ്റ്നാമും. അങ്ങനെ ഏഷ്യയിൽ ഒരു കമ്മ്യൂണിസ്റ്റു് നുഴഞ്ഞുകയററത്തിനു് സാദ്ധ്യതകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. യൂറോപ്പിലെ സ്ഥിതിയും വിപരീതമല്ല. കൊമിൻഫോമിൽ ഉൾപ്പെടാതിരുന്ന യൂഗോസ്ലാവിയായെ കൂടി ഇപ്പോൾ തന്ത്രപരമായി റഷ്യ പിടിച്ചെടുത്തിരിക്കുകയാണു്. പോരെങ്കിൽ വാഴ്സോ സമ്മേളനതീരുമാനമനുസരിച്ചു് ഒരു കമ്മ്യൂണിസ്റ്റു് ഡിഫൻസ്ഗ്രൂപ്പുമുണ്ടു്. ഐക്യരാഷ്ട്രസംഘടനയിൽപോലും വളരെഏറെ വിശ്വാസം റഷ്യയേയും ചൈനയേയും പററിയുണ്ടാക്കണമെന്നു് ചൈനയിലേയും റഷ്യയിലേയും നേതാക്കന്മാർക്കു് നിർബ്ബന്ധമുണ്ടു്. അതിന്റെ ഫലമായിട്ടാണല്ലോ ഹാമർഷീൽഡിന്റെ ഇടപെടൽ കൊണ്ടു് ചൈനാ തടവിൽ വച്ചിരുന്ന 11 അമേരിക്കൻ വൈമാനികരിൽ 4 പേരെ മോചിപ്പിച്ചതുതന്നെ. എന്നാൽ ആ മോചനത്തിനു കാരണം കൃഷ്ണമേനോന്റെയോ, ഹാമർഷീൽഡിന്റെയോ ഇടപെടലിനേക്കാൾ "ഇസ്‌വെസ്റ്റ്യാ" എന്ന റഷ്യൻപത്രത്തിന്റെ കുറിപ്പുകൾക്കു് സ്വാധീനമുണ്ടായിരുന്നു എന്നതു് ഒരു പരസ്യമായ രഹസ്യമാണു്. ഏതായാലും പണ്ഡിററു് നെഹ്റുവിന്റെ റഷ്യാസന്ദർശനത്തോടുകൂടി കൊമിൻഫോം പിരിച്ചുവിടാവുന്നതാണു്.

—o—

സ്ഥാപനത്തിനുള്ള മാർഗ്ഗം അതു വെട്ടിത്തെളിക്കുമെന്നും സന്ന്യായം പ്രതീക്ഷിക്കാവുന്നതാണു്. റഷ്യയിലെ അദ്ദേഹത്തിന്റെ ദീർഘമായ താമസവും റഷ്യൻ നേതാക്കന്മാരുടെ ഹാർദ്ദമായ സ്വീകരണവും നെഹ്റുവിന്റെ സമാധാനദൗത്യത്തെ ഫലപ്രദമായി പകരുന്നതിനുള്ള ഒരവസരമായിരിക്കും. സാക്ഷാത്തായ സ്വാതന്ത്ര്യാദർശത്തിലേക്കു റഷ്യയെ അടുപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ഫലദായകങ്ങളാകട്ടെ.

വി. കൊച്ചുത്രേസ്യായുടേയും വി. പത്താം പീയൂസിന്റെയും മാദ്ധ്യസ്ഥത്താലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

സി. മര്യാഞ്ചല


### സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |


## അടുത്തയാഴ്ചയിൽ

ജൂൺ

16 വ്യാ: ഫ്റാൻസീസ്, റേജീസ്

17 വെ: ഈശോയുടെ തിരുഹൃദയം

18 ശ: പത്രോസ് സെലസ്റ്റീനോസ്

19 ഞാ: പന്തക്കുസ്ത 3-ാം ഞായർ കന്യകാമറിയത്തിന്റെ തിരുഹൃദയം

20 തി: സിൽവേരിയോസ്

21 ചൊ: ലൂയീസ് ഗൊൺസാഗാ

22 ബു: പൗലീനോസ്





തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.



ആദ്ധ്യാത്മികവീഥി 54


# ധ്യാനത്തിൻെറ ആവശ്യം

(തുടച്ച്)

ദൈവത്തിൻെറ വത്സലമക്കളേ,

ധ്യാനത്തിൻെറ ആവശ്യം യുക്തിയിൽനിന്നും മനസ്സിലാക്കാം.


1. നാം എന്തെങ്കിലും ചെയ്യുന്നതിനുമുൻപു അതേക്കുറിച്ചുള്ള അറിവും അതു ചെയ്യുന്നതിനുള്ള ഒരാകർഷണം അഥവാ പ്രേരണയും ആവശ്യമാണ്. ഒരു കുട്ടി മാവിൻ ചുവട്ടിൽക്കൂടി പോകുമ്പോൾ ഒരു മാമ്പഴം വീണുകിടക്കുന്നതു കാണുന്നുവെന്നിരിക്കട്ടെ. ഉടനെ അവനതു എടുക്കുന്നു. അതിൻെറ സുഗന്ധംകൊണ്ടു് നല്ലതാണെന്നു ഗ്രഹിക്കുമ്പോൾ ഭക്ഷിക്കുന്നതിനുള്ള ആകർഷണം ഉണ്ടാകുകയും അവൻ ഭക്ഷിക്കുകയും ചെയ്യുന്നു.



ഇവിടെ അവൻെറ ബാഹ്യേന്ദ്രിയങ്ങൾ മാത്രമാണു പ്രവർത്തിക്കുന്നതു്. മാമ്പഴത്തിൽനിന്നു പ്രകാശരശ്മി കണ്ണിൽ പതിക്കയും സുഗന്ധം നാസികയിൽ തട്ടുകയും ചെയ്യുന്നതിൻെറ ഫലമായി അതിൻെറ ആസ്വാദ്യതയെപ്പററിയുള്ള ബോധം അവനിൽ ജനിക്കയും ഭക്ഷിക്കുന്നതിനുള്ള ആകർഷണം അനുഭവപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടാണു് അവൻ ഭക്ഷിക്കുന്നതിനിടയാകുന്നതു്. മററു ജന്തുക്കളുടെ പ്രവൃത്തി ഇതിൽനിന്നും വിഭിന്നമല്ല.


2. എന്നാൽ ഇതര ജന്തുക്കൾക്കു ഗ്രഹിക്കാൻ പാടില്ലാത്തതും ബുദ്ധിജീവികൾക്കുമാത്രം മനസ്സിലാക്കാവുന്നവയുമായ ചിലതുണ്ടു്, സത്യം, നീതി മുതലായവ. അവ പഞ്ചേന്ദ്രിയങ്ങൾക്കു ഗോചരമല്ല. ബുദ്ധിക്കു മാത്രമേ അതിനെ കാണുന്നതിനും മതിക്കുന്നതിനും കഴിയൂ, അതും ചിന്തവഴിയായി മാത്രം.

നാം ഉത്തമരായി ജീവിക്കണമെങ്കിൽ സത്യം, നീതി മുതലായവയാൽ ആകൃഷ്ടരായി തദനുസരണം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിനു ചിന്ത കൂടിയേ തീരൂ.




ചിന്തയുടെ ഫലമായി ഉന്നതാശയങ്ങൾ ഗ്രഹിക്കുകയും അവയാൽ ആകർഷിക്കപ്പെടുകയും ചെയ്യുന്നു. വിദ്യാഭ്യാസത്തിൻെറ പ്രധാനോദ്ദേശം സത്യം, നീതി, പരസ്നേഹം, സ്വാത്ഥരാഹിത്യം, സ്വരാജ്യസ്നേഹം മുതലായവയുടെ വില വേണ്ടവണ്ണം ഗ്രഹിച്ചു് അവയിലേക്കു ആകർഷിക്കപ്പെടുകയെന്നുള്ളതാണു്. വളരെ ചിന്തിക്കാതെ അതു സാദ്ധ്യമല്ല.

3. ഒരു പടികൂടി മുമ്പോട്ടുകടന്നു് സ്വർഗ്ഗം, നരകം, പ്രസാദവരം മുതലായവയെക്കുറിച്ചു ഗ്രഹിക്കുന്നതിനും പഞ്ചേന്ദ്രിയങ്ങൾ നമ്മെ സഹായിക്കയില്ല. അതിനു ചിന്ത മാത്രമാണു ഏകമാർഗ്ഗം.




ദൈവത്തെക്കുറിച്ചും നിത്യസത്യങ്ങളെക്കുറിച്ചും മററും ദൈവസന്നിധിയിൽ ചിന്തിക്കുന്നതിനാണല്ലോ ധ്യാനം അഥവാ മനഃപ്രാത്ഥനയെന്നു നാം പറയുന്നതു്.

ചിന്ത കൂടാതെ സത്യം നീതി മുതലായവയെ വേണ്ടവണ്ണം മതിച്ചു് ലോകദൃഷ്ട്യാപോലും ഉത്തമരായി ജീവിക്കാൻ സാദ്ധ്യമല്ലെന്നു നാം കണ്ടുകഴിഞ്ഞു. അതുപോലെതന്നെ ധ്യാനം കൂടാതെ ദൈവികങ്ങളായ സ്വഭാവാതീത സംഗതികളെ ഗ്രഹിക്കുന്നതിനോ അവയാൽ ആകൃഷ്ടരാകുന്നതിനോ തദനുസരണം പ്രവർത്തിച്ചു് നിത്യരക്ഷ പ്രാപിക്കുന്നതിനോ നമുക്കു സാദ്ധ്യമല്ല.

അക്കാരണത്താലാണു പ്രതിദിനം കുറേസമയത്തേക്കെങ്കിലും നന്നായി ധ്യാനിക്കുന്നവൻ നിശ്ചയമായി രക്ഷപെടുമെന്നും ധ്യാനിക്കാത്തവനെ നരകത്തിൽ കൊണ്ടുപോകുന്നതിനു പിശാചു വേണമെന്നില്ലെന്നും ചില വിശുദ്ധന്മാർ പറഞ്ഞിട്ടുള്ളതു്. നിശ്ചയമായി രക്ഷപ്രാപിക്കണമെന്നു ആത്മാത്ഥമായി ആഗ്രഹിക്കുന്ന നമുക്കെല്ലാവക്കും "ആ ചെറുഗണ"ത്തിലെ നിർദ്ദേശാനുസരണം എല്ലാദിവസവും പ്രഭാതത്തിൽ കുറേസമയം ധ്യാനത്തിനായി വിനിയോഗിക്കാം.

എന്നു
പ്രാത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

## ചരമവാത്തകൾ

**വാഴക്കുളം:** ഈ പള്ളി ഇടവക ശ്രീമതി കച്ചിറ ഉലഹന്നൻ ഭാര്യ റോസ തൻെറ 97-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം ജൂൺ 3-ാംനു അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് കത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം സ്വസഹോദരീപുത്രനായ റവ. ഫാദർ ജോസഫ് നമ്പ്യാപറമ്പിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും റൈററു് റവ. മോൺ. മാത്യു പോത്തനാമുഴി തുടങ്ങിയ മററു വൈദികരുടെ സഹകരണത്തിലും മററനേകം ജനങ്ങളുടെ സാന്നിദ്ധ്യത്തിലും സ്ഥലം പള്ളി സിമിററിയിൽ നടത്തപ്പെട്ടു. റൈററു് റവ. മോൺ. മാത്യു പോത്തനാമുഴി അവർകൾ ചരമപ്രസംഗം നടത്തി.

**ഒല്ലൂർ:** കുണ്ടുകുളങ്ങര അക്കര കുഞ്ഞുചറീയ്ത ഔസേപ്പു് അവർകൾ തൻെറ 79-ാംവയസ്സിൽ അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് ജൂൺ 4-ാംനു ഏഴരമണിക്കു് കത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറെറദിവസം ബ. അക്കര ജോർജ്ജച്ചൻെറ പ്രധാനകാർമ്മികത്വത്തിലും, മററു പല ബ. വൈദികരുടെ സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു.

**ചെമ്മലമററം:** സ്ഥലം ചെറുപുഷ്പ മിഷൻലീഗിലെ ഒരു സജീവപ്രവത്തകനായിരുന്ന ബ്ര. കെ. സി. ജോസഫ് കൈതയ്ക്കൽ ടൈഫോയിഡുമൂലം 20-ാമത്തെ വയസ്സിൽ മേയ് 26-ാംനു കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

R. I. P.

## പരേതനായ



റവ. ഫാദർ ജോൺ ചിറമേൽ

ജൂൺ 2-ാംനു ചിക്കാഗോയിൽവച്ചു അകാലനിര്യാണമടഞ്ഞ റവ. ഫാദർ ജോൺ ചിറമേൽ എം. എ. അവർകളുടെ ഏഴാംചരമദിനം പ്രമാണിച്ചു കുമ്പളങ്ങി സെൻറു് പീറേറഴ്സ് ദേവാലയത്തിൽവച്ചു കൊച്ചി ബിഷപ്പു് റൈററു് റവ. ഡോക്ടർ അലക്സാണ്ടർ എടേഴത്തു തിരുമനസ്സുകൊണ്ടു് ദിവ്യപൂജ അപ്പിച്ചു. തുടന്നു ഒപ്പീസ് മുതലായ തിരുക്കർമ്മങ്ങളും നടത്തപ്പെട്ടു. റൈററു് റവ. മോൺ. സെബാസ്റ്റ്യൻ ചിറയത്തു്, വെരി റവ. മോൺ.പുളിയനത്തു്, സെമിനാരി പ്രൊക്കുറേററർ വെരി റവ. ഫാദർ വിക്ടർ സി. ഡി., മലബാർ മെയിൽ പത്രാധിപർ റവ. ഫാദർതോമസ് വെളത്തേടത്തു്, സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ മുതലായി എറണാകുളം, വരാപ്പുഴ അതിരൂപതകളിലെയും കൊച്ചി, ആലപ്പുഴ, തൃശ്ശൂർ രൂപതകളിലേയും നാല്പതിൽ പരം വൈദികരും വലിയൊരു ജനക്കൂട്ടവും തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചിരുന്നു. പരേതൻെറ വസതിയിൽ വച്ചു ഉച്ചയ്ക്കു നടന്ന ഏഴടിയന്തിരത്തിൽ വൈദികരും പൗരമുഖ്യരുമുൾപ്പെടെ ധാരാളംപേർ പങ്കുകൊണ്ടു. തദവസരത്തിൽ മോൺ. ചിറയത്തു്, മി. അലക്സാണ്ടർ പറമ്പിത്തറ M. L. A. എന്നിവർ പരേതൻെറ അപദാനങ്ങളെ പ്രകീത്തിച്ചും ബന്ധുമിത്രാദികളെ അനുശോചിച്ചും പ്രസംഗിച്ചു. ഫോർട്ടുകൊച്ചി ബോയ്സ് ടൗൺ ഓഫ് ഇന്ത്യയുടെ ഡയറക്ടറും പരേതൻെറ പിതൃസഹോദരനുമായ റവ. ഫാദർ ജറോം ചിറമേൽ സമുചിതമായ മറുപടി പറഞ്ഞു. 1950-ൽ സോഷ്യോളജിയിൽ ഉന്നതബിരുദം കരസ്ഥമാക്കുവാനായി അമേരിക്കയിലേക്കുപോയ റവ. ഫാദർ ജോൺ ചിറമേൽ, ബിരുദസമ്പാദനത്തിനു ശേഷം, ബോയ്സ് ടൗൺ ഓഫ് ഇന്ത്യയുടെ പ്രവത്തനങ്ങൾ വിപുലീകരിക്കുന്നതിനു ധനശേഖരം നടത്തിവരികയായിരുന്നു. കഴിഞ്ഞ മഹായുദ്ധകാലത്തു മിലിററി ചാപ്ലെയിനായി അദ്ദേഹം പ്രശസ്തസേവനം നടത്തിയിട്ടുണ്ടു്.

# വിവിധവൃത്താന്തങ്ങൾ

### മാർപ്പാപ്പ പൊതുസന്ദർശനങ്ങൾ ആരംഭിച്ചു

കഴിഞ്ഞ ഡിസമ്പർ മാസാരംഭത്തിൽ ഗുരുതരമായ ആലസ്യം ബാധിച്ചതിനുശേഷം ആദ്യമായി പരിശുദ്ധ മാർപ്പാപ്പാ പൊതുസന്ദർശനം അനുവദിച്ചതു് 1500 തീത്ഥകർവരുന്ന ഒരു സംഘത്തിനാണു്. ഇതുവരേയും തിരുമേനി വ്യക്തികളേയും ചെറുഗണങ്ങളേയും മാത്രമേ സ്വീകരിച്ചിരുന്നുള്ളു. തിരുമേനി ശ്രമകരമായ എല്ലാ പരിപാടികളിൽനിന്നും ഒഴിഞ്ഞിരിക്കണമെന്നു ഡോക്ടറന്മാർ നിർബന്ധിച്ചുകൊണ്ടാണിരിക്കുന്നതു്. സുഖമുള്ളിടത്തോളം തൻെറ പ്രവത്തനങ്ങൾ അഭംഗം തുടരണമെന്നത്രെ തിരുമേനിയുടെ നിശ്ചയം. ഇപ്പോൾ ഏറക്കുറെ ആലസ്യത്തിനുമുമ്പുണ്ടായിരുന്ന സാധാരണ പരിപാടികളെല്ലാം വീണ്ടെടുത്തു കഴിഞ്ഞിട്ടുണ്ടു്.

### റോം മറിയത്തിനുള്ള പ്രതിഷ്ഠ നവീകരിച്ചു

ഏഴുകൊല്ലങ്ങൾക്കു മുമ്പു് "ആറാ ചേളി" ബസ്ലിക്കായിൽവച്ചു റോമാനഗരത്തെ മറിയത്തിൻെറ വിമലഹൃദയത്തിനു അപ്പിച്ചുകൊണ്ടു നടത്തിയ പ്രതിഷ്ഠ ആ ബസ്ലിക്കായിൽതന്നെ വച്ചു ഇപ്പോൾ നവീകരിച്ചിരിക്കുന്നു.

### "ലോങ്കോ"യുടെ മേൽ നടപടി

മാർപ്പാപ്പായേയും കത്തോലിക്കാസഭയേയും അധിക്ഷേപിച്ചുവെന്ന കുററം ഗവമ്മെൻറു് പ്രോസിക്യൂട്ടർ ഇററലിയിലെ കമ്മ്യൂണിസ്റ്റു പാർട്ടി ഡെപ്യൂട്ടി സിക്രട്ടറിയായ ലൂയിജി ലോങ്കോയുടെ മേൽ ആരോപിച്ചിരിക്കുന്നു. സിഞ്ഞോർ ലോങ്കോയ്ക്കെതിരായി നടപടികൾ എടുക്കുന്നതിനു പ്രതിബന്ധമായി നില്ക്കുന്ന അദ്ദേഹത്തിനുള്ള പാർലമെൻററി സംരക്ഷണാവകാശം വിടുത്തണമോ വേണ്ടയോയെന്നുള്ള കാര്യം ഡെപ്യൂട്ടിചേമ്പറിൽ ആലോചിച്ചു തീരുമാനിക്കുവാൻ വച്ചിരിക്കുകയാണു്.

### യഹൂദരുടെ കൃതജ്ഞതാഗീതം

കഴിഞ്ഞ ആഴ്ചയിൽ പരിശുദ്ധ മാർപ്പാപ്പായെ ഒരുഗണം യഹൂദന്മാർ കൊൺസിസ്റ്റോറിയൽ ഹാളിൽവച്ചു സന്ദർശിച്ചു്, രണ്ടാമത്തെ ലോകമഹായുദ്ധത്തിൽ നിരവധി യഹൂദരെ തിരുമേനി രക്ഷിച്ചതിൽ അവിടുത്തോടു കൃതജ്ഞത രേഖപ്പെടുത്തി. അതിൻെറ പ്രകടനത്തിനുവേണ്ടി "ബീത്തോവെൻ" എന്ന ഓർക്കസ്ട്രാഗീതം തിരുസന്നിധിയിൽ ആലപിക്കുന്നതിനു അവർ അനുമതി അഭ്യത്ഥിക്കുകയും പരിശുദ്ധ മാർപ്പാപ്പായുടെ സമ്മതത്തോടുകൂടി ആനന്ദഭരിതരായി അവർ സംഗീതം നടത്തുകയുംചെയ്തു.

### ടിറേറായുടെ മതമദ്ധ്യനം

മാർഷൽ ടിറേറാ ഗവമ്മേണ്ടു് ഉദ്യോഗങ്ങളിൽനിന്നു ഡിസ്മിസ്സ് ചെയ്യപ്പെടേണ്ട 750 പേരുടെ ഒരു ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നു. ഈ ലിസ്റ്റിനുള്ള ഒരു പ്രത്യേകത അവരെല്ലാം കത്തോലിക്കരാണെന്നുള്ളതത്രെ. പാർട്ടി പൊളിട്ടിക്സിൽനിന്നും അകന്നുനിന്നു ഗവമ്മേണ്ടിനെ വിശ്വസ്തതാപൂർവ്വം സേവിച്ചിട്ടുള്ളവരാണു് അവർ. കമ്മ്യൂണിസത്തോടു അനുഭാവം കാണിക്കുവാൻ അവർ സന്നദ്ധരല്ല. ഇപ്പോൾ പട്ടാളത്തിൽനിന്നും വിമുക്തരായ കമ്മ്യൂണിസ്റ്റുകൾക്കു ഈ ഉദ്യോഗങ്ങളെല്ലാം കൊടുക്കുന്നതിനാണു് ഉദ്ദേശിച്ചിട്ടുള്ളതു്. ഗവമ്മേണ്ടു് ഡിപ്പാർട്ടുമെൻറുകളുടേയും ദേശീകരിക്കപ്പെട്ടവ്യവസായസ്ഥാപനങ്ങളുടേയുംമേധാവികൾക്കു നൽകപ്പെട്ടിരിക്കുന്ന ആജ്ഞയിൽ കത്തോലിക്കാമതമനുസരിച്ചു ജീവിക്കുന്നവരേയും, കത്തോലിക്കരായ ഭാര്യമാരും കുട്ടികളും ഉള്ളവരേയും, കുടുംബത്തിൽ ഏതെങ്കിലും വൈദികനോ, കന്യാസ്ത്രീയോ, സന്യാസിയോ ഉള്ളവരേയും, പശ്ചിമഭാഗങ്ങളിൽ ബന്ധുജനങ്ങളുള്ളവരേയും, യൂഗോസ്ലാവിയായുടെ മുൻഭരണാധികാരികളായിരുന്ന മുതലാളിഗണത്തിൽപെട്ടവരേയും, കത്തോലിക്കാ കോളേജുകളിലോ യൂണിവേഴ്സിററികളിലോ, വിദേശങ്ങളിലോ വിദ്യാഭ്യാസം നടത്തിയിട്ടുള്ളവരേയും, കമ്മ്യൂണിസം പ്രചരിപ്പിക്കുന്നതിൽ ഉത്സാഹം കാണിക്കാത്തവരേയും, കമ്മ്യൂണിസ്റ്റു് തത്വങ്ങൾ ശരിയായി ഗ്രഹിക്കുന്നതിനുള്ള കഴിവില്ലാത്തവരേയും അവരവരുടെ ഉദ്യോഗങ്ങളിൽനിന്നും നിഷ്കാസനം ചെയ്യണമെന്നാണു് നിർദ്ദേശിച്ചിട്ടുള്ളതു്.



# ആയുർവ്വേദസിദ്ധാന്തങ്ങളും രോഗികളുടെ അനുഭവങ്ങളും

## No. 1

"ത്രിദോഷങ്ങൾക്കു് ഏററക്കുറച്ചിലുകൾ സംഭവിക്കുമ്പോൾ രോഗങ്ങൾ ഉത്ഭവിക്കുകയും, ത്രിദോഷങ്ങൾ പൂർവ്വസ്ഥിതിപോലെയായിത്തീരുമ്പോൾ രോഗങ്ങൾ ശമിക്കുകയും ചെയ്യുന്നു. വാതപിത്തകഫങ്ങളിൽ ക്ഷയിച്ചിട്ടുള്ളവയെ തുല്യഗുണങ്ങളുള്ള ഔഷധാഹാരാദികൾകൊണ്ടു വർദ്ധിപ്പിക്കയും, വർദ്ധിച്ചിട്ടുള്ളവയെ വിപരീതഗുണങ്ങളുള്ള ഔഷധാഹാരാദികൾകൊണ്ടു് ക്ഷയിപ്പിക്കുകയുമാകുന്നു ത്രിദോഷങ്ങളെ സാമ്യമാക്കിത്തീർക്കുന്നതിനുള്ള ശരിയായ മാർഗ്ഗം." ഏററവും അർത്ഥവത്തും, അനുഭവങ്ങളാൽ ദിനംപ്രതി സ്ഥിരീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും, ആരാലും നിഷേധിപ്പാൻ സാധിക്കാത്തതുമായ ഈ തത്വങ്ങളനുസരിച്ചു് ചികിത്സിക്കാത്തതുകൊണ്ടാണു് രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നു് കരകയറുവാൻ സാധിക്കാതെ അനേകശതം രോഗികൾക്കു് നിരാശരായി കഴിയേണ്ടിവരുന്നതെന്നു് പല രോഗികളുടെയും താഴെപറയുന്ന അനുഭവങ്ങൾതന്നെ വിളിച്ചുപറയുന്നുണ്ടു്.

ഒരു രോഗി 9 മാസം മുമ്പു് ഞങ്ങൾക്കയച്ചുതന്നിരുന്ന കത്തിൻെറ പകർപ്പു്:

M/s Kalan,
Nellayi

Mulanthuruthy
16-8-1954

14-8-54-ലെ പത്രത്തിൽ കണ്ട പരസ്യം വായിച്ചു. എനിക്കു് ഗ്യാസ്ട്രബ്ൾ തുടങ്ങിയിട്ടു് ഏകദേശം ആറു കൊല്ലത്തോളമായി. പലേ ചികിത്സകൾ ചെയ്തിട്ടും മാറിയിട്ടില്ല. രോഗവിവരം:—കാലത്തു് 10 മണി മുതൽ വയറു് വീർത്തുവരുന്നതുപോലെ തോന്നുക. പൊക്കിളിനു മേൽഭാഗത്തു് വയററിൽ വേദനയുണ്ടാകും. പള്ളവേദന, പുറംവേദന. ചൂടുള്ള ഭക്ഷണം എന്തെങ്കിലും കഴിച്ചാൽ കുറച്ചുനേരത്തേക്കു് കുറവുണ്ടാകും. അതു കഴിയുമ്പോൾ പിന്നേയും തുടങ്ങും. വയററിൽനിന്നും ഉറച്ചാണു് പോകുന്നതു്. കാലത്തു സമയത്തു് വേദനയുണ്ടാവുകയില്ല. ആയതിലേക്കു് എന്താണു് ചെയ്യേണ്ടതെന്നു് അറിയിക്കുവാൻ താല്പര്യപ്പെടുന്നു.- എന്നു്,

T. A. Cherian (Sd.)

ടി കത്തിനു് ഞങ്ങൾ 6-9-54-ൽ അയച്ച മറുപടി.

മാന്യരെ,

നിങ്ങൾ അയച്ചിരുന്ന കാർഡു് യഥാസമയം തന്നെ ഇവിടെ കിട്ടിയെങ്കിലും വളരെയധികം ജോലിത്തിരക്കുകളുള്ള അവസരമായതുകൊണ്ടുമാത്രമാണു് ഈ മറുപടിക്കു കാലതാമസം നേരിട്ടതെന്നു് ആദ്യമായി പറഞ്ഞുകൊള്ളുന്നു.

നിങ്ങൾക്കു് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഗ്യാസ്ട്രബ്ൾ എന്ന രോഗത്തിൻെറ ഉത്ഭവകാരണം മലബന്ധവും അർശോരോഗവുമാണെന്നും, എരുവുരസവും പുളിരസവുമുള്ള ദ്രവ്യങ്ങളും പഴവർഗ്ഗങ്ങളും മററും നിങ്ങളുടെ രോഗത്തിനു് വിരോധമാണെന്നും, മലബന്ധവും അർശോരോഗവുംനിമിത്തം ഉത്ഭവിക്കുന്ന വായുസ്തംഭനംമൂലം തന്നെയാണു് മററു രോഗലക്ഷണങ്ങൾ അനുഭവപ്പെടുന്നതെന്നും കാളൻ'സ് ബുള്ളററിൻെറ 13, 14 ലക്കങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാണു്. രോഗസ്ഥിതി ഇപ്രകാരമാകയാൽ മലബന്ധത്തെ ഉണ്ടാക്കുന്നവകളായും, ദേഹത്തിലെ ചൂടിനെ വർദ്ധിപ്പിക്കുന്നവകളായും ബുള്ളററിനിൽ (2, 3, 8 എന്നീ ലക്കങ്ങൾ) പറഞ്ഞിരിക്കുന്ന എല്ലാവിധ കാരണങ്ങളെയും സാധിക്കുംവിധം ഒഴിവാക്കിക്കൊണ്ടു് 13, 14 ലക്കങ്ങളിൽ വിവരിക്കുംപോലെ ദ്രാക്ഷാഘൃതം സേവിക്കുകയും, കൂടുതൽ വിവരങ്ങൾക്കു് മറുപടി പ്രതീക്ഷിച്ചുകൊണ്ടുള്ള കത്തുകൾ അയക്കുന്നതിനുപകരം ബുള്ളററിൻെറ ലക്കങ്ങളിൽനിന്നു വിവരങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കുകയും ചെയ്താൽ മതിയാവുന്നതാണെന്നു് അറിയിച്ചുകൊള്ളുന്നു.

എന്നു്, കെ പി. ഔസേപ്പു് വൈദ്യൻ (ഒപ്പു്)

ടി രോഗി ഇപ്പോൾ പ്രസിദ്ധീകരണാർത്ഥം അയച്ചുതന്നിട്ടുള്ള കത്താണു് 119-ാംനമ്പ്ര് അനുഭവസാക്ഷ്യമായി താഴെ ചേർക്കുന്നതു്.

### അനുഭവസാക്ഷ്യം No. 119

Mulanthuruthy
30-5-55

പ്രിയപ്പെട്ട വൈദ്യരെ,

അനുഭവത്തിൻെറ വെളിച്ചത്തിൽക്കൂടി നഗ്നമായ ചില പരമാർത്ഥങ്ങൾ താങ്കളുടെ മുന്നിലും, ഇ നാട്ടുകാരുടെ മുന്നിലും അവതരിപ്പിക്കുവാൻ എനിക്കു് ആഗ്രഹമുണ്ടു്. അനേകനാളുകളായി "ഗ്യാസ്ട്രബ്ൾ"കൊണ്ടു് കഷ്ടപ്പെട്ടിരുന്ന എനിക്കു് ഒരു സുപ്രഭാതത്തിൽ യാദൃശ്ചികമായി നിങ്ങളുടെ പരസ്യം കാണുവാനുള്ള അപൂർവ്വഭാഗ്യം സിദ്ധിച്ചു. എൻെറ സുഖക്കേടുവിവരം ഞാൻ നിങ്ങൾക്കെഴുതിയതനുസരിച്ചു് "ദ്രാക്ഷാഘൃതം" സേവിപ്പാൻ നിങ്ങൾ എന്നെ ഉപദേശിച്ചു. "ദ്രാക്ഷാഘൃതം" സേവിച്ചുതുടങ്ങി രണ്ടു മാസങ്ങൾക്കുള്ളിൽ ഞാൻ പരിപൂർണ്ണ രോഗവിമുക്തനായി. ഈ യഥാർത്ഥം നിങ്ങളുടെ മുന്നിലും, എന്നെപ്പോലെ കഷ്ടപ്പെടുന്ന അനേകായിരം രോഗികളുടെ മുന്നിലും വെളിപ്പെടുത്തുവാൻ എനിക്കു് അതിരററ സന്തോഷമുണ്ടു്. പ്രിയപ്പെട്ട വൈദ്യരെ, നിങ്ങളുടെ സേവനം വാസ്തവത്തിൽ ലോകത്തിനൊരനുഗ്രഹംതന്നെയാണു്. നിങ്ങൾക്കും നിങ്ങളുടെ സ്ഥാപനത്തിനും എൻെറ അകമഴിഞ്ഞ അഭിനന്ദനങ്ങളും ആശംസകളും.

Yours faithfully (Sd)

ടി. എ. ചെറിയാൻ, സ്റ്റേഷനറി മർച്ചൻറു്, മുളന്തുരുത്തി.

(T. C. S.)

കാളൻ, നെല്ലായി.

# ലീജിയൻ ഓഫ് മേരി

(സെബാസ്റ്റ്യൻ പുരപ്പുറമ്പിൽ

"ഇന്നു കത്തോലിക്കാസഭയ്ക്കു് ഏററവും ആവശ്യമായിരിക്കുന്നതു് ഓരോ ഇടവകയിലും പ്രവർത്തനസന്നദ്ധരായ ഒരുഗണം യുവാക്കളെയാണു്." അതെ. ഇത്തരത്തിലുള്ള പ്രവർത്തനസന്നദ്ധരായ യുവജനങ്ങളെ സൃഷ്ടിക്കുന്നതിനു് ഏററവും പര്യാപ്തമായ ഒരു സംഘടനയാണു് ലീജിയൻ ഓഫ് മേരി. ആധുനികലോകത്തിനു് ഏററവും ആവശ്യമായിരിക്കുന്ന ഒരു സംഘടനയാണിതു്. ഇതിൻെറ പേരിൽനിന്നുതന്നെ വ്യക്തമാകുന്നതുപോലെ ഇതൊരു സൈനികരൂപത്തിലുള്ള സംഘടനയാണു്. സ്വർഗ്ഗരാജ്ഞിയുടെ കൊടിക്കീഴിൽ ആദ്ധ്യാത്മികസമരം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സൈന്യം. കമ്മ്യൂണിസ്റ്റു് ഭരണാധികാരികളെ ഏററവുമധികം വിറളിപിടിപ്പിച്ചിട്ടുള്ളതും ഈ സംഘടനതന്നെയാണു്. "മഹത്തായ ജനകീയ"ചൈനയിലെ മഹാനായ മാവോയുടെയും മക്കളുടെയും മസ്തിഷ്കം മരവിപ്പിച്ചതും ഈ ലീജിയൻ ഓഫ് മേരിയായിരുന്നു. ലീജിയൻ സ്ഥാപിക്കാൻ ശ്രമിച്ചുവെന്ന കാരണത്താൽമാത്രം ചൈനയിൽ വധിക്കപ്പെട്ടിട്ടുള്ളവരുടെ സംഖ്യ സീമാതീതമാണു്. ഇരമ്പിപ്പാഞ്ഞുവരുന്ന ഭൗതികത്വ-നിരീശ്വരത്വമുന്നേററത്തെ തടഞ്ഞുനിർത്തുവാൻ പര്യാപ്തമായ ഒരു സമരമുന്നണിയാണു് ലീജിയൻ ഓഫ് മേരി. മാർപ്പാപ്പാ തിരുമേനിമാർ ഈ സംഘടനയെ പ്രത്യേകം അനുഗ്രഹിച്ചാശീർവ്വദിച്ചിട്ടുണ്ടു്. അത്യുന്നത കർദ്ദിനാൾ തിസരാങ്ങ് തിരുമേനി നമ്മുടെ കേരളം സന്ദർശിച്ചപ്പോൾ ലീജിയൻ ഓഫ് മേരിയേയും അതിൻെറ ആവശ്യകതയേയുംപററി ഊന്നിപ്പറയുകയുണ്ടായല്ലോ.

ലീജിയൻ ഓഫ് മേരിയുടെ ആനുകാലികമായ വൈശിഷ്ട്യത്തെ മനസ്സിലാക്കണമെങ്കിൽ ഈ സംഘടനയ്ക്കു ലഭിച്ച പ്രചാരം ഒന്നുമാത്രം നോക്കിയാൽമതി. ഇത്രയും ചുരുങ്ങിയ കാലയളവിൽ ഇത്ര വലിയ പ്രചാരം സിദ്ധിച്ച മറെറാരു സംഘടന തിരുസഭയിലുണ്ടായെന്നു സംശയമാണു്. 30-ൽപ്പരം വർഷങ്ങൾമാത്രം പ്രായമുള്ള ലീജിയൻ ഓഫ് മേരി ഇന്നു വിശ്വവ്യാപകമായ ഒരു സംഘടനയായിക്കഴിഞ്ഞിരിക്കുന്നു. യൂറോപ്പിലും, അമേരിക്കയിലും, ആഫ്രിക്കയിലും, ചൈനയിലും, ഇന്ത്യയിലും എന്നിങ്ങനെ ലോകത്തിൻെറ നാനാഭാഗങ്ങളിലും ലീജിയൻ പ്രവർത്തിക്കുന്നുണ്ടു്. പല കത്തോലിക്കാപ്രസ്ഥാനങ്ങൾക്കും ജന്മംനൽകിയിട്ടുള്ള—കത്തോലിക്കാ ചൈതന്യത്തിൻെറ വിളനിലമായ—അയർലൻറാണു് ലീജിയൻ ഓഫ് മേരിയുടെ ജന്മനാടു്. 34 കൊല്ലങ്ങൾക്കുമുമ്പു് മാതാവിൻെറ ജനനത്തിരുനാളിൻെറ തലേദിവസം സായാഹ്നത്തിൽ അയർലൻറിലെ ഫ്രാൻസീസ് തെരുവിലുള്ള ഒരു മുറിയിൽ, ഏതാനും കത്തോലിക്കാസ്ത്രീകൾ ഒരു വൈദികൻെറ നേതൃത്വത്തിൽ സമ്മേളിച്ചു് ആസ്പത്രിയിൽ ദുരിതമനുഭവിച്ചുകൊണ്ടിരുന്ന രോഗികളെ ശുശ്രൂഷിക്കുവാൻ ചില പരിപാടികൾ ആസൂത്രണം ചെയ്യുകയുണ്ടായി. അതായിരുന്നു ഇന്നു വിശ്വവ്യാപകമായിത്തീർന്നിരിക്കുന്ന ലീജിയൻ ഓഫ് മേരിയുടെ ആദ്യത്തെ സമ്മേളനം. ആ സമ്മേളനത്തിൻെറ മാതൃകയിൽത്തന്നെയാണു് ഇന്നു ലോകത്തിൽ എവിടെയും ലീജിയൻ സമ്മേളനങ്ങൾ നടക്കുന്നതു്. അങ്ങനെ ഏതാനും സ്ത്രീകൾകൂടി ആരംഭിച്ച ആ പ്രസ്ഥാനം മാതാവിൻെറ നേതൃത്വത്തിലും സംരക്ഷണയിലും വളന്നു വികസിച്ചു് ഇന്നു ലോകത്തിൻെറ നാനാഭാഗങ്ങളിലായി ലക്ഷക്കണക്കിനു സ്ത്രീപുരുഷന്മാർ അണിനിരന്നിട്ടുള്ള ഒരു സമരമുന്നണിയായി വിജയപൂർവ്വം മുന്നേറുകയാണു്.

പ്രവർത്തനനിരതമായ ഒരു സൈന്യമാണു് ലീജിയൻ ഓഫ് മേരി എന്നു മുകളിൽ പ്രസ്താവിച്ചുവല്ലോ. സുനിശ്ചിതമായ ആദ്ധ്യാത്മികപരിപാടികളും പ്രാർത്ഥനാക്രമങ്ങളും സുവ്യക്തമായ പ്രതിവാരകൃത്യങ്ങളുമുള്ള ഒരു സംഘടനയാണിതു്. ആഴ്ചയിൽ കുറഞ്ഞതു രണ്ടുമണിക്കൂറെങ്കിലും പ്രവർത്തനം നടത്താത്ത ഒരാൾക്കു ലീജിയൻ അംഗമായിരിക്കുവാൻതന്നെ അതിൻെറ നിയമം അനുവദിക്കുന്നില്ല. ഒരിടവകയിൽ ഒരു ലീജിയൻശാഖ സ്ഥാപിക്കുകയാണെങ്കിൽ അതുതന്നെ ആ ഇടവകയ്ക്കു് ഒരു നേട്ടമായിരിക്കും. ആ ഇടവകയിൽ മന്ദീഭവിച്ചുകിടക്കുന്ന മററു സംഘടനകൾക്കെല്ലാം ഒരു നവജീവൻ നൽകുവാനും അവിടത്തെ ലീജിയൻസ്ഥാപനം ഉപകരിക്കും.

ലീജിയൻ ഓഫ് മേരിയെപ്പററി ചില തെററിദ്ധാരണകളുണ്ടു്. ലീജിയൻ ഓഫ് മേരി സ്ത്രീകൾക്കുമാത്രമുള്ളതാണെന്നും സെൻറു് വിൻസെൻറു് ഡി പോൾ സംഘങ്ങളുള്ള സ്ഥലത്തു ലീജിയനു സ്ഥാനമില്ലെന്നും ചിലർ ധരിച്ചിട്ടുണ്ടെന്നു തോന്നുന്നു. ലീജിയനിൽ സ്ത്രീകൾക്കു മാത്രമല്ല പുരുഷന്മാർക്കും പ്രവർത്തിക്കാം. ആദ്യകാലങ്ങളിൽ സ്ത്രീകൾ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളു. ആരംഭിച്ചിട്ടു 8 കൊല്ലങ്ങൾക്കുശേഷമാണു് പുരുഷന്മാർക്കായിട്ടുള്ള ആദ്യത്തെ സൈന്യശാഖയുണ്ടായതു്. എന്നാൽ ഇന്നു് സ്ത്രീകളും പുരുഷന്മാരും ഒരുപോലെ ലീജിയനിൽ പ്രവർത്തിക്കുന്നുണ്ടു്. വിൻസെൻറു് ഡി പോൾ സംഘങ്ങളുള്ള ഇടവകകളിലും ലീജിയൻ ഓഫ് മേരിക്കു് പ്രവർത്തിക്കാം. വിൻസെൻറു് ഡി പോൾ സംഘങ്ങളുടെ മുഖ്യപ്രവർത്തനം ഭൗതികസഹായമാണെങ്കിൽ ലീജിയൻ ഓഫ് മേരിയുടെ മുഴുവൻ പ്രവർത്തനവും ആദ്ധ്യാത്മികമാണു്. ഭൗതികസഹായം (Material Help) നൽകുന്ന ഏർപ്പാടു ലീജിയൻെറ നടപടിക്രമം ഔദ്യോഗികമായി അനുവദിക്കുന്നില്ല. ലീജിയൻ ഓഫ് മേരിയും വിൻസെൻറു് ഡി പോൾ സംഘവും തമ്മിലുള്ള പ്രധാനവ്യത്യാസവും ഇതുതന്നെയാണു്. അതുകൊണ്ടു് ഇരുസംഘടനകൾക്കും പരസ്പരം സഹകരിച്ചു പ്രവർത്തിക്കാവുന്നതാണു്.

ലീജിയൻെറ സന്ദർശനങ്ങൾ ചിലപ്പോൾ വല്ലവർക്കും ഇഷ്ടപ്പെടാതെവന്നെങ്കിലോ എന്നൊരു ശങ്കയും ചിലർക്കില്ലാതില്ല. എന്നാൽ ഈ ആശങ്കയും അസ്ഥാനത്താണു്. ലീജിയൻെറ ചരിത്രത്തിൽ ഇതുവരെയും ലീജിയൻ അംഗങ്ങളുടെ ഭവനസന്ദർശനങ്ങളോ ആസ്പത്രി സന്ദർശനങ്ങളോ ആരെങ്കിലും ഇഷ്ടപ്പെടാതിരുന്നതായി ഒരു സംഭവം ഉണ്ടായിട്ടില്ല. സാമ്പത്തികസഹായങ്ങൾ ഒന്നും ചെയ്യുന്നില്ലെങ്കിലും തങ്ങളുടെ ചെററക്കുടിലുകളിൽ കയറിച്ചെന്നു് തങ്ങളുടെ സ്ഥിതിഗതികളെപ്പററി അന്വേഷിക്കുകയും അവർക്കുവേണ്ടി നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്ന ലീജിയൻ അംഗങ്ങളെ ആരാണു് സ്വാഗതം ചെയ്യാത്തതു്. ജീവിതം നിരർത്ഥകമാണെന്നും അതൊരു ഭാരമാണെന്നും വിചാരിച്ചുകഴിയുന്ന സാധാരണ ജനങ്ങൾക്കു് ഈ സന്ദർശനങ്ങൾ വഴി, തങ്ങളുടെ ജീവിതം വെറും നിസ്സാരമല്ലെന്നും അതു അത്യധികം വിലയുള്ളതാണെന്നും തങ്ങളെപ്പററി അന്വേഷിക്കാൻ ആളുകൾ ഉണ്ടെന്നും ബോധ്യമാകും. തങ്ങളുടെ കഷ്ടപ്പാടുകളിലും യാതനകളിലും സഹതപിക്കുന്ന മനുഷ്യമനസ്സുകളും തങ്ങളുടെ ഹൃദയസ്പന്ദനങ്ങളോടൊത്തു തുടിക്കുന്ന ഹൃദയങ്ങളും വേറെയുണ്ടെന്നു അവർക്കു് ബോധ്യമാകുകയാണെങ്കിൽ അവരുടെ ജീവിതത്തിൽ അവർക്കു തന്നെ ഒരു മതിപ്പു തോന്നും. ഇതുപോലെതന്നെയാണു് ആസ്പത്രി സന്ദർശനവേളയിലും അനുഭവപ്പെടുന്നതു് ആസ്പത്രിയിൽ ഏകനായി മാനസികവും ശാരീരികവുമായ യാതനകളുടെ തീച്ചൂളയിൽ കിടന്നു നീറുമ്പോൾ, ആശ്വാസവചനങ്ങളുമായി ചെല്ലുന്ന ലീജിയൻ അംഗങ്ങളുടെ സാമീപ്യത്തെ ഏതൊരു കഠിനഹൃദയനാണു് ഇഷ്ടപ്പെടാത്തതു്? എത്ര കടുത്ത നിരീശ്വരനായാൽപ്പോലും ആ സമയത്തു് ലീജിയൻ സന്ദർശനത്തെ സ്വാഗതം ചെയ്യുകതന്നെ ചെയ്യും.

ഇതുപോലെ വളരെ വളരെ നല്ല കാര്യങ്ങൾ ഇന്നു് ലീജിയൻ ഓഫ് മേരിക്കു് ചെയ്യുവാൻ സാധിക്കും. കുട്ടികളെ വേദോപദേശം പഠിപ്പിക്കുക, ദിവ്യബലിക്കു സഹായിക്കുക, പള്ളികളിൽ അൾത്താരകളുംമററും അലങ്കരിക്ക




വിമർശനവീഥി

# പൂർവ്വയൂറോപ്പിലെ കമ്മ്യൂണിസ്റ്റ് സായുധസേനാസഖ്യം

മി. ബെൻജമിൻ ഇ. വെസ്റ്റ്, കമ്മ്യൂണിസ്റ്റുകളുടെ സമാധാന മുറവിളിയെ വിശകലനം ചെയ്ത്, അവരുടെ സൈന്യശേഖരണ സംരംഭങ്ങളെ വെളിവാക്കി എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ ഇപ്രകാരം പ്രതിപാദിച്ചിരിക്കുന്നു:-

ഇതുവരെ ലഭിച്ചിട്ടുള്ള വിവരങ്ങളുടെ വെളിച്ചത്തിൽ, മേയ് ആദ്യവാരത്തിൽ വാർസോയിൽവച്ച് സോവ്യററ് ചേരിയുടെ നേതൃത്വത്തിൽ ഔപചാരികമായി രൂപവൽക്കരിച്ച "കൂട്ടരാജ്യരക്ഷാസഖ്യം" ഒരു വിരോധാഭാസമായി തോന്നിയേക്കാം. പശ്ചിമജർമ്മനി ഉത്തര അററ്ലാൻറിക് ഉടമ്പടി സംഘടനയിൽ ചേർന്നതിനു കമ്മ്യൂണിസ്റ്റുകളുടെ മറുപടിയായിട്ടുവേണം വാർസോ സഖ്യം കണക്കാക്കേണ്ടതെന്ന്. ഇതേപ്പററി മോസ്കോ ചെയ്ത പ്രഖ്യാപനത്തിൽ നിന്നൂഹിക്കാം. നാറേറാ രൂപമെടുക്കുവാൻ കാരണമായ സോവ്യററ് സൈനികക്കൂട്ടുകെട്ടുകൾ നിലവിലുണ്ടെന്ന കാര്യം മോസ്കോ സമ്മതിക്കുക മാത്രമാണ് സഖ്യം കൊണ്ടു സാധിച്ചിട്ടുള്ളത്.

കമ്മ്യൂണിസ്റ്റുകളുടെ ഈ സായുധസേനാസഖ്യം രണ്ടാം ലോകയുദ്ധം അവസാനിച്ച് അല്പം കഴിഞ്ഞപ്പോൾ രൂപം പ്രാപിച്ചു. 1947-ലും 1948-ലും മോസ്കോയുടെ പ്രേരണയ്ക്കു വഴിപ്പെട്ട് പൂർവ്വയൂറോപ്പിലെ ഉപഗ്രഹരാജ്യങ്ങൾ ഈ രണ്ടു "പരസ്പരസഹായ" ഉടമ്പടികളിൽ ഒപ്പുവച്ചു. വിപുലവും പരസ്പരബന്ധവുമായ ഒരു സൈനികക്കൂട്ടുകെട്ട് സൃഷ്ടിക്കുന്നതിനാണ് ഇത്തരം ഒരു നടപടി സ്വീകരിക്കപ്പെട്ടത്.

അതിനുശേഷം റഷ്യ സൈനികശക്തി വർദ്ധിപ്പിക്കാൻ തുടങ്ങി ഈ കൂട്ടുകെട്ടിൻെറ കേന്ദ്രം 45,00,000 ഭടന്മാരടങ്ങിയ സോവ്യററ് സൈന്യമായിരുന്നു. 1952 മേയ് ആയപ്പോഴേക്ക് ഉപഗ്രഹരാജ്യസേനകൾ 40 ഡിവിഷനിൽ നിന്ന് 65 ഡിവിഷനായി വർദ്ധിച്ചു. ഈ 65 ഡിവിഷനിലും കൂടി പത്തു ലക്ഷം പട്ടാളക്കാരുണ്ടായിരുന്നു. ഇപ്പോൾ ഉപഗ്രഹരാജ്യങ്ങൾക്ക് 4,50,000 പട്ടാളക്കാരുള്ള 65 ഡിവിഷനുകൾ ഉണ്ട്. ഏഴ് ഉപഗ്രഹരാജ്യങ്ങളിലും കൂടി പരിശീലനം കൊടുത്ത് നിർത്തിയിട്ടുള്ള 23,00,000 റിസേർവ് ഭടന്മാർ മേൽപ്പറഞ്ഞ കണക്കിൽ പെടുന്നില്ല. "സ്റേററ് സെക്യൂരിററി" സേനകൾ എന്ന പേരിലാണ് ഇവർ അറിയപ്പെടുന്നത്. ഇവക്കും സമ്പൂർണ്ണ യുദ്ധപരിശീലനം നൽകിയിട്ടുണ്ട്.

സോവ്യററ് യൂണിയൻ 5,00,000 പേർ ഉൾപ്പെട്ട 30 ഡിവിഷൻ പട്ടാളങ്ങളെ പൂർവ്വയൂറോപ്പിൽ നിർത്തിയിട്ടുണ്ട്. ഇതിൽ 22 ഡിവിഷൻ പൂർവ്വജർമ്മനിയിലാണ്. ബാക്കി പോളണ്ടിലും ഹംഗറിയിലും റുമേനിയായിലുമത്രേ. ഇതിനും പുറമേ 52 സോവ്യററ് ഡിവിഷൻ പശ്ചിമറഷ്യയിൽ, പോളണ്ട്, ചെക്കോസ്ലോവാക്യാ, ഹംഗറി, റുമേനിയാ എന്നീ രാജ്യങ്ങളുടെ അതിർത്തികൾക്ക് അടുത്തു നിലയുറപ്പിച്ചിട്ടുണ്ട്.

അങ്ങനെ, പശ്ചിമയൂറോപ്പിനെ പെട്ടെന്നാക്രമിക്കാൻ കഴിയുന്നത്ര അകലത്തിൽ 162 കമ്മ്യൂണിസ്റ്റ് പട്ടാളഡിവിഷനുകൾ നിലകൊള്ളുന്നു. നാറേറാ സേനകൾ ഉടൻ പ്രത്യാക്രമണം നടത്തുമെന്ന ഭീതിയാണ് കമ്മ്യൂണിസ്റ്റ് സേനകളെ ആക്രമണോദ്യമത്തിൽനിന്നു തടഞ്ഞുനിർത്തുന്നത്. 30 ദിവസത്തിനകം സോവ്യററുയൂണിയനും ഉപഗ്രഹരാജ്യങ്ങൾക്കുംകൂടി 400 ഡിവിഷൻ പട്ടാളങ്ങളെ സജ്ജമാക്കാൻ സാധിക്കുമെന്ന് സഖ്യകക്ഷി ഉദ്യോഗസ്ഥന്മാർ കണക്കാക്കുന്നു. ഇതിൽ പശ്ചിമറഷ്യയിൽനിന്ന കലെ റഷ്യക്കുള്ളിൽ സ്ഥിതിചെയ്യുന്ന 100 ഡിവിഷൻ സോവ്യററ് സൈന്യങ്ങളും സോവ്യററ് യൂണിയൻെറ വമ്പിച്ച റിസേർവു സേനകളും ഉൾപ്പെടും.

ഉപഗ്രഹരാജ്യങ്ങളിൽ പോളണ്ടിൻെറ സൈന്യമാണ് ഏററവും വലുത്. പ്രസ്തുത സൈന്യത്തിൽ 3,10,000 പേരുണ്ട്. മററു ഉപഗ്രഹരാജ്യങ്ങളുടെ പട്ടാളസംഖ്യ താഴെ ചേർക്കുന്നു: റുമേനിയാ 3,00,000; ബൾഗേറിയാ 2,50,000; ചെക്കോസ്ലോവാക്യാ 2.15,000; ഹംഗറി 2,00,000, പൂർവ്വജർമ്മനി 25.000, അൽബേനിയാ 45,000. ബൾഗേറിയയും ഹംഗറിയും റുമേനിയായും ഇത്രയധികം സൈന്യങ്ങളെ പുലർത്തുന്നതു, 1947 ഫെബ്രുവരി 10-ാംതീയതിയിലെ സമാധാനഉടമ്പടികളുടെ സ്പഷ്ടമായ ലംഘനമാണ്. ഈ ഉടമ്പടികൾപ്രകാരം ഈ രാജ്യങ്ങൾക്കു യഥാക്രമം 56,800-ം 65,000-ം 1,25,000-ം പട്ടാളക്കാരെ വച്ചുകൊള്ളുവാനേ അനുവാദമുള്ളു. എല്ലാ ഉപഗ്രഹരാജ്യങ്ങളിലെ പട്ടാളക്കാരെയും റഷ്യൻഭാഷ പഠിപ്പിച്ചിട്ടുണ്ട്. സോവ്യററു മാതൃകയിലുള്ള ആയുധങ്ങളാണ് അവർ ഉപയോഗിക്കുന്നത്.

ഉപഗ്രഹരാജ്യങ്ങളിലെ സൈന്യങ്ങളെ മോസ്കോ കൈയടക്കി വച്ചിരിക്കുന്നു എന്നതിനു പല തെളിവുകളുമുണ്ട്. ഏകദേശം 3000 സോവ്യററ് ഓഫീസർമാർ ബൾഗേറിയായിലെ മിലിററി യൂണിററുകളുടെ മേൽനോട്ടം വഹിക്കുന്നു. ബൾഗേറിയൻ രാജ്യരക്ഷാമന്ത്രി പീററർ പാഞ്ചേവ്സ്കി ഒരു സോവ്യററ് മേജർ ജനറലാണ്. അദ്ദേഹത്തിൻെറ ഡെപ്യൂട്ടി ആയ ജനറൽ സഖാരൊ സഖാറിയേവ് 1937 മുതൽ 1944 വരെ റഷ്യയിലെ സുപ്രീംസോവിയററിൽ അംഗമായിരുന്ന ഒരു റഷ്യൻ പൗരനത്രെ. ഉപഗ്രഹരാജ്യങ്ങളിലെ ഏററവും മികച്ച സൈനികോദ്യോഗസ്ഥൻ പോളണ്ടിലെ രാജ്യരക്ഷാമന്ത്രി കോൺസ്റ്റൻറിൻ റൊക്കോസോവ്സ്കിയാണ്. ഇദ്ദേഹത്തെ സോവ്യററുയൂണിയനാണ് നിയമിച്ചിരിക്കുന്നത്. റഷ്യൻ സൈന്യത്തിൽ 35 കൊല്ലത്തെ സർവ്വീസുള്ള ഒരു സോവ്യററ് മാർഷലാണിദ്ദേഹം. പോളിഷ് സൈന്യത്തിലെ ഉയർന്ന ഉദ്യോഗങ്ങളെല്ലാം സോവ്യററ് ഓഫീസർമാർക്കാണ് നൽകിയിരിക്കുന്നത്. റൊക്കോസോവ്സ്കിയുടെ അംഗരക്ഷകന്മാർ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട 18 റഷ്യൻ പട്ടാളക്കാരാണ്.

ഇപ്രകാരം യൂറോപ്പിനെ മുഴുവനും കൈയടക്കുന്നതിനു വേണ്ട സായുധസേനകളെ സ്വന്തമായും ഉപഗ്രഹരാജ്യങ്ങളുടെ പേരിലും സംരക്ഷിച്ചുപോരുകയും, ഏററം നവീനമായ യുദ്ധായുധങ്ങളും ആററംബോമ്പു മുതലായ സ്ഫോടകോപകരണങ്ങളും കണക്കില്ലാതെ സംഭരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന റഷ്യ വൻകിടരാഷ്ട്രങ്ങളെല്ലാം സൈന്യബലം കുറയ്ക്കണമെന്നും ബോമ്പുനിർമ്മാണം നിർത്തണമെന്നും സമാധാനാലോചനകളിൽ ഏർപ്പെട്ടു കഴിയണമെന്നും ലോകം മുഴുവനും സായുധശക്തിസംഭരണത്തെ സമാധാനപ്രസ്ഥാനത്തിൻെറപേരിൽ എതിർക്കണമെന്നും മുറവിളി കൂട്ടിയാൽ എന്താത്മാർത്ഥതയാണ് അതിലുള്ളത്. ലോകസ്വാതന്ത്ര്യത്തെ കമ്മ്യൂണിസ്റ്റ് റഷ്യക്കടിയറവയ്ക്കത്തക്കവണ്ണം സ്വതന്ത്രരാഷ്ട്രങ്ങൾ അനങ്ങാതിരുന്നുകൊള്ളണമെന്നു മാത്രമേ അവർ ഉദ്ദേശിക്കുന്നുള്ളു. ഈ പ്രചരണംകൊണ്ട്, എന്നുവേണം ബുദ്ധിപൂർവ്വം മനസ്സിലാക്കുവാൻ.

---

For favours received



Excuse me for the delay
Dominic Philip E.
Illiekamuryil house
Kanjirapally

---

ക, കത്തോലിക്കാ സാഹിത്യത്തെ പ്രചരിപ്പിക്കുക, പുസ്തകവണ്ടി പ്രദർശിപ്പിക്കുക ഇങ്ങനെ നീണ്ടു നീണ്ടു പോകും ലീജിയൻ പ്രവർത്തനങ്ങളുടെ പട്ടിക.

ആധുനികലോകത്തെ അഭിമുഖീകരിക്കുന്ന ഏററവും വലിയ പ്രശ്നം ആദ്ധ്യാത്മികമായിട്ടുള്ളതാണ്. ഇന്നു ലോകത്തിൽ നടക്കുന്ന ഏററവും വലിയ ചൂഷണം ആദ്ധ്യാത്മികചൂഷണമാണ്. സാമ്പത്തികപ്രശ്നങ്ങളുടെയും ജഡികമായ സുഖഭോഗങ്ങളുടെയും മറപിടിച്ചുകൊണ്ട് ഇന്നു ഭൗതികവാദം ആദ്ധ്യാത്മികതത്വത്തെ ചൂഷണം ചെയ്യുകയാണ്. ഈ ചൂഷണത്തിനെതിരായിട്ടാണ് ലീജിയൻ ഓഫ് മേരി സമരകാഹളമൂതിക്കൊണ്ടിരിക്കുന്നത്. ഈ മഹത്തായ സംഘടന നമ്മുടെ ഭാരതത്തിലും വിജയപ്രദമാംവണ്ണം പ്രവർത്തനം നടത്തുന്നുണ്ട്. സ്വതന്ത്രഭാരതത്തിൽ ഇതുപോലെയുള്ള സംഘടനകളാണ് ഇന്ന് കത്തോലിക്കാസഭയ്ക്ക് ഏററവും ആവശ്യമായിരിക്കുന്നത്. ലീജിയൻ ഓഫ് മേരിയുടെ രണ്ടു സെനാത്തുസുകൾ തന്നെ ഇന്ത്യയിൽ സ്ഥാപിതമായിക്കഴിഞ്ഞു. എന്നാൽ മരിയഭക്തിയുടെ മംഗളകേദാരമായി പരിലസിക്കുന്ന കേരളത്തിൽ ലീജിയൻ ഓഫ് മേരിക്ക് ഇനിയും വേണ്ടത്ര പ്രചാരം സിദ്ധിച്ചിട്ടില്ല എന്നുള്ളത് വളരെ ഖേദകരമായ ഒരു സംഗതിയാണ്.

അമലോത്ഭവനാഥയുടെ സംരക്ഷണയിലും നേതൃത്വത്തിലും മുന്നേറിക്കൊണ്ടിരിക്കുന്ന ലീജിയൻ ഓഫ് മേരി ഭാരതത്തിലെ എല്ലാ രൂപതകളിലും എല്ലാ ഇടവകകളിലും രൂപം കൊള്ളുകയും വിജയപൂർവ്വം പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ ഭാരതകത്തോലിക്കാസഭയുടെ ഭാവി ഭാസുരമായിരിക്കും.

---

# പൂമൊട്ടിനോട്

(എം. വി. ജോസഫ്, സാഹിത്യവിശാരദ്, ചമ്പക്കുളം)

(കേക)

പൊന്നുഷക്കാലത്തിനും മുന്നമീയാരാമത്തിൽ
വന്നുലാലസിക്കുമെന്നോമനക്കലികേ നീ,
മാമകോദ്യാനമഹാരാജമന്ദിരം തന്നി-
ലാമോദമേകും കൊച്ചുറാണിയായ് വിരാജിപ്പൂ.
മുള്ളുകൾനിറഞ്ഞൊരീവള്ളികൾക്കുള്ളിൽ താനോ
പള്ളികൊണ്ടതും നിൻെറ സൗന്ദര്യസത്തൊക്കെയും?
മഞ്ഞുനീർത്തുമുത്തണിഞ്ഞെന്നലോററനവധി
മഞ്ജുളമുകുളങ്ങൾ തോഴിമാരൊപ്പം നിന്നെ
നമ്രമാംശിരസ്സിനാൽ വന്ദനം ചെയ്തീടുന്നു
രമ്യമല്ലെന്നോർത്തുനിൻ ഗണ്യമാം ഗുണഗണം.
എങ്കിലും നിനക്കുള്ള മേന്മകൾ ക്ഷണികംതാൻ
ശങ്കയില്ലിന്നീദിനം കഴിഞ്ഞാൽ തീർന്നു സർവ്വം.
അഞ്ചിടുന്നു ഹാ! ചിത്തമായതു ചിന്തിക്കയാൽ
നെഞ്ചകം വിറയ്ക്കുന്നിതെൻ നേത്രപീയൂഷമേ.
സുന്ദരാകാരങ്ങൾതൻ ക്ഷിപ്രനാശത്തെക്കാട്ടും
സന്ദേശം വഹിക്കയോ മന്ദസ്മേരത്താൽ നീയും?
ഘടത്തിൽ ദീപംപോലെ നിന്നുള്ളിൽ തങ്ങും പ്രഭാ-
പടലം കാണ്മാനെത്ര ജീവികൾ കൊതിക്കുന്നു.
നീയൊന്നുവിരിഞ്ഞെന്നാൽ മാദകം മധുവുണ്ടു-
പോയിടാനവർക്കുള്ള പാടവം പാരം, പിന്നെ,
തൂമണംതുളുമ്പുന്ന തെന്നലിൽ കുളിക്കുവാൻ
കാമിതംമുഴുത്തവർ കാത്തുമങ്ങിരിക്കുന്നു.
അളിപാളികൾ സദാ ഝംകാരമുഖരത്തിനാൽ,
വെളിവായ് നമ്മോക്തികൾ ചുററിലുംമുഴക്കുന്നു.
കേവലം പുകഴ്ത്തലാം വാക്കുകൾ ശ്രവിക്കവേ
പാവനാത്മാക്കൾ നിങ്ങൾ പാവപോൽ വിധേയരാം
ഭാവിഭാവുകങ്ങളും ഭൃംഗരാജികൾ തവ-
ദേവലോകാനന്ദവും വാഗ്ദാനം ചെയ്യാംപക്ഷേ,
നീയതിൽമയങ്ങി, നിന്മാനസമലിഞ്ഞെന്നാൽ,
പോയി നിൻ പ്രതാപങ്ങൾ നാശവും ഭവിച്ചീടും.
ക്രൂരനാമിരുട്ടിൻെറ മക്കളെക്കരസ്പർശാൽ-
കീറിടും വില്ലീസിനെ വെന്നനിൻ ദളങ്ങളെ.
സ്വാർത്ഥികതാല്പര്യക്കാരാകുമാ മദാന്ധർക്ക്,
വ്യർത്ഥമായ്പ്പോകും നിൻെറ ജന്മത്തിൽ വ്യഥയില്ല.
കൂട്ടുകെട്ടൊപ്പംനിന്നു യാത്രനീ ചോദിക്കയോ?
മാപ്പിരക്കയോ നിൻെറ സാഹസപ്രവൃത്തിക്കായ്?
മാടിനീ വിളിക്കും നിൻ നാശത്തെ നിനച്ചു. "നീ
വിടരാതിരുന്നെങ്കിൽ" എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

---

# പുസ്തകാഭിപ്രായം

## "അമ്മേ, അച്ഛൻ"

(by വർഗ്ഗീസ് മേച്ചേരി. പ്രസാധകർ: ലിററിൽഫ്ളവർ ബുക്ക്സ്റ്റാൾ, കോളേജുറോഡ്, തൃശ്ശൂർ. പേജ് 52. വില 7 ണ)

"അമ്മ, അച്ഛൻ", "എടാ, നീയൊരു കമ്മ്യൂണിസ്റ്റാ", "കാരാഗൃഹത്തിൽ", "അറിയത്താതെ അറിയെത്തി" ഇങ്ങനെ നാലു ചെറുകഥകൾ. മൂന്നു സ്വതന്ത്രം; ഒന്നു ടോൾസ്റ്റോയിയുടേത്. ഇനിയുമുണ്ട് ഒരു ഹാസ്യഭാവന, "ഒട്ടൊക്കെ മക്കൾക്കാ" എന്ന ശീർഷകത്തിൽ.

ആകെക്കൂടി നോക്കിയാൽ, അകവും പുറവും ഒത്തിണങ്ങിയ ഒരു സമാഹാരമാണിത്. മഞ്ഞ "ച്ചട്ട"യിൽ മധുവേന്തുന്ന പുഷ്പങ്ങൾ സമാധാനത്തിൻേറയും സൗന്ദര്യത്തിൻേറയും ഈ ഒത്തുചേരൽ പുറത്തുമാത്രമല്ല; അകത്തുമുണ്ട്. മനസ്സമാധാനം കളയാതെ ഇപ്പുസ്തകം വായിച്ചുതീർക്കാം. എന്നുപറഞ്ഞാൽ ഗുണപാഠങ്ങൾ തിക്കിക്കൊള്ളിച്ച ഒരു "രസംകൊല്ലി"യെന്നു മനസ്സിലാക്കരുത്. ആസ്വദിക്കുവാനുള്ള വക ധാരാളമുണ്ട്.

ഓജസ്സുററ ശയ്യ ശ്രീ മേച്ചേരിക്കു വശമാണ്. സ്വതന്ത്രകഥകളിൽ പ്രത്യേകിച്ചും അതു തെളിഞ്ഞുനിൽപ്പുണ്ട്. എന്നാൽ, നൈസർഗ്ഗികതയ്ക്കു കോട്ടംതട്ടിയിട്ടുണ്ട് പലയിടത്തും. "നാച്ചുറാലിററി" ഇല്ലെങ്കിൽ ഓജസ്സും പ്രസാദവും മററും അസ്ഥാനത്തായെന്നു വരും. സംഭാഷണം കഥാപാത്രങ്ങളോടു ഇണങ്ങിച്ചേരുമ്പോൾ ലഭിക്കുന്ന സൗന്ദര്യം ഒന്നു വേറെ തന്നെയാണ്. കഥാകൃത്തു ഇടയ്ക്കു കയറി പ്രസംഗിക്കാതിരിക്കുകയാണു നന്ന്.

ശ്രീ മേച്ചേരിയുടെ തൂലികയിൽനിന്നു വടിവൊത്ത കഥാശില്പങ്ങൾ ഇനിയും വാർന്നുവീഴട്ടെ. അഭിനന്ദനങ്ങൾ; ആശംസകൾ.

(എസ്. ജെ. എം.)

---

"അനുകരണ തൈല"ങ്ങളിൽനിന്നും മററു വ്യാജച്ചരക്കുകളിൽനിന്നും രക്ഷപെടുന്നതിനുവേണ്ടി, നിങ്ങൾ വാങ്ങിക്കുന്ന കാളൻ'സ് ഔഷധങ്ങൾ പാക്കു ചെയ്തിട്ടുള്ള കുപ്പികളുടെ ഓരോ സൈഡുകളിലും മൂകളിലും കാണുന്ന ലേബലുകളിന്മേൽ ഈ ചിഹ്നമുണ്ടോയെന്ന് ശ്രദ്ധയോടെ പരിശോധിക്കുകയും, സാക്ഷാൽ "കാളൻ" സ്ഥാപനത്തെ കുറിക്കുന്ന ഈ മുദ്രയെ പ്രത്യേകം ഓർമ്മയിൽ വെക്കുകയും ചെയ്യുവിൻ.

N. B. ഇപ്പോൾ മലബാറിലുള്ള കാളൻ'സ് ഏജൻസികളുടെ വിലാസങ്ങളും "ആയുർവ്വേദസിദ്ധാന്തങ്ങളും രോഗികളുടെ അനുഭവങ്ങളും" (No. 2) അടുത്ത ലക്കത്തിൽ ഉണ്ടായിരിക്കുന്നതാണ്.

കാളൻ, നെല്ലായി

ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 6 (തുടർച്ച)

## ബറാബാസ്—രാജാവ്, മിശിഹാ

(വി. സി. ജോർജ് ബി. എ. എൽ.ററി.)

"ഭയങ്കരം, ഭയങ്കരം" എന്നു ബറാബാസ് രോഷാകുലനായി ശബ്ദിച്ചു. അയാളുടെ മുഖത്തെ രക്തമയം മാഞ്ഞുപോയിരുന്നു. എസ്രായുടെ ദുരനുഭവങ്ങളിൽ സഹതാപമോ അയാളുടെ മർദ്ദകന്മാരുടെ പേരിൽ തോന്നിയ വെറുപ്പും കോപവുമോ ഏതാണു ബറാബാസിനെ കൂടുതൽ ബാധിച്ചതെന്നു നിശ്ചയമില്ല.

"ഏതായാലും ഞാൻ നിങ്ങളുടെ പക്കൽ വന്നുചേർന്നല്ലോ. എല്ലാം ഭംഗിയാകും," മേലങ്കി മുമ്പിലത്തെപ്പോലെയിട്ടിട്ട് എസ്രാ പറഞ്ഞു. ബറാബാസിനു സമീപം തറയിലിരുന്നുകൊണ്ട് "പട്ടിണി കൊണ്ടു ചാകാറായി. നിങ്ങളുടെ പക്കൽ തിന്നാനുള്ള വക വല്ലതുമുണ്ടോ?" എന്നിങ്ങനെ അനന്തരം അന്വേഷിച്ചു.

"തനിക്കു തിന്നുവാൻ തരാം" ബറാബാസ് സമാധാനപ്പെടുത്തി. മഗ്ദാലായിൽവെച്ചു ബറാബാസ് പേരിനുമാത്രമേ ഭക്ഷണം കഴിച്ചുള്ളു. ബാക്കി കളയാതെ അനുയായികൾ ഒരു പൊതിക്കെട്ടിൽ സൂക്ഷിച്ചിരുന്നു. ഉണങ്ങി സ്വാദുകുറഞ്ഞ അപ്പവും പാകംപിഴച്ച മാംസക്കഷണങ്ങളും. എസ്രായ്ക്കിവ നൽകപ്പെട്ടു. അവൻ ആർത്തിയോടുകൂടി അകത്താക്കുകയും ചെയ്തു.

"ഇനി കേൾക്കട്ടെ, സംഗതികളെല്ലാം പറയൂ." എസ്രാ ഭക്ഷിച്ചുകഴിഞ്ഞപ്പോൾ ബറാബാസാജ്ഞാപിച്ചു.

റോമൻഭടന്മാർ തന്നെ ബന്ധനസ്ഥനാക്കിയതുമുതൽ ജീവച്ഛവമായി എലിയാസറിന്റെ ഗുഹയിങ്കൽ എത്തിയതുവരെയുള്ള സ്വന്തം അനുഭവങ്ങൾ എസ്രാ ചുരുക്കത്തിൽ വിവരിച്ചു. എലിയാസറിന്റെ ആതിഥ്യം മൂന്നുദിവസം സ്വീകരിച്ചിട്ടും നേതാവിനെ കാണാൻ സാധിക്കാഞ്ഞതിലുണ്ടായ ഇച്ഛാഭംഗവും അങ്ങുമിങ്ങും ചുററിസഞ്ചരിക്കുന്ന റോമൻഭടന്മാരാൽ വീണ്ടും ബന്ധനസ്ഥനായേക്കുമെന്നു ഭയന്നു അനുഭവിച്ച അസ്വാസ്ഥ്യവും ബാറാബാസിനെ അന്വേഷിച്ചു കണ്ടുപിടിക്കുവാൻ തീരുമാനിച്ചു പുറപ്പെട്ടതും വിവരിച്ചശേഷം എസ്രാ സമാപിപ്പിച്ചു: "ബാറാബാസെ, തന്നെക്കൂടാതെ രക്ഷാമാർഗ്ഗമൊന്നുമില്ല. താൻ എന്റെകൂടെ ഉള്ളപ്പോൾ മാത്രമേ റോമന്മാർ നമ്മിൽ ഏല്പിക്കുന്ന ഓരോ അടിയും ആയിരമിരട്ടിയായി തിരിച്ചുകൊടുക്കാമെന്നുള്ള ബോധം എനിക്കുണ്ടാകുന്നുള്ളു."

ഈ സ്തുതിഗീതത്തിൽ മതിമയങ്ങി ബറാബാസ് തലകുലുക്കി. നസ്രായനിൽനിന്നുണ്ടായ പരിഭവത്തിനുശേഷം ഈ പ്രശംസ സ്ഥാനസ്ഥിതമായി അയാൾ പരിഗണിച്ചു. പെട്ടെന്നു ഒരു സ്ഥാനഗൗരവം ബറാബാസ് നടിച്ചു. ഈശോയുടെ കൈ ബറാബാസിന്റെ തോളിൽ വെച്ചിരുന്ന സമ്പ്രദായത്തിൽ ബറാബാസ് സ്വന്തം കൈ എസ്രായുടെ തോളിൽ കൃത്രിമമായ അധികാരഭാവത്തോടുകൂടി വച്ചു. ഈ പ്രകടനത്തിനിടയിൽ തന്റെ കരം ബലിഷ്ഠവും ലോമശവുമാണെന്നു മുമ്പുണ്ടായിട്ടില്ലാത്തവിധത്തിൽ ബറാബാസിനു ബോദ്ധ്യമായി.

"എസ്രാ, കാലമാകുമ്പോൾ ഭീകരമായ പ്രതികാരം നാം ചെയ്യുകതന്നെ വേണം. ആ കാലം വരുത്തുവാൻ താൻതന്നെ വളരെ ചെയ്യേണ്ടതായിട്ടുണ്ട്. തന്റെ പാടുകളും വ്രണങ്ങളും താൻ എല്ലാവരേയും കാണിക്കണം. ഇവ കണ്ടിട്ട് ഈ പട്ടികൾക്കെതിരായി ക്ഷുഭിതരാകാത്ത യഹൂദർ, യഹൂദരല്ല."

ബറാബാസ് ഇത്രയും പറഞ്ഞശേഷം അവിടെ സ്വല്പനേരത്തേക്കു നിശ്ശബ്ദതയായിരുന്നു. ബറാബാസ് സംഭാഷണചതുരനായിരുന്നില്ല. ഇസ്രായേൽ ആസകലം റോമന്മാർക്കെതിരായി അണിനിരക്കുന്ന ഒരു ദിവസം ഉണ്ടാകുമെന്നു പലപ്പോഴും അയാൾ പറയുന്നതു് അനുയായികൾ കേട്ടിരുന്നു. എസ്രാ സംഭാഷണം തുടർന്നു: "യൂദാ പാളയത്തിലെത്തിയ വർത്തമാനം താനറിഞ്ഞോ? ഞാൻ പുറപ്പെട്ട ദിവസം അയാൾ അവിടെവന്നു."

"ഞാൻ അതിൽപ്പിന്നെ സഞ്ചാരത്തിലായിരുന്നുവല്ലോ. വിശുദ്ധ നഗരത്തിൽ എന്തെല്ലാം ചെയ്തുവെന്നയാൾ തന്നോടു പറഞ്ഞുവോ?"

"അയാൾ വളരെയധികം പണം കൊണ്ടുവന്നു; ധനസഹായം ചെയ്യാമെന്നുള്ള ധാരാളം വാഗ്ദാനങ്ങളും. കൂടാതെ, ഈ പ്രവാചകന്റെ പിറകെ പോകാനൊരുങ്ങുന്നതിനുമുമ്പ് താനറിയേണ്ടിയിരുന്ന വിവരങ്ങളും യൂദാ ഗ്രഹിച്ചു. നസ്രായൻ ഈശോയുടെ കാര്യം വേഗത്തിൽ അവസാനിക്കും. പുരോഹിതവൃന്ദം ഈശോയ്ക്കെതിരാണ്. വിപ്ലവകാരിയായ ജനനേതാവ്, ദൈവദൂഷകൻ എന്നീ നിലയിൽ അവർ അയാളുടെ കഥ കഴിക്കുകതന്നെ ചെയ്യും. അയാളെ കുററവിസ്താരത്തിനു വിധേയനാക്കുവാനാണവരുടെ ശ്രമം. ബറാബാസ്, താൻ അയാളെ കണ്ടിട്ടുണ്ടോ?"

കുറെ സംശയിച്ചശേഷം ബറാബാസ് പറഞ്ഞു: "ഞാൻ കണ്ടിട്ടുണ്ട്, സംസാരിച്ചിട്ടുമുണ്ട്."

"ആളിനെപ്പററി തന്റെ അഭിപ്രായമെന്താണ്?"

"പുരോഹിതന്മാരുടെ അഭിപ്രായം ഒരുവിധത്തിൽ ശരിതന്നെ. അയാൾ ഒരു ജനനേതാവാണ്. അയാൾ ശാന്തതയും, സഹനവും പ്രസംഗിക്കുന്നു, ശത്രുക്കളെ, റോമന്മാരുൾപ്പെടെ, സ്നേഹിക്കുവാൻ അനുയായികൾക്കു കല്പനനൽകുന്നു. എന്നാൽ ഈശോ ഒരു ദൈവദൂഷകനാണോ അല്ലയോ എന്നുള്ള കാര്യം എനിക്കു നിശ്ചയമില്ല. മതകാര്യങ്ങളെപ്പററി ചിന്തിച്ചു തല പുണ്ണാക്കുന്ന സ്വഭാവം എനിക്കില്ലെന്നറിയാമല്ലോ. എന്നാൽ അയാൾ സമർത്ഥനായ ഒരു മായാവിയാണെന്നുള്ളതു തീർച്ചയാണ്. അയാൾ ഒട്ടുവളരെപ്പേർക്കു രോഗശാന്തി നൽകിയിട്ടുണ്ട്. മരിച്ചവരെ ഉയിർപ്പിച്ചിട്ടുമുണ്ട്. ഗലീലി മുഴുവനും അയാളെ പുകഴ്ത്തുന്നു. അയാൾക്കു വമ്പിച്ച ഒരനുയായിവൃന്ദവുമുണ്ട്. ആ മനുഷ്യൻ വേണ്ടവഴിക്കല്ലാ നടക്കുന്നതെന്നുള്ള കാര്യം കഷ്ടമാണ്. അയാൾമൂലം നമുക്കു വളരെ ഗുണം കിട്ടുമായിരുന്നു......"

ബറാബാസ് സംസാരിക്കുകയിൽ എസ്രാ ഒരു ദുഷിച്ച മുഖഭാവം പ്രകടിപ്പിച്ചു; അയാളുടെ കണ്ണുകൾ കോപാഗ്നിയിൽ തിളച്ചു. അനന്തരം അയാൾ കർക്കശസ്വരത്തിൽ പറഞ്ഞു: "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, കൊള്ളാം ഈ സ്വരം ഞാനും കേട്ടിട്ടുള്ളതാണ്. ഇതുകൊണ്ടൊന്നും കാര്യങ്ങൾ പുരോഗമിക്കുകയില്ല. വെറുപ്പ്, ഊനമില്ലാത്ത വെറുപ്പ്, അതാണു നമുക്കാവശ്യം. കൈയിൽകിട്ടുന്ന റോമന്മാരെയെല്ലാം കൊന്നൊടുക്കിയില്ലെങ്കിൽ നമ്മുടെ കാര്യം തുലഞ്ഞതുതന്നെ."

ഈ വികാരാവേശം ബറാബാസിനു സംതൃപ്തികരമായി. നസ്രായൻ ഈശോയുമായി കണ്ടുമുട്ടിയതുസംബന്ധിച്ച് തനിക്കു ബലക്ഷയം സംഭവിച്ചതായി അനുയായികൾ ധരിച്ചുവെങ്കിൽ ആ ധാരണ നീക്കുവാൻ ഒരവസരം കിട്ടി. അനുയായികളുടെ മുമ്പിൽ വെച്ച് തന്റെ പ്രവർത്തനപരിപാടികളൊന്നും ചർച്ചചെയ്യുക ബറാബാസിന്റെ മുറയായിരുന്നില്ല. എങ്കിലും ഉച്ചാരണവിഷയമാകാതിരുന്ന അവരുടെ ചോദ്യങ്ങൾക്കു മറുപടി അവർ കേൾക്കുന്നതു നന്നായിരിക്കുമെന്ന് അയാൾ ഇപ്പോൾ ചിന്തിച്ചു. തുടർന്നു ബറാബാസ് ഇപ്രകാരം സംസാരിച്ചു: "എസ്രാ, താൻ പറഞ്ഞതു ശരിയാണ്, ഒന്നാംതരം ശരിയാണ്. തല്ക്കാലത്തേക്കു പീഡകരുടെ ചെറുസംഘങ്ങളെ, നാട്ടിൻപുറങ്ങളിൽക്കൂടി സഞ്ചരിക്കുന്ന അമ്പതാൾദളങ്ങളെ കൊന്നൊടുക്കാം. പിന്നീട് മൊത്തത്തിൽ വേണ്ട വിപ്ലവത്തിനു സമയം നിശ്ചയിക്കാം. വിശുദ്ധ നഗരത്തിലും റോമന്മാർ കോട്ടകൊത്തളങ്ങൾ ഉറപ്പിച്ചു താമസിക്കുന്ന എല്ലാ സ്ഥലങ്ങളിലും ഏകകാലത്തു ആക്രമിക്കേണ്ടതാണാവശ്യം. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇസ്രായേൽ സ്വതന്ത്രയാകും. സൈന്യങ്ങളാസകലം, ഉദ്യോഗസ്ഥന്മാരെല്ലാം, ഭേദനാചാരമില്ലാത്ത പരിഷ മുഴുവനും, ഒന്നുപോലും ശേഷിക്കാതെ, ഒടുങ്ങിക്കഴിഞ്ഞ കഥ ടിബർതീരത്തെ ആ ശപിക്കപ്പെട്ട പട്ടണത്തിൽ അറിയിക്കുവാൻപോലും ഒരു റോമൻ ശേഷിക്കുകയില്ല."

ശ്വാസവേഗതയോടുകൂടി ബറാബാസ് മൗനം അവലംബിച്ചു. എസ്രായും അവിടെയുണ്ടായിരുന്ന മററനുയായികളും ഉത്സാഹത്തള്ളലിൽ മതിമറന്നു ബറാബാസിന്റെ അഭിപ്രായം ശ്രദ്ധാപൂർവ്വം കേട്ടിരുന്നു. വർദ്ധമാനമായ കോപത്തിനു് വാഗ്രൂപേണ ഒരു നിർഗ്ഗമനമാർഗ്ഗം കണ്ടതോടുകൂടി സ്വന്തം അനുയായികൾക്ക് തന്റെ പേരിലുണ്ടായിരുന്ന വിശ്വാസം പുനഃസ്ഥാപിതമായിയെന്നുള്ള കൃതാർത്ഥതയും ബറാബാസ് സമ്പാദിച്ചു. മഗ്ദാലായിൽവെച്ചു സംഭവിച്ച ആ ക്ഷണികമായ ബലക്ഷയം വിസ്മൃതപ്രായമായി; അല്ലാ, വിസ്മൃതം തന്നെയായി.

രാത്രികഴിക്കുവാൻ ഇടംതേടിപ്പോയവർ തിരിച്ചുവന്നപ്പോഴേക്കും മൂവന്തികൂടി. അവർ സ്ഥലം കണ്ടുപിടിച്ചു. വള്ളിപ്പടർപ്പുകൾക്കിടയിൽക്കൂടി ബറാബാസ്, എസ്രാ, മുതലായവരെ ഒരു ഗുഹയിലേക്ക് നയിക്കുകയും ചെയ്തു. ഭക്ഷണസാധനങ്ങൾ അന്വേഷിച്ചുപോയവർക്കു വഴികാണിക്കുവാൻ വേണ്ടി ഒരാൾ കാത്തുനിന്നു. ഗുഹയുടെ മുമ്പിൽ അടുപ്പുകൂട്ടി അതിൽ തീ എരിയുന്നുണ്ടായിരുന്നു. വഴികാട്ടി അധികസമയം അവിടെ തനിയെ നില്ക്കേണ്ടിവന്നില്ല. യുവാവും കൂട്ടുകാരും തിരിച്ചെത്തി. അവർ കൊന്ന മൂന്നാടും ധാരാളം അപ്പവും പാൽക്കട്ടിയും കൊണ്ടുവന്നു. ഈ വിഭവങ്ങളോടുകൂടി അവർ ഗുഹയിങ്കലെത്തി അക്ഷമരായി പ്രതീക്ഷയിൽ കഴിഞ്ഞ ബറാബാസാദിയായവരുമായി കണ്ടു. ആടുകളുടെ തൊലിയുരിഞ്ഞു ശരിപ്പെടുത്തി പൊരിക്കുവാൻ ഏതാനും ആളുകൾ വ്യാപൃതരാകുകയിൽ അപ്പത്തിന്റെയും പാൽക്കട്ടിയുടെയും വിതരണം മുറയ്ക്കു നടന്നു. മാംസം പാകപ്പെടുവാൻ ക്ഷുദാർത്തരായ ഈ സഞ്ചാരിവൃന്ദം ആർത്തിയോടുകൂടി കാത്തിരിക്കേണ്ടിവന്നു.

എന്നാൽ ഭക്ഷണം ഒരുങ്ങുന്നതിനുമുമ്പ് ഗദധാരികളായ അഞ്ചാളുകൾ ശിബിരാഗ്നിക്കു സമീപം ദൃശ്യമായ പ്രകാശവലയത്തിലേക്കു ചാടിവീണു. ആട്ടിൻതോലണിഞ്ഞ്, ജടപിടിച്ച കേശവും മീശയുമായി പ്രത്യക്ഷപ്പെട്ട ആ ഭീമാകാരർ ബറാബാസിന്റെ കവർച്ചക്കാരെക്കാളധികം ക്രൂരന്മാരായി തോന്നി. അവരിൽ മുമ്പൻ വിജയസ്വരത്തിൽ പറഞ്ഞു: "അതാ ജംബുകർ, അടിക്കിൻ! അടിക്കിൻ!"

അവർ എന്തെങ്കിലും ചെയ്യുന്നതിനുമുമ്പ് ഉറയില്ലാത്ത ഒരു കുറുവാളുമായി ബറാബാസ് ചാടിയടുത്ത്, "നിങ്ങൾക്കെന്തുവേണം? നിങ്ങൾ ആരാണ്" എന്നു ചോദിച്ചു.

"നിങ്ങൾ കട്ടുകൊണ്ടുപോന്ന ആടുകളെ കിട്ടണം."

"അതാ, അവയെ അവിടെ പൊരിക്കുന്നു. കൊണ്ടുപൊയ്ക്കോ" ശാന്തമായി ബറാബാസ് സംസാരിച്ചു. ഇതോടുകൂടി ബറാബാസിന്റെ ആളുകൾ ആലസ്യം ഉപേക്ഷിച്ച്, ആയുധങ്ങളെടുത്തു തയ്യാറായി. തങ്ങളെക്കാൾ നാലിരട്ടി ആൾബലമുള്ള പ്രതിയോഗികളെ അഭിമുഖീകരിച്ചപ്പോൾ ആട്ടിടയന്മാരുടെ ആക്രാമകഭാവം തെല്ലൊന്നു ശമിച്ചു. നേതാവ് മൃദുതരമായി സംസാരിച്ചു: "നിങ്ങൾ ആലപൊളിച്ചു ഞങ്ങളുടെ ആടുകളെ കട്ടുകൊണ്ടുപോരികമാത്രമല്ല, കൂടാരത്തിലുണ്ടായിരുന്ന അപ്പവും പാൽക്കട്ടിയുമെല്ലാം അപഹരിക്കുകയും ചെയ്തു. കടുംകവർച്ച!"

ബറാബാസ് പൊട്ടിച്ചിരിച്ചു. "ഒരു പക്ഷെ അങ്ങനെ ആവാം. ഞാനാരാണെന്നു് നിങ്ങൾക്കറിയാമോ?"

"ഇല്ല."

"നിങ്ങൾ എന്റെ പേരു് കേട്ടിട്ടുണ്ടാവും. ഞാനാണ് ബറാബാസ്." ഇടയന്മാരുടെ നേതാവ് നിശ്ശബ്ദനായി. അയാളും കൂട്ടുകാരും ഗദകൾ താഴ്ത്തി.

ബറാബാസ് സംതൃപ്തനായ ഭാവത്തിൽ സംസാരിച്ചു: "ഈ ഭാഗങ്ങളിൽ എന്റെ പേരു് അജ്ഞാതമല്ലല്ലൊ!"

"ജോർഡാനും മരുഭൂമിക്കും മദ്ധ്യേയുള്ള അജപാലകരുടെ പീഡകനാണ് നിങ്ങൾ എന്നറിഞ്ഞിട്ടുണ്ട്." അയാൾ പുറംതിരിഞ്ഞു ഓടിപ്പോകുവാൻ ഭാവിക്കുകയായിരുന്നു.

"സ്നേഹിതൻ പറഞ്ഞതു നന്നായി. പക്ഷെ അതിൽ സ്വല്പം അതിശയോക്തിയുണ്ട്. ഞാൻ പല അജപാലകരുമായി മൈത്രീബന്ധത്തിൽ, ഗാഢമായ മൈത്രീബന്ധത്തിൽ, കഴിയുന്നു. അവർ ഇടയ്ക്കിടെ അവരുടെ പററങ്ങളിൽനിന്നു് ഏതാനും ആടുകൾ എനിക്കു തരുന്നു. ഞാൻ എന്റെ പരിരക്ഷണത്തിൽ അവരെ സ്വീകരിക്കുകയും ചെയ്യുന്നു. ഇനിയും, ഞാൻ അജപാലകഗണത്തിന്റെ പീഡകൻ ആണെന്നുവന്നാൽതന്നെയും, ആരുടെ കുററംകൊണ്ടാണങ്ങനെ സംഭവിക്കുന്നതെന്നറിയാമോ?"

ആട്ടിടയൻ ജടപിടിച്ച തല കുലുക്കിയതേയുള്ളു. തന്റെ സംസാരശക്തി ഈ ഇടയന്മാരുടെ മേൽ പ്രയോഗിക്കാമെന്നു ബറാ

(ശേഷം 3-ാംപേജിൽ)

(12-ാംപേജ് തുടർച്ച)

രോ അവസരത്തിൽനിന്നും ഉണ്ടാകാവുന്നതിന്റെ പരമാവധിഫലം നിങ്ങൾ അനുഭവിക്കണം. അതിനുവേണ്ടി ഉറച്ചു മുന്നോട്ടു പോകുക.

വിദ്യാർത്ഥികളായിരിക്കുമ്പോൾ കിട്ടുന്ന നല്ല പുസ്തകങ്ങളെല്ലാം വായിക്കുക. നല്ലവരെന്നു തോന്നുന്നവരുടെയെല്ലാം സ്നേഹം സമ്പാദിക്കുക. ഏല്ക്കാവുന്ന ജോലികളും ചെയ്യാവുന്ന സേവനങ്ങളും ഒന്നും നഷ്ടമാക്കരുത്. "ഓ നാളെ സമയം കിട്ടിയാലതു ചെയ്യാം" എന്ന ചിന്താഗതി നിങ്ങളിൽ വളർത്താതിരിക്കണം. നമ്മെ കടന്നുപോകുന്ന ഓരോ നിമിഷവും കഠിനവും പ്രയോജനപ്രദവുമായ പ്രവൃത്തികളാൽ നിറഞ്ഞവയായിരിക്കണം. അപ്പോൾ നിങ്ങൾക്കു വ്യക്തിത്വമുണ്ടായി. നിങ്ങൾക്ക് സ്ഥാനമുണ്ടായി. നിങ്ങൾക്കു പകരം മറെറാരു വ്യക്തി പോരാത്ത അവസ്ഥ വന്നുചേരുന്നു. ജീവിതം, സുഖവും സംതൃപ്തിയും നിങ്ങൾക്ക് നൽകിക്കൊണ്ടിരിക്കയുമായി.

നിങ്ങൾ ആ കൊച്ചു ചുണ്ടങ്ങാക്കിളികളെപ്പോലെ പ്രസരിപ്പോടെ കുതിച്ചു മുന്നോട്ടു് നിങ്ങളുടെ ജോലികളുമായി പോകൂ. വ്യക്തിത്വം തുളുമ്പുന്ന—ചൈതന്യമൂറുന്ന മനുഷ്യരത്നങ്ങളായി വളരൂ.

സ്നേഹപൂർവ്വം നിങ്ങളുടെ
സ്വന്തം കുഞ്ഞമ്മാവൻ.



Reg. M. No. 2293

# Sathya Deepam

Vol. 28 Ernakulam June 15 1955 No. 42




# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്കു് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

വിശുദ്ധ ഡോൺബോസ്കോയുടെ "ഓററ്ററി" എന്നറിയപ്പെടുന്ന ഒരുതരം ബോർഡിങ്ങുകൾ കുട്ടികളുടെ നല്ല പരിശീലനത്തിനുവേണ്ടി വിശുദ്ധൻ സ്ഥാപിച്ചു നടത്തിയിരുന്ന കാലത്താണു് ഡോമിനിക്ക ഒരു ബാലനായി വിദ്യാഭ്യാസം ആരംഭിക്കുന്നതു്. ഡോമിനിയുടെ പിതാവു് കുഞ്ഞിനെ ഫാദർ ജോൺബോസ്കോയുടെ ഓററ്ററിയിലേക്കു കൊണ്ടുപോയി. ഡോൺബോസ്കോ ബാലൻെറ കഴിവുകളെ പരീക്ഷിച്ചു നോക്കി. മിടുമിടുക്കൻ. പഠനത്തിനു സമത്ഥൻ. നല്ല വിനയശീലം. ദൈവഭക്തി. സന്തോഷത്തോടുകൂടി ഫാദർ ഡോൺബോസ്കോ ഡോമിനിയെ ഓററ്ററിയിൽ സ്വീകരിച്ചു. "മുളയിലറിയാം മുളക്കരുത്തു്." ഡോമിനിയുടെ സ്വഭാവഗുണങ്ങൾ നിങ്ങളിലുണ്ടോ എന്നു സ്വയം ഒന്നു പരിശോധിക്കുക. ഇല്ലെങ്കിൽ അവ ഓരോന്നും ഉണ്ടാക്കുവാൻ ശ്രമിക്കുക. ഡോമിനിയെ അനുകരിക്കുക.

വല്യേട്ടൻ




## 26-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

1. ചെടിയിന്മേൽ ഉള്ള ഇല = 3
   പറന്നുവന്നിരുന്ന പക്ഷികൾ = 4
2. ഞാൻ വാങ്ങിയ നാരങ്ങ = 22

## പ്രശ്നം നമ്പ്ര് 27

(എം. സി. വറീതു് എരവിമംഗലം. വയസ്സ് 15)

ഞാനൊരു വഴികാട്ടിയാണു്. എന്നോടു് എല്ലാവക്കും വലിയ സ്നേഹവും ബഹുമാനവുമാണു്. എൻെറ പേരിനു നാലക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം ദിവസത്തിലുണ്ടു്, ദിനത്തിലില്ല; രണ്ടാമത്തെ അക്ഷരം നീത്യവൃത്തിയിലുണ്ടു്, അഹോവൃത്തിയിലില്ല; മൂന്നാമത്തെ അക്ഷരം മദിനായിലുണ്ടു്, മെക്കായിലില്ല; നാലാമത്തെ അക്ഷരം അനുതാപത്തിലുണ്ടു്, അനുരാഗത്തിലില്ല. എൻെറ പേരു പറയാമോ?


(ഉത്തരം അടുത്തതിൽ)

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

മുററത്തിനരികത്തു് പൂത്തുനില്ക്കുന്ന അരളിയിലേക്കൊന്നു നോക്കൂ. ഒരു കൂട്ടം ചുണ്ടങ്ങക്കിളികൾ അതിൽ തത്തിക്കളിക്കുന്നതു കാണുക. എത്ര പ്രസരിപ്പോടെയാണാക്കിളികൾ പാടിച്ചാടി തത്തിപ്പറന്നു് തേനുണ്ടു് ചലിക്കുന്നതു്. കുറച്ചുനേരം ആ കിളികൾ അനങ്ങാതിരിക്കുന്നതു് എപ്പോഴെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ. ഉണ്ടാവില്ല, ആ പക്ഷികളുടെ ശീലമേ അതല്ല. അരുമയായ കൊച്ചുകിളികൾ.

സന്ധ്യാസമയത്തു് വേലിപ്പത്തലിൽ അനങ്ങാതിരിക്കുന്ന മറെറാരു കൂട്ടരുണ്ടു്. കണ്ണുംമിഴിച്ചു് അലസമായങ്ങനെ മണിക്കൂറുകൾ വേണമെങ്കിലും ആ വേലിപ്പത്തലിൽ ഇരുന്നുകൊള്ളും. നത്തുകൾ.




"നമ്മുടെ ആ ഔസേപ്പച്ചൻ നത്തിനെപ്പോലാണു്. വെറുതെ ഒരിടത്തിരുന്നോളും" എന്നു് ചുമ്മാ ഇരുപ്പുകാരെപ്പററി ചിലർ അഭിപ്രായം പറയാറുള്ളതു് നിങ്ങളും കേട്ടുകാണും.

കുഞ്ഞുങ്ങൾ നത്തിനെപ്പോലിരിക്കാനോ ചുണ്ടങ്ങാക്കിളികളെപ്പോലെ പ്രസരിപ്പോടെ ജീവിക്കാനോ ഇഷ്ടപ്പെടുന്നതെന്നു ഉടനെ തീരുമാനിച്ചുകൊള്ളുക.

ഒരാഫീസിൽ ജോലിയുണ്ടായിരുന്ന ഒരന്തോണിയെക്കുറിച്ചൊരു കഥയുണ്ടു്. അന്തോണി അയാളുടെ ജോലിയിൽ താല്പര്യമൊട്ടും കാണിച്ചിരുന്നില്ല. എങ്ങിനെയെങ്കിലും ഓഫീസ് സമയം കഴിക്കുക എന്നേ അയാൾക്കുണ്ടായിരുന്നുള്ളു. ഇങ്ങനെയൊരാളാഫീസിലുണ്ടെന്നുപോലും അധികം പേരും വകവെച്ചിരുന്നില്ല. അങ്ങിനെയൊരു ദിവസം അന്തോണി മരിച്ചു. അവിടെ സ്വാഭാവികമായി ഒരൊഴിവുംവന്നു. ആ സ്ഥാനം കിട്ടാൻ അനവധിപേർ അപേക്ഷിച്ചു. ചിലർ നേരിട്ടു് ഓഫീസ് മാനേജരെക്കണ്ടു് അന്തോണിയുടെ സ്ഥാനത്താളെ വെച്ചോ എന്നു ചോദിച്ചു. മാനേജർ അവരോടു് പറഞ്ഞതു് "അന്തോണി അവിടെ ഒരൊഴിവുണ്ടാക്കിയിട്ടേ ഇല്ല" എന്നാണു്.

വൃഥാ അലസനായി ഒന്നുമൊന്നും താല്പര്യത്തോടെ ചെയ്യാതിക്കാതെ സമയം കഴിച്ചുകൂട്ടിയ അന്തോണിയെപ്പോലെയുള്ള ഒരാളെ ആക്കും ആവശ്യമില്ലല്ലോ. അതാണന്തോണി ഒരു ഒഴിവു് ഉണ്ടാക്കിയിട്ടേ ഇല്ലാ എന്നു് മാനേജർ പറഞ്ഞതു്. നിങ്ങളും നിങ്ങളുടെ ജോലി അന്തോണിയെപ്പോലെ അലസമായാണോ ചെയ്യുന്നതു്? നത്തിനെപ്പോലെ ഒരിടത്തു അനങ്ങാതിരിക്കയാണോ നിങ്ങൾ ചെയ്യുന്നതു്? അങ്ങിനെയാണെങ്കിൽ നിങ്ങളെയും ആളുകൾ അന്തോണിയെപ്പോലെ മാത്രമേ കരുതുകയുള്ളു.

200 കോടി ആളുകൾ ലോകത്തിലുണ്ടെങ്കിൽ 200 കോടിയിൽപ്പെട്ട ഓരോ വ്യക്തിക്കും ഒരു വ്യക്തിത്വം ഉണ്ടു്. ഒരാൾ പോയാൽ അതിനു പകരം അതുപോലെ മറെറാരാളെ കിട്ടാൻ വിഷമമാകണം. ഓരോരുത്തരും അവരവരുടെ മുമ്പിൽ വരുന്ന അവസരങ്ങളെ ചൊറുചൊറുക്കോടെ വിനിയോഗിച്ചുകൊള്ളുക. നിങ്ങൾക്കു് നിങ്ങളുടേതായ പ്രത്യേക കഴിവുകൾ ലോകത്തിൽ ഉണ്ടാകുന്നതാണു്. മഹാത്മജിയെപ്പോലെ മറെറാരു മഹാത്മാവോ, എഡിസണെപ്പോലെ മറെറാരു എഡിസണോ ഇല്ല. ശ്രീ നെഹ്റുവിനെപ്പോലെ മറെറാരാളില്ല. അതുപോലെ നിങ്ങളെപ്പോലെ മറെറാരാൾ ഉണ്ടാകയില്ല. രൂപം കൊണ്ടല്ല, കഴിവുകൾകൊണ്ടു്.

കുഞ്ഞുങ്ങൾ നിങ്ങളുടെ മുന്നിൽക്കൂടി വരുന്ന ഓരോ അവസരവും പൂണ്ണമായി വിനിയോഗിക്കുക. ഒരു ചെറുനാരങ്ങ കിട്ടിയാൽ അതിൻെറ നീരെല്ലാം ഒരു തുള്ളിപോലും ശേഷിക്കാതെ ഞെക്കിപ്പിഴിഞ്ഞെടുക്കുംപോലെ. ഓ

(ശേഷം 11-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1